# വായന

(ഒരു വിദ്യാഭ്യാസപ്രശ്നം)

694
3139

(S. I. E.)

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ കേരളം.

PRINTED AT
THE PRESS RAMSES,
TRIVANDRUM.

# ആമുഖം

വായന എന്ന ഈ ലഘുഗ്രന്ഥം, Reading-a challenge എന്ന പേരിൽ നാഷണൽ കൌൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രയിനിംഗ് (N. C. E. R. T) ഡെൽഹിയിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തെ ഉപജീവിച്ചു തയ്യാറാക്കിയിട്ടുള്ളതാണ്. വായന എന്ന പ്രക്രിയയുമായി ഏററവും ബന്ധപ്പെട്ട അംശങ്ങൾ മാത്രമേ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ഇതിലുള്ള ആശയങ്ങൾക്കു മുകളിൽ പറഞ്ഞ ഇംഗ്ലീഷു പുസ്തകത്തോടുള്ള കടപ്പാട് രേഖപ്പെടുത്തുകയും ആശയാനുവാദത്തിനു സദയം സമ്മതം തന്ന നാഷണൽ കൌൺസിലിനോടുള്ള കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

ഡയറക്ടർ.

# ഉള്ളടക്കം


1. വായനയെപ്പററി ഒരു വിചിന്തനം
2. വായനയിൽ വരാവുന്ന വൈഷമ്യങ്ങൾ
3. വായനയ്ക്കു വേണ്ട പ്രാപ്തി
4. പാഠ്യപദ്ധതിയിൽ വായനയ്ക്കുള്ള സ്ഥാനം
5. വിദ്യാർത്ഥിയും വായനയും
6. വായന എന്ന പ്രക്രിയ
7. വായനയുടെ പ്രാരംഭം
8. വായനാസന്നദ്ധത
9. വായന പഠിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ
10. നല്ലൊരു വായനാപാഠം
11. വായന ആശയഗ്രഹണം
12. മൂല്യനിർണ്ണയം

# വായനയെപ്പററി ഒരു വിചിന്തനം

ഒരു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വായിച്ചു മനസ്സിലാക്കുക എന്നതാണ് വായനയുടെ ലക്ഷ്യം. വായിക്കുന്ന പദങ്ങൾ തിരിച്ചറിയുവാനും അവയുടെ അർത്ഥം ഗ്രഹിക്കുവാനും ആദ്യം സാധിക്കണം. കൂടാതെ ഓരോ വാക്യത്തിന്റെ അർത്ഥവും അതിനെത്തുടർന്നുവരുന്ന വാക്യങ്ങളുമായുള്ള ബന്ധവും ഗ്രഹിച്ചേ തീരൂ. ഗ്രന്ഥകാരന്റെ ആശയങ്ങൾ ഗ്രഹിക്കുന്ന വാചയിതാവ് അഥവാ അനുവാചകൻ ഗ്രഹിച്ച ആശയങ്ങളിൽ ചിലവയെ ഉൾക്കൊള്ളുവാനോ പലതും മറക്കുവാനോ ഈ പാഠന (വായന) പ്രക്രിയയിൽ ബോധപൂർവം ശ്രദ്ധിക്കുന്നുമുണ്ട്.

ഗ്രഹിക്കാതുള്ള വായന 'തത്തമ്മാ പൂച്ചപൂച്ച' എന്ന മട്ടിലുള്ള ആവർത്തനം മാത്രമേ ആവുകയുള്ളൂ. അർത്ഥം ഗ്രഹിക്കാതിരിക്കുകയും, അക്ഷരങ്ങളും പദങ്ങളും കാണുകയും പറയുകയും ചെയ്യുന്നതാണ് അർത്ഥഗ്രഹണമില്ലാത്ത വായന. വായിച്ചു ഗ്രഹിക്കുന്ന ആശയങ്ങൾ ജീവിതത്തിൽ ഉപയോഗപ്രദമാകുന്നതിനു പുറമേ ജീവിതവൈഷമ്യങ്ങൾ പരിഹരിക്കുവാനും ജീവിതം കൂടുതൽ സുഖപ്രദമാക്കുവാനും നല്ല പൗരന്മാരായിത്തീരുവാനും ഉപകരിക്കും.

തനിക്കും അന്യർക്കും പ്രയോജനപ്പെടത്തക്കവണ്ണം വായന നടത്താം. തനിക്കുമാത്രമേ പ്രയോജനപ്പെടുന്നുള്ളുവെങ്കിൽ അതു് മൗനവായനയും അന്യർക്കു പ്രയോജനപ്പെടത്തക്കവണ്ണം ഉറക്കെ വായിക്കുന്നെങ്കിൽ അതു് ശ്രാവ്യവായനയുമാണ്.

അന്യർ വായിക്കുന്നതു കാണുമ്പോൾ ശിശുവിനും വായിക്കുവാനുള്ള ഔത്സുക്യം ഉണരും. നൂതനാശയങ്ങൾ ഗ്രഹിക്കുവാനും പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും പരസഹായം കൂടാതെതന്നെ വായനവഴി കൂടുന്നു എന്നു കാണുമ്പോൾ വായനയിലേക്കുള്ള താത്പര്യം പിന്നെയും കൂടും.

ജ്ഞാനസമ്പാദനത്തിനും ആനന്ദത്തിനും, ആസ്വാദനത്തിനും വായന സഹായകമാണ്, ലോകകാര്യങ്ങൾ ഗ്രഹിക്കുവാനും പുതിയ പുതിയ

അറിവുകളിലേക്ക് കടന്നുചെല്ലുവാനും വായന ഉപകരിക്കും. നല്ല പാഠനശീലം സമസ്ത വിവേചനത്തിനും സത്യാന്വേഷണത്തിനും ജീവിതത്തെപ്പററിയുള്ള കാഴ്ചപ്പാടിന്റെ സമുത്കർഷത്തിനും ഉതകുന്ന രാജമാർഗ്ഗമാണ്. ഇത്രയും പ്രയോജനങ്ങൾ വായനകൊണ്ട് സാധിതമാകണമെങ്കിൽ അതിനുവേണ്ടി സ്വീകരിക്കുന്ന സമ്പ്രദായങ്ങളും പ്രയത്നവും ലഘുവായിരുന്നാൽ പററുകയില്ല.

അക്ഷരോച്ചാരകഭാഷയായ മലയാളത്തിൽ അക്ഷരംകൂട്ടി വായിക്കുന്ന സമ്പ്രദായം അഥവാ അക്ഷരോപക്രമണരീതി പററുമെന്നു പഴമക്കാർ പറയാറുണ്ട്. അതാണ് ഏററവും നല്ലതെന്നും അവർ വാദിച്ചുകേട്ടിട്ടുണ്ട്. അത് എത്രമാത്രം സാധൂകരിക്കാമെന്നു ചിന്തിക്കേണ്ടതായിരിക്കുന്നു. അക്ഷരമക്ഷരമായി വായിക്കുന്നതുകൊണ്ട് അതായത് അക്ഷരംകൂട്ടി വായിക്കുന്നതുകൊണ്ട് വായന മന്ദഗതിയിലായിപ്പോകും എന്നൊരു ന്യൂനത ഇതിനെപ്പററി പറയാറുണ്ട്. ഓരോ അക്ഷരമായി വായിക്കുവാനാണ് കുട്ടി മുതിരുന്നത്. പദോപക്രമണ രീതിയിലായാൽ കൂടുതൽ വേഗത്തിൽ വായിക്കുമെന്നമെച്ചമുണ്ട്. താൻ പഠിച്ചിട്ടില്ലാത്ത വാക്ക് എങ്ങനെ വായിക്കണമെന്ന് കുട്ടിക്കറിവില്ല. ഒരു വാക്യത്തിൽ വാക്കു പ്രയോഗിച്ചിരിക്കുന്ന സന്ദർഭത്തിൽ നിന്നു അർത്ഥം മനസ്സിലാക്കിയെന്നുവരാം. പക്ഷേ തെററു പററാനിടയുണ്ട്. അതിനാൽ പദത്തിന്റെ പൂർണ്ണരൂപം മാത്രമല്ല, അക്ഷരങ്ങളും അക്ഷരസമൂഹങ്ങളുംകൂടി തിരിച്ചറിവാൻ കുട്ടി കഴിവുള്ളവനാകണം. (പദത്തിന്റെ പൂർണ്ണരൂപം നോക്കിവായിക്കുന്നതാണ് വേഗതയ്ക്കുവഴി കൂട്ടുന്നത്.) പദത്തിന്റെ പൂർണ്ണരൂപം പ്രദർശിപ്പിച്ച് വായിക്കുവാൻ ആവശ്യപ്പെടുക. കുട്ടി പദംനോക്കി വായിക്കുകയും, പാഠം കേൾക്കുകയും ചെയ്യുന്നു. പദരൂപം എഴുതാൻ പ്രാപ്തനാകുമ്പോൾ പദരൂപം നോക്കിയിട്ട ഉച്ചരിച്ചുകൊണ്ടു അതെഴുതുന്നു. എഴുതിക്കഴിഞ്ഞശേഷം അയാളുടെ മുമ്പിൽ പ്രദർശിപ്പിച്ച പദരൂപത്തിനൊക്കുന്നോ എഴുതിക്കഴിഞ്ഞരൂപം എന്നു പരിശോധിക്കുന്നു. പദം കണ്ടും കേട്ടും പാഠത്തും എഴുതിയും അഭ്യസിക്കുന്നു. എല്ലാ രീതിയിലും പഠിക്കുന്ന കുട്ടി ഇവയിൽ രണ്ടോ മൂന്നോ മാർഗ്ഗങ്ങളിൽകൂടി പദം പഠിക്കുന്ന കുട്ടിയെക്കാൾ എളുപ്പത്തിലും ശരിയായും പദം പഠിക്കുന്നു.

പദത്തിന്റെ അർത്ഥം ഗ്രഹിച്ചില്ലെങ്കിൽ വേണ്ടുന്ന സന്ദർഭത്തിൽ പദം ഓർത്തുവരുകയില്ല. പദത്തിന്റെ രൂപമറിയാം. അത് എഴുതാനും കഴിയും. അതിന്റെ അർത്ഥം എന്തെന്നു ചോദിച്ചാൽ ഉത്തരം കിട്ടുകയില്ല.

ഏതെല്ലാം പദരൂപത്തിന്നു ഏതെല്ലാം പദങ്ങളെന്നും അറിയുകയില്ല. ഇന്നു പഠിച്ചതു് നാളെ മറന്നേക്കും. അതുകൊണ്ടു് ശരിക്കു അർത്ഥം ഗ്രഹിപ്പിച്ചേ പദം അവതരിപ്പിക്കാവൂ. വായിക്കണമോ അർത്ഥം ഗ്രഹിക്കണം. കൂടാതെ പദം സ്വന്തം വാക്യത്തിൽ ഉപയോഗിക്കുവാനും സംഭാഷണത്തിൽ ഉപയോഗിക്കുവാനും കഴിഞ്ഞിട്ടേ അച്ചടിച്ച പുസ്തകത്തിലെ പദം വായിപ്പിക്കാവൂ.

പല പദങ്ങൾ പഠിക്കുന്നതോടു കൂടി കുട്ടിക്ക ബോദ്ധ്യമാകും ചില പദങ്ങളിൽ ചില സദൃശാംശങ്ങൾ ഉണ്ടെന്നു. ചിലപ്പോൾ തല, തറ എന്നിവയിലെപ്പോലെ തുടങ്ങുന്നതു ഒരേ അക്ഷരത്തിലാവാം. വാനരം, മരം എന്നിവയിലെപ്പോലെ അവസാനിക്കുന്നതും ഒരേ അക്ഷരത്തിലാകാം. മററു ചിലപ്പോൾ തരം, താരം; പാറ, പറ; കൂലം, കുലം എന്നവയിലെപ്പോലെ ഒരു കുനിപ്പോ ദീർഘമോ ആയിരിക്കും വ്യത്യാസം വരുത്തുന്നതു്. അദ്ധ്യാപകൻ ഇത്തരം പദങ്ങൾ ഒന്നിനൊന്നു താഴെയായി പട്ടികയായി എഴുതുമ്പോൾ കുട്ടികൾ സാദൃശ്യവും വൈസാദൃശ്യവും ഉള്ള ഭാഗങ്ങൾ നോക്കിക്കാണും. അദ്ധ്യാപകൻ സാമ്യങ്ങളും വ്യത്യാസങ്ങളും പറഞ്ഞു കൊടുക്കാതിരിക്കുകയും അദ്ധ്യാപകന്റെ ചോദ്യത്തിന്നനുസരണമായി അവയെ കുട്ടി കണ്ടുപിടിക്കുകയും ചെയ്യുമ്പോൾ പഠനം മെച്ചപ്പെടുന്നു.

വായന നടത്തുവാൻ കഴിവുള്ളവനായിത്തീരുന്നതു് പദങ്ങൾ മുഴുവനായി വീക്ഷിക്കുകയും ഒരു പദത്തിനും മറെറാരു പദത്തിനും തമ്മിലുള്ള വ്യത്യാസം കാണ്മാൻ കഴിവുണ്ടാകയും അതേ പദം മറെറാരു വാക്യത്തിലും കാണാൻ കഴിയുകയും സാമ്യവ്യത്യാസങ്ങൾ കേൾക്കുകയും. കാണുകയും വാക്യത്തിൽ പ്രയോഗിച്ചിട്ടുള്ളതിൽ നിന്നോ ചിത്രത്തിൽ പ്രയോഗിച്ചിട്ടുള്ളതിൽ നിന്നോ അർത്ഥം ഗ്രഹിക്കുകയും പദം താൻ കേട്ടതോ ഉപയോഗിച്ചതോ ആണെന്നു ബോദ്ധ്യപ്പെടുകയും അതു് ഉച്ചരിക്കുകയും ചെയ്യുമ്പോഴാണു്. അക്ഷരങ്ങളെ ഒന്നിച്ചു് ഒന്നിലധികം പദങ്ങളിൽ കാണുമ്പോൾ ഉച്ചാരണം ശീഘ്രഗതിയിലായിത്തീരും.

| | | | | |
|---|---|---|---|---|
| ഉദാ:— | ഇല | ഇച്ച | മരം | ആചാരം |
| | തല | ഇറ | മല | വിചാരം |

പദപഠനം കൂടുതൽ ഫലപ്രദമാകുന്നതിന്നു നൂതനപദം കുറഞ്ഞതു് രണ്ടുതരത്തിലെങ്കിലും ഉപയോഗിക്കണം. 1. പഠിച്ച പദമോ അക്ഷരമോ വരുന്ന ധാരാളം കഥകളോ വാക്യങ്ങളോ വായിക്കുക. 2. അറിയാവുന്ന

അക്ഷരങ്ങളും പദങ്ങളും ഉപയോഗിച്ച് എത്രയെങ്കിലും പദങ്ങളും വാക്യങ്ങളും എഴുതാൻ കഴിയുക. അങ്ങനെ പദത്തിന്റെ രൂപത്തെയും ആശയത്തെയും പററി കുട്ടി അറിവുള്ളവനായിത്തീരുന്നു. പരിശീലനം കൊണ്ട് കാലക്രമത്തിൽ പദത്തിന്റെ രൂപവും ആശയവും ഒന്നിച്ചു കുട്ടിയിൽ രൂഢമൂലമായിത്തീരുന്നു. യാതൊരു വിഷമവും കൂടാതെ രൂപം കണ്ടമാത്രയിൽ ആശയവും ഗ്രഹിക്കാൻ സാധ്യമാകുന്ന ഘട്ടമാണിത്.

എല്ലാ കുട്ടികളും ഒരേ വേഗത്തിലാണോ വായന ശീലിക്കുക? ചിലർ അതിവേഗത്തിൽ വായനയ്ക്കു കഴിവുള്ളവരായിത്തീരുന്നു. ചിലർ വളരെപ്പതുക്കെമാത്രം വായനയ്ക്കു പ്രാപ്തരാകുന്നു. മററു ചിലരുടെ സ്ഥിതി ഇവ രണ്ടിനും മദ്ധ്യേയും. വളരെ പിന്നോക്കം നിൽക്കുന്നവർക്കു വേണ്ടുന്ന വേഗതയിൽ ബോധനം നടത്തിയാൽ മററുള്ളവർക്കു വളരെ എളുപ്പമായിരിക്കും പാഠം. സാധാരണവേഗമുള്ളവർക്കു വേണ്ടി ബോധനം ശരിപ്പെടുത്തിപ്പോയാൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കു വിഷമം നേരിടും. ഈ പിന്നോക്കക്കാരിൽ കുറേപ്പേർ ഒന്നാം കൊല്ലത്തിൽ തന്നെ പഠിത്തം നിറുത്തി പോകുന്നവരുള്ള 40% പേരിൽ ഉൾപ്പെട്ടവരാണ്.

ഇന്നു അക്ഷരരൂപം ഗ്രഹിക്കാൻ പ്രയാസമാണെങ്കിൽ നാളെ അക്ഷരം ചേർന്നുവരുന്ന പദങ്ങൾ ഗ്രഹിക്കുവാൻ തീർച്ചയായും പ്രയാസം കാണുമല്ലോ. പഠനം വാസ്തവത്തിൽ പടിപ്പടിയായാണ് നടക്കുക. ഓരോ പടിയും ഉറച്ചില്ലെങ്കിൽ പടി തെററി വീണതു തന്നെ. അതുകൊണ്ട് ഓരോ പടിയിലും ഓരോ ഘട്ടത്തിലുമുള്ള സംശയങ്ങളും കുഴപ്പങ്ങളും പരിഹരിച്ചിട്ടു മുമ്പോട്ടു പോകുന്നതാണ് ഉത്തമം. ഓരോ കുട്ടിക്കും ഉണ്ടാകാവുന്ന പോരായ്മകളും വൈഷമ്യങ്ങളും പരിഹരിച്ചു മുന്നോട്ടുപോയാൽ കുട്ടിക്കുവായനയിൽ വിജയം സുനിശ്ചിതമാണ്. ഇന്നത്തെ വിദ്യാലയങ്ങളിലെ ക്ലാസ്സുകളിൽ 40-ം, 50-ം, കുട്ടികളെ ഒന്നിച്ചിരുത്തിക്കൊണ്ട് വൈയക്തികമായി ശ്രദ്ധ ചെലുത്തുവാൻ സാധ്യമല്ലതന്നെ. പിന്നെ എന്താണ് പരിഹാരമാർഗ്ഗം? പഠന (വായന)ത്തിനു വേണ്ടുന്ന നൈപുണ്യങ്ങൾ കൈവരിക്കുന്നതിനു പററിയ ഒരു ക്രമീകൃതപദ്ധതി ഉൾക്കൊള്ളുന്ന ഒരു പാഠ്യപുസ്തകം ഉണ്ടാക്കുന്നതു പ്രയോജനം ചെയ്യാതിരിക്കുകയില്ല.

പദം പഠിക്കുന്നതിനു വേണ്ടുന്ന നൈപുണ്യങ്ങൾ എന്തൊക്കെയാണ് എന്നു ചിന്തിക്കാം. മൂന്നുതരം അഭ്യാസങ്ങൾ അഥവാ പ്രവർത്തനങ്ങളാണ് അതിലേക്കു യോജിച്ചത്.

1. സംപൂർണ്ണ പദരൂപത്തെ വിവേചിച്ചറിയൽ 1. പലയിനം പദങ്ങൾ കലർത്തിക്കൊടുത്തിട്ട് നിർദ്ദിഷ്ടപദം തിരഞ്ഞെടുക്കുക.

i. വള തള മാല വള പന തല
മാല മല വാള വള വല മാല

ii. വാക്യത്തിൽ പദം തിരിച്ചറിയുക,

തരുക/ മാല എവിടെ?
വള തരുക.
രമ വരും.

iii ഒരേ അക്ഷരത്തിൽ തുടങ്ങുന്ന പദക്കൂട്ടത്തിൽ നിന്നും പദം തിരഞ്ഞെടുക്കുക.

വള/ വല, വള, വളം വട്ടി
തല/ തറ തല, താളം, തള

iv ഒരേ അക്ഷരത്തിൽ അവസാനിക്കുന്ന പദങ്ങളിൽനിന്നു കണ്ടറിയുക.

വള/ തള, വിള വള കള
തറ/ മറ പറ വറ തറ

v പദത്തിന്റെ ഒരംശം അതു് ഉൾപ്പെട്ട പദങ്ങളിൽനിന്നും കണ്ടറിയുക.

വരണം/ വര ഞവര വരണം
കടല/ കടല കടലാസ് കമലം

vi ഒരേ നീളമോ ആകൃതിയോ ഉള്ള പദങ്ങളിൽ നിന്നു തിരിച്ചറിയുക.

പലക/ വരക വാടക പലക
മണം/ പണം മണം ഫണം

vii പദത്തിലുള്ള ഒരക്ഷരം ഉൾപ്പെട്ട മററു പദങ്ങളുടെ കൂട്ടത്തിൽ നിന്നും പദം തിരിച്ചറിയുക.

കമലം/ കലം കാലം കമലം
കിളി/ കിളരം കിളി വിളി

ഒരു വാക്യം പൂരിപ്പിക്കാൻ ശരിയായ വാക്കുവെയ്ക്കുക.

—കറുത്തു (മാനം, ഇല)

ചെടിഇന്നലെ —(താണു, വാടി)

(2) പദാംശാപഗ്രഥനം:

അക്ഷരോച്ചാരണമോ അക്ഷരരൂപമോ സ്വയം തിരിച്ചറിയാൻ പ്രാപ്തിയുണ്ടാക്കുക എന്നു ലക്ഷ്യം നേടിക്കഴിഞ്ഞാൽ അക്ഷരമോ, അക്ഷരസമൂഹമോ പദാംശമോ കുട്ടി തിരിച്ചറിയുമെന്നു ധരിക്കാം.

അപ്പോൾ ഒരേ അക്ഷരമോ, ഒരേ ഉച്ചാരണമുള്ള പദാംശമോ വരുന്ന രണ്ടു പദം ചൊല്ലുക. അതുകൂടി ശ്രദ്ധിച്ചുകേട്ടു ചൊല്ലട്ടെ. സാമ്യമുള്ള അംശംമാത്രം തിരിച്ചറിഞ്ഞ് അംശം എടുത്തുചൊല്ലട്ടെ. അതു സാദ്ധ്യമാകുന്നുവെന്നു തീർത്തറിഞ്ഞാൽ രണ്ടു പദരൂപത്തിലും നോക്കട്ടെ. ഒരേ ഉച്ചാരണമുള്ള അംശം ഇന്നതാണെന്നു നോക്കിക്കാണട്ടെ. ഇങ്ങനെ വ്യഞ്ജനങ്ങളും സ്വരങ്ങളും സ്വരാംശംചേർന്ന വ്യഞ്ജനങ്ങളും വായനയ്ക്കുള്ള പുസ്തകത്തിൽ നിന്നും പഠിക്കണം. ലിപിയും ഉച്ചാരണവും ധരിക്കുന്നതോടുകൂടി അക്ഷരരൂപം എഴുതുവാനുള്ള പ്രാപ്തിയും ഉണ്ടാക്കണം. കേട്ട അക്ഷരങ്ങൾക്കുള്ള ലിപി രൂപങ്ങൾ ധരിച്ചു കഴിഞ്ഞാൽ എഴുത്ത് എളുപ്പമാണ്. തുടന്ന് അക്ഷരങ്ങൾ ചേർത്തു പദം രചിക്കുകയും ചെയ്യും.

അക്ഷരമോ പദാംശമോ ഗ്രഹിക്കാൻ ചുവടെ കൊടുത്തിട്ടുള്ള മട്ടിലുള്ള അഭ്യാസങ്ങൾ പ്രയോജനപ്പെടും.

1. ഒരു കൂട്ടം അക്ഷരങ്ങളിൽനിന്നും പ്രത്യേകാക്ഷരം തിരിച്ചറിയുക.

ത/ ല റ ന ത ര ണ

വ/ ട പ ഫ ഖ വ ബ

ii പദാംശം പദക്കൂട്ടത്തിൽ കണ്ടെത്തുക

വര/ ഞവര, തകരം, വരണം

iii. പദാംശം ഒരു വാക്യത്തിൽ കണ്ടുപിടിക്കുക.

നട്ടു: നെല്ല് പറിച്ചു നട്ടു

ചുട്ടു: ദോശ ചുട്ടു കഴിഞ്ഞു.

iv ഒരംശം വാക്യത്തിൽ ചേർക്കുക.

രമ മാങ്ങ—പ്പെട്ടനു.

3. പദത്തിന്റെ അർത്ഥഗ്രഹണം

പദത്തിന്റെ രൂപം ഗ്രഹിക്കുന്നതോടുകൂടി അർത്ഥവും ഗ്രഹിക്കണമല്ലോ. പദം ഉൾപ്പെട്ട വാക്യം വായിച്ച് പദത്തിന്റെ അർത്ഥം പറയാൻ കുട്ടികൾക്കു കഴിയണം. അനേകം പദം കാണിച്ചു പ്രത്യേകാർത്ഥമുള്ള പദം വായിക്കാൻ ആവശ്യപ്പെടുമ്പോൾ കുട്ടികൾ അതു വായിക്കുവാൻ കഴിയണം. പട്ടി എന്ന പദമാണു കാണിക്കേണ്ടതെന്നു വിചാരിക്കുക. കുരയ്ക്കുന്ന മൃഗം ഏതു? അല്ലെങ്കിൽ വീടു സൂക്ഷിക്കുന്ന മൃഗം ഏതു? എന്ന ചോദ്യമാകാം. പദം ഗൃഹം ആണെന്നിരിക്കട്ടെ. അതു എങ്ങനെയുണ്ടാക്കാം? എങ്ങനെ അതിനു ഭംഗിവരുത്താം. തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കാം. ഗൃഹം എന്ന പദത്തിന്റെ ആശയം വിപുലമാക്കാൻ പക്ഷി എലി തുടങ്ങിയവയുടെ താമസസ്ഥലങ്ങളുടെ പേരു ചോദിക്കാം. വീടിന്റെ ആവശ്യകത പറയിക്കാം മററു പദങ്ങളുടെ അർത്ഥവുമായി താരതമ്യം ചെയ്യുവാനും കഴിവുണ്ടാക്കണം.

1. വീട്ടുമൃഗം (വിപരീതപദം)
2. വീട്ടിൽ വളർത്തുന്ന മൃഗങ്ങൾ (വർഗ്ഗീകരണം)
3. പശുവിനും കുതിരയ്ക്കുമുള്ള സാമ്യം (താരതമ്യം)
4. താമസിക്കുവാനുള്ള സ്ഥലം എന്നർത്ഥം വരുന്ന പദം—ഗൃഹം. (പര്യായം)
5. കാള, പൂച്ച, കോഴി, ആട് എന്നിവയ്ക്കു പൊതുവായി നല്കാവുന്നപേര് (സാമാന്യവൽകരണം)

ഒരു പ്രത്യേകപദം ഒരു പ്രത്യേക സന്ദർഭത്തിൽ ഉപയോഗിക്കുവാനുള്ള കാരണവും ഒരു പദത്തിനുപകരം മറെറാരുപദം വച്ചാലുള്ള അർത്ഥവ്യത്യാസവും ഗ്രഹിപ്പിക്കുന്നതും നന്ന്.

ഉദാ: 1. ഞാൻ സ്കൂളിൽ പോകുമായിരുന്നു.
എനിക്കു സ്കൂളിൽ പോകാമായിരുന്നു.

2. അരി ഇല്ലാത്തതുകൊണ്ടു ഗോതമ്പു ഭക്ഷിക്കുന്നു. (ഇല്ലേ ഇല്ല)
അരികിട്ടാത്തതുകൊണ്ട് ഗോതമ്പു ഭക്ഷിക്കുന്നു. (കിട്ടുന്നില്ല)

പദങ്ങൾ വാക്യങ്ങളിൽ പ്രയോഗിച്ചും അർത്ഥഗ്രഹണം സാധ്യമാക്കാം.

വായിച്ച ഭാഗത്തുള്ള വിവരങ്ങൾ എടുത്തുപറയുവാനും ആശയം ഗ്രഹിക്കുവാനും വായിച്ചഭാഗം ആസ്വദിക്കുവാനും വായിച്ചഭാഗത്തെപ്പററി തീരുമാനത്തിലെത്തുവാനും ചുരുക്കിപ്പറയുവാനും ഉദാഹരിക്കുവാനും ഓർക്കുവാനുമൊക്കെ വായിക്കുന്ന കുട്ടിക്കു കഴിവുണ്ടാകണം. വായിക്കുന്നതിനു പല ലക്ഷ്യങ്ങളുമാവാം. ചിലപ്പോൾ പ്രധാനാശയംഗ്രഹിക്കുകയാവും ലക്ഷ്യം. പല വിവരങ്ങൾ ഗ്രഹിക്കുവാനാണെന്നിരിക്കട്ടെ ഉന്നം; അപ്പോൾ വീണ്ടും വായിക്കണം. ഒരു കഥാപാത്രത്തിന്റെ മനോഗതി മാറുന്നതു കണ്ടുപിടിക്കാൻ ഒരിക്കൽ കൂടി വായിക്കാം. അങ്ങനെ ഉദ്ദേശ്യാനുസരണം വായന ആവർത്തിച്ചു നടത്തേണ്ടിവരും. ഓരോ ഉദ്ദേശ്യം നേടുവാൻ ഓരോരിക്കൽ വായിച്ചുപറവ എന്നർത്ഥം.

ചിന്തിക്കുവാനും ചിന്തിച്ച് ഉത്തരം പറയുവാനുമാണ് വായന കഴിഞ്ഞ് കുട്ടിയെ പ്രേരിപ്പിക്കേണ്ടത്. പലവിധത്തിൽ ചിന്തിപ്പിക്കാം. കഥാഗതി എങ്ങനെയാകാം? കഥാപാത്രത്തിനു എങ്ങനെ സ്വഭാവവ്യത്യാസം വരുത്താം? പാഠത്തിനു മറെറാരു തലക്കെട്ടു നൽകാം? ഗുണപാഠമെന്ത്? ഒരു കഥാപാത്രത്തിന്റെ പ്രവൃത്തി സാധൂകരിക്കത്തക്കതാണോ? ആ സ്ഥാനത്ത് താനാണെങ്കിൽ എന്തുചെയ്യും? ഇത്തരം ചോദ്യങ്ങൾ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന വയാണ്.

വായനയെ പാഠ്യപദ്ധതിയുമായി എങ്ങനെ ബന്ധിക്കാം?

ആരോഗ്യത്തെ സംബന്ധിച്ച കഥകളും ഗണിതപരമായ കഥകളും ജന്തുകഥകളും മററും കുട്ടി വായിക്കുന്നതുകൊള്ളാം. കുട്ടി കൂടുതൽ ഗ്രഹി

കഥനമെന്നുകണക്കിൽ അവയെപ്പററി പറയുന്ന ഗ്രന്ഥങ്ങൾ എടുത്തുനൽകി വായിപ്പിക്കാം. പാഠംതന്നെ വിദ്യാലയത്തിലെ മററു വിഷയങ്ങളുമായി ബന്ധിപ്പിച്ചു പഠിപ്പിക്കാം.

കുട്ടികളുടെ വിജ്ഞാനം വർദ്ധിക്കുവാനും അവർക്കു അറിയാവുന്നതു പ്രയോഗിക്കുവാനും അവർക്കു നേടാൻ കഴിഞ്ഞ സിദ്ധികൾക്കു മൂർച്ച കൂട്ടുവാനുമാണു് പ്രത്യേക പരിപാടികൾ പ്രയോജകീഭവിക്കുന്നതു്. അവയിൽ പലതും കുട്ടികൾ സ്വയം ചെയ്യാവുന്നവ മാത്രമാണു്. അത്തരം പ്രവർത്തനങ്ങൾ കുട്ടികൾക്കുവേണ്ടി സംവിധാനം ചെയ്തുകൊടുക്കണം. പാഠ്യവസ്തുവിൽ രസം ജനിപ്പിക്കുവാൻ അതുമായി ബന്ധപ്പെട്ട കുഞ്ഞിക്കവിതകളോ ലഘുഗ്രന്ഥങ്ങളോ കൂടി കുട്ടിക്കു നല്കുന്നതു കൊള്ളാം.

വായനയിലുള്ള പുരോഗതി മനസ്സിലാക്കുവാൻ ഉചിതങ്ങളായ ചോദ്യങ്ങൾ അദ്ധ്യാപകൻ നല്കണം. പാഠം ഗ്രഹിച്ചോ എന്നറിയാനും ചോദ്യങ്ങൾ വേണ്ടതാണു്. കുട്ടി സ്വയം വായിക്കാൻ കുതുകിയാണോ എന്നറിയാനും ഒരു കഥയോ വിവരണമോ വായിക്കുമ്പോൾ സമ്പൂർണ്ണമായ ശ്രദ്ധ അതിലാണോ എന്നു മനസ്സിലാക്കുവാനും അദ്ധ്യാപകൻ ശ്രദ്ധവയ്ക്കണം. മാത്രമല്ല കുട്ടി എഴുതുന്ന വിവരണങ്ങളിലും കഥകളിലും മററും വാക്യരീതി, ആശയം, പദപ്രയോഗം, എന്നിവയിൽ വളർച്ചയുണ്ടോ എന്നും പരിശോധിക്കണം. ഇത്രയുമൊക്കെ കാര്യങ്ങളിൽ കുട്ടിക്കു പുരോഗതി ഉണ്ടെന്നുകണ്ടാൽ കുട്ടിയുടെ വായനയ്ക്കു അഭിവൃദ്ധി ഉണ്ടായി എന്നു ന്യായമായി ഊഹിക്കാം.

---

## 2

## വായനയിൽ വരാവുന്ന വൈഷമ്യങ്ങൾ

ശരിയായി അനുക്രമീകരിച്ച പദാവലിയുടെ അടിസ്ഥാനത്തിലല്ല പാഠ്യപുസ്തകങ്ങൾ ഇന്നു രചിക്കപ്പെട്ടിട്ടുള്ളതു്. വായ്മൊഴിയിൽ കണ്ടുവരുന്ന വാക്യസ്വരൂപങ്ങൾ (വാക്യമാതൃകകൾ) ഏവയെന്നു ശരിയായ വിവരമില്ല.

പ്രായം, സ്ത്രീപുരുഷഭേദം ബുദ്ധി, സാമൂഹ്യസാമ്പത്തികനില എന്നിവയ്ക്കനുസൃതമായി വാക്യമാതൃകകൾ, എത്രമാത്രം വ്യത്യാസപ്പെടുന്നുവെന്നു് അറിവില്ല.

പല പ്രായത്തിൽ കുട്ടികൾ ഉപയോഗിക്കുന്ന വാക്യമാതൃകകൾ ഗ്രന്ഥങ്ങളിൽ വരുന്നുണ്ടോ എന്നു അറിഞ്ഞു കൂടാ.

വായ്മൊഴിയിലുള്ള വാക്യമാതൃകകളും മൗനവായനയിൽ കൂടിയുള്ള ഗ്രഹണവും തമ്മിലുള്ള ബന്ധവും പരിചിന്തിച്ചു കാണുന്നില്ല.

### വായന പഠിപ്പിക്കുന്ന രീതികൾ

പദോപക്രമ രീതിയിലാണു് ഇന്നു വായന പഠിപ്പിക്കുന്നതു്. അക്ഷരോച്ചാരക ഭാഷയായ മലയാളത്തിനു ഇതിന്റെ ആവശ്യമില്ലെന്നും ഓരോ അക്ഷരമായി അവതരിപ്പിക്കുന്നതിൽ തരക്കേടില്ലെന്നും പറയുന്നവരുണ്ടു്. ഒന്നാം ക്ലാസ്സിൽ വന്നു ചേരുന്ന കുട്ടിക്കു വളരെയധികം പദങ്ങളും വാക്യമാതൃകകളും പരിചിതമായിട്ടുണ്ടു് എന്ന വസ്തുതയും കണക്കിലെടുക്കേണ്ടതായുണ്ടു്. പുതിയ പദമൊഴിച്ചുള്ള വസ്തുക്കൾ നേരത്തെ അറിയാമായിരുന്നെങ്കിൽ വായനയിൽ കുട്ടിക്കു സാമർത്ഥ്യം നേടാൻ എളുപ്പം കഴിയും. നിയന്ത്രിതമായ പദശേഖരംകൊണ്ടു് രചിച്ച പാഠാവലി പഠിപ്പിക്കുവാൻ എളുപ്പമാണു്. അറിയാവുന്ന പഴയ പദങ്ങളുടെ ചുവടുപിടിച്ചു് പുതിയ പദം പഠിപ്പിക്കാം. കഥ ഒന്നുവായിച്ചു്, വായിച്ചതിനെ ആസ്പദമാക്കി പഠനവും ചർച്ചയും നടത്തുന്നെങ്കിൽ ഖണ്ഡികാസ്വരൂപം, വാക്യസ്വരൂപം, കഥാഘടന, വ്യാകരണകാര്യങ്ങൾ, പ്രധാനാശയം, ആശയങ്ങൾ, പദഘടന, പദാർത്ഥവികാസം, എന്നീ കാര്യങ്ങളിലേക്കു നീങ്ങുവാൻ പ്രയാസമില്ല.

---

## 3

## വായനയ്ക്കുവേണ്ട പ്രാപ്തി (Maturity)

പാരായണ പ്രാപ്തിയെപ്പറ്റി പഠനം നടത്തിയ ഡാ. വില്യം എസ്. ഗ്രേയും ഡാ. ബെരനീസ് റോജേഴ്സും 1956-ൽ ഒരു റിപ്പോർട്ടു പ്രസിദ്ധീകരിച്ചു. അവർ പലരോടും വായനയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചു. വായനയ്ക്കു മിടുക്കുണ്ടാകണമെങ്കിൽ നേടിയിരിക്കേണ്ട നൈപുണ്യങ്ങളെപ്പറ്റിയും അവർ വിചിന്തനം ചെയ്തു. മാത്രമല്ല ചില പാഠഭാഗങ്ങൾ പലതരക്കാരായ വ്യക്തികൾക്കു നൽകി വായിക്കാനാവശ്യപ്പെടുകയും ചെയ്തു. അതുപോലൊരു പഠനം നമ്മുടെ നാട്ടിലും

നടത്താവുന്നതേ ഉള്ളു. നിഗമനങ്ങൾ അവരുടെ നിഗമനങ്ങൾക്ക സമാനമായിരിക്കാനാണ് സാദ്ധ്യത.

ഗവേഷകർ അമേരിക്കായിലാണ് പഠനം നടത്തിയത്. പഠിച്ച അമേരിക്കക്കാരെല്ലാം വായിക്കാൻ കഴിവുററവർ അല്ലെന്നു അവർ കണ്ടു. പഠിച്ചവർ വായിക്കാറുള്ളതുതന്നെ വളരെക്കുറച്ചു മാത്രം. ആശയപ്രാധാന്യമുള്ള ഭാഗങ്ങൾ വായിക്കുന്നവർ ചുരുക്കം. ഫാക്ടറി തൊഴിലാളികൾക്ക് വായനയിൽ താത്പര്യം കുറവുതന്നെ. കാളേജ് വിദ്യാഭ്യാസം സിദ്ധിച്ചു എന്നതു വായനയിലുള്ള കഴിവിനെ സൂചിപ്പിക്കുന്നില്ല. അതേ അവസരത്തിൽ വിദ്യാഭ്യാസം കുറച്ചുമാത്രമുള്ളവർ, അതായത് ഉയർന്ന വിദ്യാഭ്യാസത്തിനു സൗകര്യം കിട്ടാത്തവർ നല്ല വായനാശീലം ഉള്ളവരായും കാണുന്നുണ്ട്.

വളരെയധികം സമയം, വായനയ്ക്കുവേണ്ടി ചെലവിടുന്നവർ നല്ല വായനാശീലം ഉള്ളവരല്ല. ചപ്പുംചിപ്പും വായിച്ചുതള്ളുന്നവരേ ആയിരിക്കുന്നുള്ളു അവരിൽ പലരും. വായിച്ച ഭാഗത്തിന്റെ ആന്തരാശയം അറിവാൻ അവർ കഴിവുള്ളവരായി കാണപ്പെടുന്നില്ല. വളരെ സമയം വായിക്കാൻ എടുത്തിട്ടു കുറച്ചുമാത്രം വായിക്കുന്നവരുമുണ്ട്. വായിക്കാനും വായിച്ചഭാഗം വിലയിരുത്താനും കഴിവുള്ളവരും വായിക്കാൻ ലഭിക്കാവുന്ന നിരവധിഗ്രന്ഥങ്ങളും ഭാഗങ്ങളും ഉണ്ടായിരിക്കേ, വളരെ കുറച്ചിനങ്ങളിൽപ്പെട്ട പുസ്തകങ്ങൾ വായിക്കുവാനേ താത്പര്യം കാണിക്കുന്നുള്ളു. ചിലർക്ക, സ്പോർട്സ്, ചിലർക്ക രാഷ്ട്രതന്ത്രം, ചിലർക്ക ചെറുകഥ, മററു ചിലർക്ക ആഖ്യായിക ഇങ്ങനെ പോകുന്നു രുചിഭേദം.

വായനയിൽ മിടുക്കന്മാരായി കാണപ്പെട്ട വ്യക്തികൾ അവരുടെ വായനാശീലം പാകപ്പെടുത്തി എടുത്ത അദ്ധ്യാപകരെയും ഗ്രന്ഥശാലകളെയും ഓർക്കാൻ കഴിവുള്ളവരായിരുന്നു. അവർക്ക എല്ലാവിഷയങ്ങളിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കുവാൻ താത്പര്യമുണ്ടെങ്കിലും അവർക്ക വളരെയധികം താത്പര്യമുള്ള ഒന്നു രണ്ടു വിഷയങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ വായിക്കുവാൻ കൂടുതൽ താത്പര്യം കാണിക്കുന്നു. അവർ വെറും വായനക്കാർ മാത്രമല്ല. വായിച്ച ഭാഗമായിക്കൊള്ളട്ടെ, വായിക്കാത്ത ഭാഗമായിക്കൊള്ളട്ടെ— അവയെപ്പററിയെല്ലാം ശ്രദ്ധിച്ചുകേൾക്കുവാനും, ചർച്ച ചെയ്യുവാനും, നിരീക്ഷണങ്ങൾ രേഖപ്പെടുത്തുവാനും അവർ ഉത്സുകരാണ്.

ഇങ്ങനെ വളരെയധികം വായിക്കുകയും ഒന്നോ രണ്ടോ വിഷയങ്ങളെ മാത്രം ആസ്പദമാക്കി കൂടുതൽ വായിക്കുകയും ചെയ്യുമ്പോൾ വായനയിൽ കൂടുതൽ നൈപുണ്യങ്ങൾ നേടേണ്ടിവരും. അലങ്കാരഭാഷയിൽ പറഞ്ഞാൽ കുറച്ചു വെള്ളം മാത്രമുള്ള ജലാശയത്തെ കുറുകെ കടക്കാൻ നടന്നു പോകാറുണ്ടു്. എന്നാൽ ജലാശയത്തിന്റെ ആഴവും വെള്ളത്തിന്റെ അളവും കൂടുന്നതുമൂലം, നീന്തിയാലേ പററൂ. അപ്പോൾ നടന്നുപോരാൻ മാത്രം അറിവുള്ളവർ പിന്നോക്കപ്പെട്ടുപോകും. കൂടുതൽ വായിക്കുന്നതിനനുസൃതമായി വായനയ്ക്കു ഉതകുന്ന ഘടകനൈപുണ്യങ്ങളും നേടിയേതീരൂ. വായനയിലുള്ള പ്രാപ്തി (Reading maturity) എന്നു പറഞ്ഞാൽ ഒരു സിദ്ധി അല്ല. പിന്നെയോ തുടർച്ചയായുള്ള വികാസത്തിന്റേതായ പ്രക്രിയ എന്നു പറഞ്ഞൊപ്പിക്കാം. വായനയിലുള്ള താല്പര്യങ്ങൾക്കു പരപ്പും ആഴവും കൂട്ടുവാനും, വായനയ്ക്കു വേണ്ടുന്ന നൈപുണ്യങ്ങൾ വികസിപ്പിക്കുവാനും, കൂടുതൽ നൈപുണ്യങ്ങൾ വളർത്തിയെടുക്കുവാനും ഇതു് സഹായിക്കുന്നു. ഇതിനെ ചക്രീയഫലം (cyclic effect) എന്നു പറയാം.

നല്ല പ്രാപ്തിയുള്ള വായനക്കാർ വസ്തുനിഷ്ഠമായി ചിന്തിക്കുന്ന വിശാലമനസ്കരും, സാമൂഹികമായ ഉത്തരവാദിത്വങ്ങളെപ്പററി ബോധവാന്മാരുമാണു്.

നമ്മുടെ നാട്ടിൽ ഇത്തരമൊരു പഠനം നടത്തേണ്ടതായിരിക്കുന്നു. ആ പഠനത്തിൽ നിന്നും, വിദ്യാർത്ഥികളെ വായനയിൽ നാം എത്രമാത്രം തത്പരരാക്കുന്നുണ്ടെന്നും വായനാശീലം ജീവിതം മുഴുവൻ തുടർന്നു നില്ക്കത്തക്കവണ്ണം പ്രസാധകർ പ്രവർത്തിക്കുന്നുണ്ടോ എന്നും മററും നമുക്കറിയാറാവും. ഏതായാലും വായന പഠിപ്പിക്കുവാൻ നമ്മുടെ ഗുരുജനങ്ങൾ സ്വീകരിച്ചിരുന്ന രീതികളാണോ പററിയതു് അതല്ല പുതിയ രീതികൾ സ്വീകരിക്കണമോ എന്നും ചിന്തിക്കേണ്ടതായുണ്ടു്.

---

## 4

## പാഠപദ്ധതിയിൽ വായനയ്ക്കുള്ള സ്ഥാനം

സുപ്രസിദ്ധമായ രകാരത്രയത്തിൽ (വായന എഴുത്തു്, കണക്കു്.– Reading writing, and' Rithmetic—Three Rs) വായനയ്ക്കു പ്രമുഖമായ സ്ഥാനമുണ്ടു്.

വായനയെപ്പററി ചോദിച്ചാൽ ശ്രാവ്യവായനയെപ്പററിയാണ് നാം സാധാരണയായി ഓർക്കുക. കൂടാതെ ഉച്ചാരണശുദ്ധി, ശയ്യ (വായിക്കുന്ന രീതി). എന്നിവയെപ്പററിയും ഊന്നിപ്പറയാറുണ്ട്. ഇത്രയും മാത്രമേ ഉള്ളോ വായനയിൽ ശ്രദ്ധിക്കേണ്ടതായിട്ട്?

അക്ഷരം കൂട്ടി വായിക്കുന്നതാണ് വായനയെന്നു ധരിച്ച വശായവരം കുറവല്ല. ഇതനുസരിച്ച് വായന എന്ന പ്രക്രിയയുടെ യാന്ത്രികാംശം– ത്തു പ്രത്യേക നൈപുണ്യം വളർത്തിയെടുക്കൽ എന്നേ മനസ്സിലാക്കുകയുള്ളൂ.

വായനയിൽ ഇതൊക്കെത്തന്നെയാണ് ഉൾപ്പെടുക. എന്നാൽ അത്രമാത്രമേ ഉള്ളോ? ഈ നൈപുണ്യം ക്രമാനുഗതമായി വളർത്തിയെടുക്കേണ്ടതാണെന്നുള്ളതിന് സംശയമില്ല. വാസ്തവത്തിൽ അച്ചടിച്ച പ്രസിദ്ധീകരിച്ച വസ്തുതകളെ ഗ്രഹിക്കുക എന്നുള്ളതാണ് വായനയുടെ ധർമ്മം. ഗ്രഹണം കൂടാതുള്ള വായന വായനയല്ല. വായന എന്ന പ്രക്രിയയിൽ നാലുഘട്ടങ്ങൾ ദർശിക്കാം. ശബ്ദരൂപഗ്രഹണം (word perecption) ആശയഗ്രഹണം (Comprehension) പ്രതികരണം (Reaction ഉദ്ഗ്രഥനം (Integraton) വായിക്കുന്നതു ഗ്രഹിക്കണമെങ്കിൽ അച്ചടിച്ച അക്ഷരങ്ങളുടെ അർത്ഥം അറിഞ്ഞിരിക്കണം. നാം ഒരുപുറം വായിക്കുമ്പോൾ ഗ്രഹിക്കുന്ന വസ്തുതകൾ മുമ്പുഗ്രഹിച്ച വസ്തുതകളുമായി കൂട്ടിപ്പിരിക്കുമ്പോൾ നമുക്കു പൂർണ്ണവും വ്യക്തവുമായ അനുഭവം അഥവാ അറിവ് സിദ്ധിക്കുന്നു.

നമ്മുടെ പാഠപദ്ധതിയിൽ ഗദ്യപാഠങ്ങളുമായി ബന്ധിപ്പിച്ചാണ് വായന ഉൾപ്പെടുത്തിക്കാണുന്നതു്. ഒരു പുസ്തകം പഠിക്കുക, എന്നതിനെക്കാൾ പ്രാധാന്യം അർഹിക്കുന്നതാണ് വായന എന്ന നൈപുണ്യം നേടുക എന്നതു്.

ശ്രവണം, ഭാഷണം, ലേഖനം എന്നിവയുമായി ബന്ധപ്പെട്ടതാണ് പഠനം (വായന) വിദ്യാർത്ഥികളുടെ ശ്രവണശേഷിയും വായിച്ചു ഗ്രഹിക്കലും തമ്മിൽ വലിയ ബന്ധമുള്ളതായി ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ശ്രവണപരമായ വിവേചനവും (Auditory discrimination) ശ്രവണശേഷി (Listening ability)യും വായനയിൽ വിജയിക്കുവാൻ ഉപകരിക്കുന്ന ഘടകങ്ങളാണ്. അർത്ഥമറിയാവുന്ന പദങ്ങൾ ഉപയോഗിച്ചു വായിക്കുമ്പോൾ ഗ്രഹണം കൂടുന്നു. വായനയ്ക്കുള്ള കഴിവ് കൂടുന്നു.

ക്ഷേണത്തിനും വാചികപ്രകടനത്തിനും വിദ്യാലയത്തിന്നു പുറത്തുവെച്ചു നല്കുന്ന സൗകര്യങ്ങൾ വായനയെ തീർച്ചയായും പുരോഗമിപ്പിക്കും. വ്യാപകമായി നല്ലവണ്ണം വായിക്കുന്ന കുട്ടിക്കു എന്തെങ്കിലും കുറച്ചു് പല വിഷയങ്ങളെക്കുറിച്ചു പറയുവാൻ കഴിയും. അതു് ശുദ്ധമായും അനുസ്യൂതമായും പറയുവാൻ പരിചയം നല്കണം. അതുപോലെതന്നെ വായനയും എഴുത്തും നൈപുണ്യോന്മുഖമായി വളർന്നുവരണം. ഭാഷാപരമായ ചതുർനൈപുണ്യങ്ങൾ പരസ്പരം പൂരകങ്ങളുമായതുകൊണ്ടു് അവ തമ്മിലുള്ള ബന്ധത്തെ ശരിക്കും ചൂഷണംചെയ്തു ബോധനം നടത്തണം. വായനയുടെ വികാസത്തിലെ ഘട്ടങ്ങൾ:

1. വായനാസന്നദ്ധത:—വിദ്യാലയത്തിൽ കുട്ടി പ്രവേശിക്കുമ്പോൾ തന്നെ ഇതിലേക്കു ശ്രദ്ധിച്ചു ഉപനയിക്കണം.

2. വായനയുടെ ആദ്യഘട്ടങ്ങൾ:—വായനയിൽ താല്പര്യം ഉണർത്തി അനുസ്യൂതമായും സ്വതന്ത്രമായും വായിപ്പിക്കണം.

3. മൗലികമായ വായനാശീലത്തിന്റെയും അഭിഭാവത്തിന്റെയും ദ്രുതവികാസം.

ഗ്രഹണത്തിൽ സൂക്ഷ്മത, വ്യാഖ്യാനശേഷി, സ്വതന്ത്രമായി പദസ്വരൂപത്തെ തിരിച്ചറിയൽ, അനുസ്യൂതമായ ശ്രാവ്യവായന ദ്രുതഗതിയിലുള്ള മൗനവായന എന്നിവയിൽ വളർച്ചയുണ്ടാകുന്നു.

4. വായനയിൽ പരിചയം വർദ്ധിക്കുന്നു. വായനയിലുള്ള ശേഷിയും, ശക്തിയും വായനയുടെ മേന്മയും വികസിക്കുന്നു. വായനസംബന്ധിച്ച നൈപുണ്യങ്ങളും താല്പര്യങ്ങളും അഭിഭാവങ്ങളും പരമാവധി വളർത്തിയെടുക്കേണ്ട ഘട്ടമാണിതു്.

വായന ശരിക്കും നിർവഹിക്കുവാനും അതിൽ കഴിവു് ഉണ്ടാക്കുവാനും ഉതകുമാറു് പാഠ്യവസ്തു അനുക്രമീകരിച്ചിട്ടുള്ളതും, ബോധനം ഫലപ്രദമായിട്ടുള്ളതും, അനുരൂപമായിട്ടുള്ളതും, പരീക്ഷാസമ്പ്രദായം വായന വിലയിരുത്തുവാൻ ഉചിതമായിട്ടുള്ളതുമായിരിക്കണം.

സാമൂഹ്യവിജ്ഞാനം, സാമാന്യശാസ്ത്രം, ഗണിതം മുതലായ വിഷയങ്ങളും വായനയ്ക്കു സന്ദർഭം നൽകുന്നുണ്ട്. അതുകൊണ്ട് ഭാഷാദ്ധ്യാപകനും മററദ്ധ്യാപകരും സഹകരിച്ചു പ്രവർത്തിക്കണം.

ഓരോ വിഷയത്തിലുമുള്ള പ്രത്യേകപദാവലിയും സാങ്കേതിക സംജ്ഞകളും വിദ്യാർത്ഥികൾ മനസ്സിലാക്കണം. താഴെപ്പറയുന്ന പാടവനൈപുണ്യങ്ങളിലും ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയണം.

1. സൂചക (Index)വും ഉള്ളടക്ക (contents)വും നോക്കി ഗ്രന്ഥത്തിന്റെ ഭാഗങ്ങൾ അറിയാൻ കഴിയണം.

2. ചിത്രങ്ങളും രൂപരേഖകളും നോക്കി മനസ്സിലാക്കുവാൻ കഴിയണം.

3. നിഘണ്ടുവോ സർവവിജ്ഞാനകോശമോ നോക്കി വസ്തുതകൾ ഗ്രഹിക്കാൻ കഴിയണം.

4. വസ്തുതകളും അഭിപ്രായവും തമ്മിലും സംഗതവും അസംഗതവുമായ വസ്തുതകൾ തമ്മിലും വിവേചിക്കാൻ കഴിയണം.

5 വസ്തുതകൾ അടുക്കിപ്പറവാൻ കഴിവുണ്ടാകണം.

ഉദാ: a. പ്രധാനാശയം തിരഞ്ഞെടുക്കുക.
b. വസ്തുതകൾതമ്മിൽ ബന്ധം ഗ്രഹിക്കുക.
c. പൂർവാപരബന്ധം വീക്ഷിക്കുക
d. സംഗ്രഹിക്കുക.
e. സംഗ്രഹം കുറിക്കുക.

വായനയുടെ എല്ലാ അംശങ്ങളെയും സമ്പൂർണ്ണമായി ഇവിടെ പ്രസ്താവിച്ചിട്ടില്ല. എല്ലാവിഷയങ്ങളിലുമുള്ള ഗ്രന്ഥങ്ങൾ വിപുലമായ തോതിൽ വായിക്കുവാനുള്ള സൗകര്യങ്ങൾ അദ്ധ്യാപകൻ ഉണ്ടാക്കിക്കൊടുക്കണം.

---

## 5

## വിദ്യാർത്ഥിയും പഠനവും

തനിക്കു വേണ്ടപ്പെട്ടവരും ചുററുമുള്ളവരും സംസാരിക്കുന്ന ഭാഷ മനസ്സിലാക്കിയാലെ, ലിഖിതഭാഷ മനസ്സിലാക്കുവാൻ കുട്ടിക്കു കഴിയാറാവൂ. അതായത് വാമൊഴിക്കുശേഷം വരമൊഴി അവൻ ഗ്രഹിക്കണം.

ഈ രണ്ടു തരം ഭാഷകളെപ്പററിയും അവനു് എങ്ങനെയാണു് ധാരണകളുണ്ടാവുക എന്നു അറിയേണ്ടതുണ്ടു്.

ശിശുവിനു സന്തുഷ്ടമായി ജീവിക്കണമെങ്കിൽ അവൻ പഠിക്കാൻ തത്പരനായിരിക്കണം. അവൻെറ ശ്രദ്ധാപൂർവമുള്ള വീക്ഷണവും അവധാനപൂർവമുള്ള ശ്രവണവും അവൻെറ നൂതന പരിചയത്തിൽപ്പെട്ട സന്ദർഭങ്ങളിൽക്കൂടി പുതിയ പുതിയ അർത്ഥങ്ങൾ കാണാനും പുതിയ ബന്ധങ്ങൾ കണ്ടെത്താനും ശ്രമിക്കുന്നതു് കാണാം.

എല്ലാത്തരം സ്വരങ്ങളിലും അർത്ഥം കാണാൻ ശിശു വ്യഗ്രത കാണിച്ചാലും ആരെങ്കിലും സംസാരിക്കുമ്പോഴും സംസാരത്തിനു വിരാമമിടുമ്പോഴും മററും മാത്രമാണു് ഭാഷയുടെ അംശങ്ങളെപ്പററി ബോധവാനാകുന്നതു്. ഈ അംശങ്ങളെല്ലാം കുട്ടിയുടെ ലാളനത്തിനോ സൗഖ്യത്തിനോ, ആഹാരത്തിനോ കാരണമാകുന്നവയായതു കൊണ്ടു് അതെല്ലാം പ്രധാനപ്പെട്ടതും താത്പര്യജനകങ്ങളുമായിത്തീരുന്നു.

മുതിർന്നവർ ശബ്ദം വഴിയോ, ഞരക്കങ്ങൾ പുറപ്പെടുവിച്ചോ, വാക്യങ്ങളോ വാചകങ്ങളോ പ്രയോഗിച്ചോ ആശയവിനിമയം ചെയ്യുന്നു. ചിലപ്പോൾ ഉച്ചാരണത്തിൽ വ്യത്യാസം വരുത്തുന്നു. ഊന്നിപ്പറയാനും, ഉറക്കെ സംസാരിക്കാനുമായി ചിലപ്പോൾ ശ്രദ്ധിക്കുന്നു. സ്വരഭേദം വരുത്തുവാനും ശാരീരിക ചലനങ്ങൾ ഉളവാക്കുവാനും ശ്രമിക്കുന്ന സന്ദർഭങ്ങളുമുണ്ടു്. ചില സമയത്തു മാത്രമല്ല, പ്രത്യേക സന്ദർഭങ്ങളിൽക്കൂടി ചില പ്രത്യേകതരം ചെറുമാററങ്ങളും പദങ്ങളുടെയും വാക്യങ്ങളുടെയും പ്രയോഗവും പ്രതീക്ഷിക്കുന്നു.

മേൽ പറഞ്ഞ ഭാഷാപരപ്രവർത്തനങ്ങളെല്ലാം ആവർത്തിക്കുന്നതിനനുസരിച്ചു് കുട്ടിക്കു ഭാഷയുടെ പല അംശങ്ങളിലും അർത്ഥമുള്ളതായി കാണുവാൻ കഴിയുന്നു. ഒരു പദവും അതിൻെറ ഉച്ചാരണസ്വരവും തമ്മിലുള്ള അഭേദ്യമായ ബന്ധം കണ്ടെത്താൻ പദം അതിനോടു ബന്ധപ്പെട്ട പ്രവർത്തനം, മാനസികാവസ്ഥ ഇന്ദ്രിയവേദനം എന്നിവ ഒററയ്ക്കോ കൂട്ടമായോ ആവർത്തിക്കുമ്പോൾ സാദ്ധ്യമാവുന്നു. മുതിർന്നവർ ഒരു വാക്കു ഉച്ചരിക്കുമ്പോൾ എന്തു ചെയ്യാൻ പോകുന്നു എന്നോ, എന്താവശ്യപ്പെടുന്നു എന്നോ കുട്ടി ധരിക്കുന്നു. ഇങ്ങനെ അവസാനം, വാക്കിൻെറ ശ്രവണത്തിൽ നിന്നു എന്തു ചെയ്യണമെന്നും എന്തു ചെയ്തുകൂടെന്നും കുട്ടി അറിയുന്നു.

ഇത്ര കാലയളവിൽ തന്നെ കുട്ടി തന്റെ സിദ്ധികളെ കണ്ടെത്തുന്നുണ്ടായിരിക്കാം. ശ്വാസകോശത്തിൽ നിന്നു ബഹിർഗ്ഗമിക്കുന്ന വായുവിനെ ജിഹ്വകൊണ്ടു വായുടെ വിവിധഭാഗങ്ങളിൽ തടഞ്ഞുനിറുത്തി കണ്ഠസ്ഥാനത്തെ മാംസപേശികളെ നിയന്ത്രിച്ചു് ശബ്ദമുണ്ടാക്കാൻ കുട്ടി ശക്തനാവുന്നു. ഈ ശ്രമത്തിൽ ഓരോ ഭാഷയിലും പ്രയുക്തമാവുന്ന ശബ്ദങ്ങളും പലതും അവൻ ഉച്ചരിക്കുവാൻ പ്രാപ്തനാവുന്നു. ഈ രീതിയിൽതന്റെ മാതൃഭാഷസംസാരിക്കുവാൻ അവനു കഴിയുന്നു. സ്വാഭാവികമായും സോദ്ദേശ്യപരമായും കുട്ടി പല പദങ്ങളും സ്വാത്മതുഷ്ടിക്കു വേണ്ടിയോ സ്വശക്തിയുടെ പ്രകടനത്തിനു വേണ്ടിയോ ആവർത്തിക്കുന്നു. നടക്കാനും, സംസാരിക്കാനും, സ്വയം ആഹാരം കഴിക്കാനും കഴിയാത്ത കുട്ടിക്കു ശബ്ദിക്കുവാൻ കഴിയുന്നു.

എങ്ങനെയാണു് ശിശുവിന്റെ ഭാഷണശേഷി അക്ലിഷ്ടവും സുന്ദരവുമാകുന്നതു്? മുതിർന്നവർ ഉപയോഗിക്കുന്ന പദങ്ങളും മററും അവർ ആവർത്തിക്കുന്നു. എപ്പോഴാണു് തന്റെ ഭാഷാപ്രയോഗംകൊണ്ടു് കുട്ടിക്കു കാര്യം നേടാൻ സാധിക്കുന്നതു അപ്പോഴം അവന്റെ ഭാഷ ശുദ്ധമായി എന്നു വിശ്വസിക്കാം. ഭാഷ ക്ലിഷ്ടമോ അബദ്ധപൂർണ്ണമോ ആയാൽ ഭാഷാപ്രയോഗം കൊണ്ടു് ഉദ്ദേശിച്ച ഫലം സിദ്ധിക്കുകയില്ലല്ലോ. ശരിയായ ഭാഷാപ്രയോഗംകൊണ്ടു ഗുണവും തന്മൂലം വിജയവും നേരേമറിച്ചു് തെററായ ഭാഷാപ്രയോഗംകൊണ്ടു ദോഷവും ഉണ്ടാകും.

ഇത്തരം ഭാഷണാഭ്യാസസന്ദർഭങ്ങളിൽ രണ്ടു പിശകുകൾ നേരിടാറുണ്ടു്. ഒന്നു് കുട്ടിയുടെ ഭാഷണഭാഷ വേണ്ടത്ര ശുദ്ധമാകുന്നില്ലെങ്കിൽ കൂടി രക്ഷാകർത്താക്കൾ കുട്ടിയുടെ അബദ്ധജടിലമായ ഭാഷയെ അംഗീകരിച്ചു സഹായത്തിനൊരുങ്ങുന്നു. അതുകൊണ്ടു നല്ലഭാഷാപ്രയോഗത്തിനു വേണ്ടയുള്ള ശ്രമം കുട്ടിയുടെ ഭാഗത്തുനിന്നും കുറഞ്ഞുപോകുന്നു. മറെറാന്നു മുതിർന്നവരുടെ മോശപ്പെട്ട ഭാഷണശീലങ്ങളും ദൂഷിതമായ ഭാഷാ പ്രയോഗങ്ങളുംകൂടി അനുകരിക്കുന്നു.

ഇതിനൊരു പോംവഴി മുതിർന്നവരുടെ ശരിയായ ഭാഷണവും കുട്ടിയുടെ ശരിയായ അനുകരണവും മാത്രമാണു്. ശരിയായി ഉച്ചരിച്ചാൽ, സംസാരിച്ചാൽ മാത്രമേ ഇച്ഛിതമായ കാര്യമോ പ്രവർത്തനമോ ഫലപ്രാപ്തിയിലെത്തുവെന്ന ബോധം കുട്ടിക്കുണ്ടെങ്കിൽ നല്ല പ്രയോഗത്തിനും ശുദ്ധമായ ഉച്ചാരണത്തിനും വേണ്ടിയുള്ള ശ്രമം കുട്ടി നടത്തും.

ശിശുക്കൾക്കു മാത്രമല്ല പ്രായമായവർക്കും പ്രായമായി വരുന്നതനുസരിച്ച് പല പുതിയ പദങ്ങളും ഗ്രഹിക്കേണ്ടതായുണ്ട്. പുതിയ ചുററുപാടുകളുമായി സമ്പർക്കത്തിലേർപ്പെടുന്നതനുസരിച്ച് പുതിയ പദങ്ങളുമായി പരിചയിക്കേണ്ടിവരും. പഠിച്ചിട്ടുള്ള പദങ്ങളും ഉപയോഗിക്കേണ്ടിയിരിക്കും. ഈ പുതിയ പദങ്ങളൊക്കെ എങ്ങനെയാണ് ഗ്രഹിക്കുന്നത് എന്നു ചിന്തിക്കാം.

പദപരിചയത്തിനു മനുഷ്യന്റെ എല്ലാ അവയവങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ പ്രവർത്തിക്കേണ്ടതായുണ്ട്. ഇന്ദ്രിയങ്ങളുടെ പ്രവർത്തനം കൂടാതെ ഇതു പ്രയാസമാണെന്നു കാണാം. ഗർജ്ജനം ശ്രവിക്കാതെ സിംഹത്തെ മററു മൃഗങ്ങളിൽനിന്നു തിരിച്ചറിയാനൊക്കുമോ? ആകൃതി നോക്കാതെ കുതിരയേയും കഴുതയേയും തിരിച്ചറിയാൻ പ്രയാസം. തൊട്ടുനോക്കി പട്ടുവസ്ത്രം തിരിച്ചറിയാം. മണംകൊണ്ടു പിച്ചിയും റോസും തിരിച്ചറിയുന്നതോ? രുചിക്കാതെ ഉപ്പും പഞ്ചസാരയും തിരിച്ചറിയുമോ? അങ്ങനെ സർവേന്ദ്രിയങ്ങളും പദപരിചയത്തിനു—പദത്തിന്റെ പിന്നിലുള്ള ആശയഗ്രഹണത്തിനു ഉപകരിക്കുന്നു. ശ്രവണവും ഭാഷണവും പരസ്പരം ബന്ധപ്പെട്ടതാണ്. ചില ശബ്ദങ്ങൾ സ്വനം ചൊല്ലാൻ സാധിക്കണമെങ്കിൽ സ്വനം ശരിക്കും ഗ്രഹിക്കണം. സ്വനം ശരിക്കും ഗ്രഹിക്കാത്തവനുവേണ്ടി കഠിനാദ്ധ്യാപനം ചെയ്താലും ഭാഷണം ശരിയാവുകയില്ല. ശ്രവണശക്തി അന്യൂനമായിരുന്നാലും ഭാഷണത്തിനുള്ള ഇന്ദ്രിയങ്ങൾ വികലമോ ഭാഷണംചെയ്യുന്ന രീതി ഉദാസീനമോ ആയിരുന്നാലും തെററുവരാം. ശ്രോതാവും അദ്ധ്യാപകനും മററും ശ്രവണശേഷി വികലമെന്നു തെററിദ്ധരിക്കാനുള്ള സാദ്ധ്യത ഇത്തരുണത്തിൽ വിരളമല്ല.

ആളുകളുടെ മാനസികമായ ചായ്‌വ് അവർ സ്വാംശീകരിക്കുന്ന വാക്കുകളിലും പ്രതിഫലിക്കും. ആളുകളെപ്പററി പുകഴ്ത്തിപ്പറയുകയും തീരുമാനങ്ങളിലേക്കു കുതിച്ചുചാടുകയും ചെയ്യുന്ന പ്രകൃതക്കാർക്കു അതിശായനരൂപങ്ങളിലുള്ള വിശേഷണശബ്ദങ്ങളും അമൂർത്തശബ്ദങ്ങളും ധാരാളം വശപ്പെട്ടിരിക്കും. വിഷാദാത്മകനും നിഷേധസ്വഭാവക്കാരനും വിഷാദത്തിലേക്കും സന്താപത്തിലേക്കും ചായ്‌വുള്ള പദങ്ങൾ പഠിച്ചുവരുന്നു. ചിന്താശീലമില്ലാത്ത വ്യക്തി തന്റെ വികാരമോ അഭിപ്രായമോ പ്രതിഫലിപ്പിക്കാൻ കഴിവുള്ളവാക്കുകൾക്കുവേണ്ടി ബുദ്ധിമുട്ടാതെ മററുള്ളവർ ഉപയോഗിച്ച പദങ്ങളും വാക്യങ്ങളും ആവർത്തിച്ചുപയോഗിച്ചിട്ടുള്ള ആശയങ്ങളും കൈകാര്യം ചെയ്യുന്നു.

ബുദ്ധിക്കും ഭാഷാഗ്രഹണത്തിൽ പങ്കുണ്ട്. പലതാൽ പര്യാപ്തമാകുന്ന ചുരുക്കം പാഠമോ പദമോ പരിചയിച്ചശേഷം, ബുദ്ധിമാന്ദ്യമായ ഒരുവന്നു ആ പദം കേട്ടാൽ വസ്തുവിനെയോ വസ്തുകണ്ടാൽ പദത്തെയോ തിരിച്ചറിയാൻ പ്രയാസമില്ല. വസ്തുവില്ലെങ്കിലും പദം കേട്ടാൽ ഇന്ന വസ്തുവെന്നു ഓർക്കും. അശ്രദ്ധയും ഉദാസീനമായുള്ള ശ്രവണവും പദപരിചയത്തിന്നുള്ള വഴിമുടക്കും. ഒരു മടയൻ എത്ര ശ്രമിച്ചാലും, നിരീക്ഷണശേഷി ശരിക്കും വിനിയോഗിച്ചാലും ബുദ്ധിയുടെ അപര്യാപ്തതമൂലം പദങ്ങളെപ്പററി ജ്ഞാനം നേടുന്നതിന്ന പ്രാപ്തനായെന്നും വരികയില്ല. ആരോഗ്യവും ശരീരശക്തിയും ഉണ്ടെങ്കിലും ബുദ്ധിയും ഇന്ദ്രിയങ്ങളും ശരിക്കും പ്രയോഗിച്ചു മാത്രമേ ജ്ഞാനാർജ്ജനത്തിന്ന സാധിക്കു. രോഗികൾക്കും ശരീരശക്തി കുറഞ്ഞവൎക്കും പഠനത്തിന്നുള്ളശേഷി കുറയും.

അഭിഭാവങ്ങളും വികാരങ്ങളും പഠനത്തിന്നു വഴികൂട്ടും. ജിജ്ഞാസുവിന്ന നിരീക്ഷണവും അന്വേഷണവും കൂടെപ്പിറപ്പാണ്. ആ ഔത്സുക്യം ലോകജ്ഞാനത്തിന്ന ഏററവും ആവശ്യമത്രെ. പരാജയ മനോഭാവം (പലായനസ്വഭാവം) ജിജ്ഞാസയുടെ കടയ്ക്കൽ കത്തിവയ്ക്കും. പുതുതായിട്ടൊന്നും പഠിക്കാനില്ലെന്നമട്ട് അറിവിന്റെ ഉള്ളറകളിലേക്കുള്ള കവാടം തന്നെ അടച്ചുകളയും. ചിട്ടവച്ചു സ്വയം ചെയ്യുന്ന പ്രവൎത്തനങ്ങൾ വിജയത്തിൽ കലാശിക്കുമെന്നു സുദൃഢമായി വിശ്വസിച്ചു പ്രവൎത്തിക്കുമ്പോൾ ഭാഷാപഠനത്തിലും പ്രയോജനകരമാണ്. വികാരാധീനനാകുന്നതും പ്രയാസത്തിൽ നിന്നും ഒഴിഞ്ഞു മാറുന്നതും വിനാശത്തിന്നും പരാജയത്തിന്നും കാരണമാണ്. അങ്ങനെ വികാരാധീനനാകുന്നതും പഠനത്തിൽ ചിട്ടയില്ലാതിരിക്കുന്നതും ഭാഷാപഠനത്തിൽ കുഴപ്പം സൃഷ്ടിക്കും.

പ്രത്യേകതരം താൽപര്യങ്ങൾ നമ്മുടെ നിരീക്ഷണവും നിരീക്ഷണം ചെയ്ത കാര്യങ്ങൾ രേഖപ്പെടുത്തുന്നതും വിവരിക്കാനുമുള്ള ഭാഷാശേഷിയുടെ വികാസവും മെച്ചപ്പെടുവാൻ മാർഗ്ഗമുണ്ടാക്കുന്നു. മൗലികമായ ആവശ്യ(needs)ങ്ങളാണ് താൽപര്യങ്ങളെ മുട്ടിപിടിപ്പിക്കുന്നതു്. ശാരീരികശേഷി പരിശോധിക്കുവാനും അതിൽ ആനന്ദംകൊള്ളുവാനും താൽപര്യമുള്ളവർ കായികവിനോദങ്ങളിൽ ഏർപ്പെടുന്നു. ആശയപ്രകാശനത്തിന്നും സംഘത്തിൽ ഭാരഭാക്കാകുന്നതിന്നുമുള്ള ആഗ്രഹം സംഘടനത്തിലേക്കു വഴി തുറക്കുന്നു. ജീവകാരുണ്യവും, വിറകും, പാലും കിട്ടാനുള്ള ആഗ്രഹവും കന്നുകാലിവളർത്തലിന്ന പ്രേരകമാകുന്നു. അതുപോലെ കുട്ടിയുടെ പ്രത്യേ

ക താത്പര്യത്തിനൊത്ത ഭാഷാപഠനം നടത്താൻ കുട്ടി അതീവ ശ്രദ്ധാലുവായി പഠിക്കും.

മനുഷ്യന്റെ സർവേന്ദ്രിയങ്ങളും മാനസികാംശങ്ങളും പറഞ്ഞകൂട്ടത്തിൽ ഭാഷ അയാൾ ഉപയോഗിക്കുന്നതിൽ കാണിക്കുന്ന താത്പര്യവും ഉൾപ്പെടുന്നു. അധികം സംസാരിക്കുന്ന വ്യക്തി മൗനിയെക്കാൾ ഭാഷാസിദ്ധി കൂടിയ ആളാവാം. അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതു്, ഒററ വ്യക്തി തനിയെ സംസാരിക്കണോ, വിദ്യാർത്ഥികൾ ഈരണ്ടുപേരായി സംസാരിക്കണമോ അതോ സംഘമായി സംസാരിക്കണമോ തുടങ്ങിയ കാര്യങ്ങളാണു്.

വല്ലായ്മയോ വെറുപ്പോ ഉണ്ടാക്കുന്ന വാക്കുകളും പ്രയോഗങ്ങളും പഠിക്കാൻ പ്രയാസം നേരിടുന്നു. അവയെ പാടെ ഉപേക്ഷിക്കുകയും ചെയ്യാറുണ്ടു്. അത്തരം പ്രയോഗങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികളെക്കൂടി ഒഴിവാക്കുന്നു.

ഓരോ കുട്ടിയും പഠനത്തിൽ തന്റെ വൈയക്തികമായ കഴിവുകൾ പ്രദർശിപ്പിക്കുന്നു. ഓരോരുത്തരുടെ പഠനരീതിയും പ്രത്യേകതയുള്ളതായിരിക്കും. ചിലർ അഞ്ചോ, ആറോ, ഏഴോ വയസ്സിൽ പഠിക്കുന്ന കാര്യങ്ങൾ മററു ചിലർ മൂന്നോ നാലോ വയസ്സിൽ പഠിച്ചേക്കും. ചിലർ താമസിച്ചു പഠിക്കാൻ തുടങ്ങും. പഠിച്ചു തുടങ്ങിയാൽ പഠിത്തം വേഗത്തിലാകാറുണ്ടു്. ഭാഷ പഠിക്കുന്നതിനു ഏററവും പററിയ കാലം പത്തുവയസ്സിനു താഴെയാണു്.

പഠിക്കുന്നതിനു ഉപയോഗിക്കുന്ന രീതിയും വ്യത്യാസപ്പെടാറുണ്ടു്. ഒരു പദത്തിന്റെ രൂപവും അർത്ഥവും ഗ്രഹിക്കാൻ ചില വിദ്യാർത്ഥികൾ സർവേന്ദ്രിയങ്ങളും ഉപയോഗിക്കും. പദം കാണണം; കേൾക്കണം; പറയണം; കണ്ണടച്ചു പദരൂപം ഉറപ്പിക്കണം; പദരൂപത്തിൽ വരയ്ക്കണം എന്നിങ്ങനെ പലതും ചെയ്താലേ ചിലർക്കു പദരൂപം ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു.

ചിലർക്കു ഇതെല്ലാം അനേകംതവണ ചെയ്താലേ കാര്യംപററൂ. മററു ചിലർക്കു രണ്ടോ മൂന്നോ തവണ അഭ്യസിച്ചാൽ മതിയാകും. ചിലർക്കു് കാണുന്നതും കേൾക്കുന്നതും കൊണ്ടുമാത്രം പഠനം നടത്താനൊക്കും. പദപരിചയത്തിനുള്ള ഏററവും പററിയ മാർഗ്ഗം കുട്ടി കണ്ടുപിടിച്ചുകഴിഞ്ഞാൽ ആ രീതിതന്നെ അവൻ തുടർന്നുകൊള്ളുന്നതാണു് ഉത്തമ

രീതി. അപ്പോഴും അദ്ധ്യാപകന്റെ ചുമതല അവനുപററിയ ഉത്തമമാർഗ്ഗം ചൂണ്ടിക്കൊടുക്കുക എന്നുള്ളതാണ്.

സിരാമണ്ഡലത്തിലെ വികലതകളും പഠനത്തിൽ വൈഷമ്യമുണ്ടാക്കുന്നു. ഒരുപദം ഇന്നു വായിക്കുന്നതു കുട്ടിക്കു നാളെ വായിക്കാൻവയ്യാതെ വരുക, പലവട്ടം ആവർത്തിച്ചിട്ടും ഓർക്കാൻ കഴിയാത്ത സന്ദർഭങ്ങൾ വരുക തുടങ്ങിയ കുഴപ്പങ്ങൾ കണ്ടുവരുന്നുണ്ട്. ഭാഷാപഠനത്തിനു ഉപകരിക്കുന്ന മസ്തിഷ്കഭാഗത്തിനു കേടുവന്നാൽ പദവും അതു സൂചിപ്പിക്കുന്ന അർത്ഥവും തമ്മിൽ ബന്ധിക്കാൻ പ്രയാസം വരും. ക്രമേണക്ലേശിച്ചു ആവർത്തിച്ചു പഠിക്കുന്നതുകൊണ്ടു പദം പഠിച്ചെന്നുവരാം. ആ സന്ദർഭത്തിൽ മസ്തിഷ്കത്തിന്റെ വേറൊരുഭാഗം ഭാഷാപഠനത്തിന്റെ സഹായിയായി പ്രവർത്തിക്കുന്നുവെന്നുമാത്രം.

മസ്തിഷ്കത്തിനു വരുന്ന കേടുപാടുകൾക്കു പുറമേ സിരകൾക്കു വരുന്ന വൈഷമ്യങ്ങളും പഠനത്തിനു ബാധകമാകാം. സിരയിലെ സെല്ലുകളിൽകൂടി എളുപ്പം സന്ദേശം കടന്നുപോകുന്നതാണല്ലോ പഠനത്തിനു സുഗമവും സുകരവുമായ രീതി. ചില മരുന്നുകൾ ഇതു സുകരമാക്കാൻ പ്രയോജനപ്പെടുന്നു. ഭയപ്പാടുള്ള കുട്ടിയുടെ ഭയപ്പാടു മാററാൻ ബി. 12 എന്ന വിററാമിൻ ഉപകരിക്കും. അതിവികാരത്തിനു അധീനരായവർക്കു ഉറക്കമരുന്നുകൾ നല്കി സമനിലവരുത്താം. തൈറോയിഡ് പ്രവർത്തനം കുറവായവരെ തൈറോയിഡ് കുറഞ്ഞതോതിൽ കുത്തിവച്ച് പഠനോത്സുകരാക്കാം.

ശരിയായബന്ധം പദത്തിനും അതിന്റെ അർത്ഥത്തിനും തമ്മിൽ സ്ഥാപിക്കുന്നതിനാണല്ലോശ്രമം. അദ്ധ്യാപകനും വിദ്യാർത്ഥിയും ശ്രമിച്ച് ദൃഢീഭവിക്കുമാറ്, പലതവണ പദപരിചയംവരുത്തിയാൽ അർത്ഥം സുഗ്രഹീതമാകും.

വായനയിലെ വിജയം നിലകൊള്ളുന്നത്, നിരീക്ഷണത്തിലും വസ്തുക്കളുടെ നാമകരണത്തിലും വസ്തുക്കളെപ്പററിയുള്ള ചർച്ചകളിലുംകൂടി സംജാതമാകുന്ന വിവിധാനുഭവങ്ങളിലാണ്. വീട്ടുകാരും അയൽക്കാരുമായി ചർച്ചചെയ്തും പലതും കണ്ടും കേട്ടും വിദ്യാലയത്തിൽ വരുന്ന ഒരു കൂട്ടർ, ചിലർ ഇത്തരം സൗകര്യങ്ങൾ വിരളമായിമാത്രം ലഭിച്ചവരും. അറിഞ്ഞ കാര്യങ്ങളും പദങ്ങളും വായിക്കാൻ എളുപ്പമാണ്. ആ നില

യിൽ രണ്ടാമത്തെ കൂട്ടർ വായിക്കാൻ വളരെ വിഷമിക്കും. മാത്രമല്ല അദ്ധ്യാപകൻ സ്വീകരിക്കുന്ന പാഠമുറയ്ക്കു അനുസരിച്ചു പഠിച്ചു പോകാത്തവർക്കു പുതിയ പുതിയ ഭാഷാപാഠങ്ങൾക്കൊപ്പം പുരോഗമിക്കുവാൻ സാധിക്കാതെയും വരും. അദ്ധ്യാപകനാകട്ടെ, കുട്ടിയുടെ ഭാഷാസിദ്ധികളെപ്പററി പൂർണ്ണമായി ബോധവാനല്ലെങ്കിൽ പാഠം നടത്തുവാൻ വിഷമിച്ചതുതന്നെ.

ചില കുട്ടികൾക്കു പഠിക്കുവാൻ മാത്രമല്ല പാഠരീതികളിലും മിടുക്കു കാണും. പാഠരീതികളും സ്വായത്തമാക്കുന്ന കുട്ടി പഠിത്തത്തിൽ മിടുക്കനായിരിക്കും. ഈ മിടുക്കു് എല്ലാ കുട്ടികൾക്കും കാണണമെന്നില്ല. 'വള' യിൽ ആദ്യഭാഗത്തു 'ത' ചേർക്കുമ്പോൾ തവളയായി. 'ന' എഴുതി ഒന്നുകൂടി വളച്ചാൽ 'ന്ന' യായി എന്നിങ്ങനെ പാഠരീതി അറിയുന്ന കുട്ടി കൂടുതൽ കാര്യങ്ങൾ ഓർക്കും. പാഠരീതി ഗ്രഹിക്കാത്ത കുട്ടി ഇവിടെ പിന്നോക്കം നില്ക്കും. ക്ലാസ്സു സന്ദർഭത്തിൽ ഇത്തരം പിന്നോക്കക്കാരെ സഹായിക്കാൻ ആദ്യത്തെ കൂട്ടരെ ഏർപ്പെടുത്താം. പഠിക്കാൻ മാത്രമല്ല പാഠരീതികൾ ഗ്രഹിക്കാനും അദ്ധ്യാപകർ കുട്ടികളെ സഹായിക്കണം.

കുട്ടിയുടെ ശ്രദ്ധാശീലവും വായനയെ ബാധിക്കും. നല്ലവണ്ണം ശ്രദ്ധിക്കുന്ന കുട്ടി നല്ലവണ്ണം വായിക്കും. കൂടുതൽ ശ്രദ്ധിക്കാൻ കഴിയുന്നകുട്ടി മെച്ചപ്പെട്ട വായനക്കാരാവും. കൊച്ചുകുട്ടികളുടെ ശ്രദ്ധാഘട്ടം വളരെ ലഘുവാണു്. ശബ്ദങ്ങളും മററു പ്രവർത്തനങ്ങളും അവരുടെ ശ്രദ്ധയെ എളുപ്പത്തിൽ വഴിതെററിക്കുന്നുണ്ടു്. കൊച്ചുകുട്ടികൾക്കു എത്ര നേരം ശ്രദ്ധിക്കാൻ കഴിയുന്നു എന്നതും, ഏർപ്പെട്ടിരിക്കുന്ന ജോലിയിൽ എത്രമാത്രം തുടരാൻ കഴിയുമെന്നുള്ളതും ഓരോകുട്ടിയെ സംബന്ധിച്ചിടത്തോളം വ്യത്യാസപ്പെട്ടു കാണുന്നു. അതിന്റെ കാരണം ശാരീരികവും മനഃശാസ്ത്രപരവുമായ ഘടകങ്ങളാണു. പരിശീലനംകൊണ്ടു് ഈ കുഴപ്പങ്ങൾക്കു പരിഹാരം നേടാം. വീട്ടിൽവച്ചു കുറെയൊക്കെ പഠിച്ചിട്ടു പള്ളിക്കൂടത്തിൽ ചേരാൻ വരുന്ന കുട്ടികൾക്കു് ഗൃഹത്തിൽവച്ചു നേടിയ പരിചയം ഉപകാരകമായിത്തീരാറുണ്ടു്.

ഭാഷാപാഠത്തിൽ ആൺപെൺ വ്യത്യാസവും കടന്നുകൂടാറുണ്ടു്. അഭിരുചികളിലും വ്യത്യാസം കണ്ടെന്നുവരാം. ചില വിഭാഗക്കാരിൽ, ചില ചുററുപാടുകളിൽ വളർത്തപ്പെടുന്ന കുട്ടികളിൽ ആണുപെണ്ണിനെക്കാളുമോ, പെണ്ണു ആണിനെക്കാളുമോ മെച്ചപ്പെട്ടുകാണും. പഠിക്കാനുള്ള

സൗകര്യം ആണിനും പെണ്ണിനും ഒരുപോലെ നല്കിയാൽതന്നെ, പെൺകുട്ടികളാണു മെച്ചപ്പെട്ടു കാണുക. ജപ്പാൻകാരനായ ഒരു വിദ്യാഭ്യാസവിദഗ്ദ്ധന്റെ അഭിപ്രായത്തിൽ പെൺകുട്ടികളുടെ അദ്ധ്യയനശീലമാണു് ഇതിനു കാരണം. വാസ്തവം എങ്ങനെയിരുന്നാലും ഒരു കാര്യത്തിൽ ശ്രദ്ധിക്കാം. ആണായാലും പെണ്ണായാലും പിന്നോക്കം നില്ക്കുന്നവരെ പ്രത്യേകം ശ്രദ്ധിച്ചു പഠിപ്പിക്കേണ്ടതുണ്ടു്.

പഠനേച്ഛയിലും കുട്ടികൾ വ്യത്യാസപ്പെട്ടുകാണുന്നു. ചില വീടുകളിൽ പഠിക്കാനുള്ള സർവപ്രേരണകളും ചെലുത്തുന്നു. ചില കുട്ടികൾ പഠിച്ചു മുന്നേറുവാൻ തീരുമാനിക്കുകയും അതിനു് വേണ്ടി സദാ യത്നിക്കുകയും ചെയ്യുന്നു. രക്ഷകർത്താക്കളുടെ നിർബന്ധത്തിനു വിധേയരായി വിദ്യാലയത്തിൽ വരുന്നവരും വീട്ടിൽ സുഖിച്ചു കഴിയുന്നവരും വിദ്യാലയപരിപാടികൾ വെറുക്കുന്നു. എന്നുമാത്രമല്ല വേണ്ടവണ്ണം പഠിക്കാൻ ശ്രദ്ധിക്കാറുമില്ല. വിദ്യാഭ്യാസ വിചക്ഷണന്മാരുടെ അഭിപ്രായത്തിൽ ഒരു രാഷ്ട്രത്തിന്റെ ഭാവി അതിന്റെ നേട്ടങ്ങളിലും അഭിവൃദ്ധിയിലുമല്ല നിലകൊള്ളുന്നതു്. പിന്നെയോ തങ്ങളുടെ അറിവും കഴിവും മെച്ചപ്പെടുത്താൻ കഠിനാദ്ധ്വാനം ചെയ്യുന്ന വിദ്യാർത്ഥികളിലാണു്.

ഭാഷാപഠനം നടക്കുന്നതു് എങ്ങനെയെന്നു വിചിന്തനം ചെയ്യാം. താൺഡൈക്കി (Thorndike) ന്റെ അഭിപ്രായപ്രകാരം പരിശീലനമല്ല, തെറ്റുകുറ്റങ്ങൾ മനസ്സിലാക്കിയുള്ള പരിശീലനമാണു വിജയത്തിനു അടിസ്ഥാനം. സോദ്ദേശ്യമായ പാഠം പഠിത്തത്തെ പുരോഗമിപ്പിക്കുന്നു എന്നു ജോൺഡ്യൂയി (John Dewey) പറയുന്നു. അർത്ഥമില്ലാത്ത അസംബന്ധ പ്രലപനങ്ങൾ ഗ്രഹിക്കുന്നതിനെക്കാൾ എളുപ്പത്തിൽ അർത്ഥമുള്ള വാക്യങ്ങൾ കുട്ടി ഗ്രഹിക്കും. കുട്ടിക്കു ചൊല്ലിക്കൊടുത്തതിനെക്കാൾ സ്വയം കണ്ടുപിടിച്ചതു് എളുപ്പം പഠിക്കും. കുട്ടി അതു സ്വയം ഉപയോഗിക്കാൻ കൂടി ശീലിച്ചാൽ പഠനം വളരെ മെച്ചപ്പെടും.

ശ്രദ്ധയാണു് പഠനത്തിൽ കാര്യമായിട്ടുള്ള മറ്റൊരു ഘടകം. സ്വയം കാര്യങ്ങൾ കണ്ടുപിടിക്കാൻ നിരീക്ഷണവും ശ്രദ്ധിച്ചുള്ള ശ്രവണവും വളരെ സഹായിക്കുന്നു. അദ്ധ്യാപകൻ പറഞ്ഞുകൊടുക്കുന്ന കാര്യങ്ങളും പറഞ്ഞുവിടുന്ന കാര്യങ്ങളും അവൻ ശ്രദ്ധിച്ചെന്നുവരില്ല. അദ്ധ്യാപകന്റെ വാക്കുകളോ നല്കുന്ന അറിവോ അവനെ സംബന്ധിച്ചിടത്തോളം പ്രാധാന്യം കുറഞ്ഞതു് ആയിരിക്കാം, തനിക്കു് താല്പര്യമുള്ളതോ അദ്ധ്യാപകൻ

ഉപയോഗിക്കാൻ ആവശ്യപ്പെടുന്നതോ കൂടുതൽ ശ്രദ്ധിക്കുന്നു. തനിക്കു പ്രയോജനമുള്ള കാര്യത്തിനു താൻ പഠിച്ചതു ഉപയോഗിക്കുമ്പോൾ കുട്ടിസ്വയം പഠനത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നു വിചാരിക്കാം. തന്റെ ജോലിയിൽ വന്ന പിഴകൾ തിരുത്തി ആവർത്തിച്ചാൽ ആ പ്രവൃത്തി മെച്ചമാകുമെന്നു കുട്ടി മനസ്സിലാക്കണം.

ക്ഷീണം ശ്രദ്ധയെ കുറയ്ക്കും. അപ്പോൾ അദ്ധ്യാപകൻ വൈവിധ്യം ബോധനത്തിൽ ദീക്ഷിക്കണം. വിദ്യാർത്ഥി പഠനകർമ്മത്തിൽ മുഴുകിയാൽ ക്ഷീണം തോന്നുകയില്ല. ചോദ്യോത്തരം, മാതൃകാപ്രദർശനം, പരസ്പരമുള്ള ആവർത്തനം, ശാരീരിക ചലനം, നല്ല ആഹാരം, വിശ്രമം ഇവയെല്ലാം നന്നു്. വായന, കാലത്തു് ആദ്യത്തെ ക്ലാസ്സിൽ തുടങ്ങുന്നതു മെച്ചപ്പെട്ടതെന്നു വിചാരിക്കാനുമില്ല.

പ്രോഗ്രാംഡ് പഠനം തെറ്റുകൾ ഉടനടി മനസ്സിലാക്കി മുന്നോട്ടു പോകാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു; സഹായിക്കുന്നു. താൻ വരുത്തിയ തെറ്റ് ഉടനടി കണ്ടറിഞ്ഞു പോകുമ്പോൾ തിരുത്തുവാനും തെറ്റു കൂടാതെ ആവർത്തിക്കുവാനും ഉപകാരപ്പെടുന്നു. വിദ്യാർത്ഥി ഏർപ്പെടുന്ന കാര്യത്തിൽ എന്തെല്ലാം തെറ്റുകൾ വരാമെന്നു മുൻകൂട്ടികണ്ടു് ആ തെറ്റുകൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയോ അതിനുള്ള പോംവഴികൾ മനസ്സിൽ കണ്ടു പാഠം നടത്തുകയോ ചെയ്യേണ്ടതായുണ്ടു്. ആദ്യഘട്ടത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടിയെക്കാൾ മിടുക്കൻ ആദ്യമൊക്കെ തെറ്റു വരുത്തുകയും അതിനുള്ള കാരണങ്ങളറിഞ്ഞു തെറ്റു തിരുത്തി ശ്രമിച്ചു മുന്നോട്ടു പോവുകയും ചെയ്യുന്ന ആളാകാനാണു് സാദ്ധ്യത. പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളും സദൃശങ്ങളായ കാര്യങ്ങളും ഒരുമിച്ചു പഠിപ്പിക്കുവാനാണു് ശ്രദ്ധിക്കേണ്ടതു്. ഓരോ ഇനവും ശരിയായി ഉറച്ചശേഷം അടുത്തതിലേക്കു പോവുകയായിരിക്കും നന്നു്.

ആവർത്തനവും പ്രയോഗവുംകൊണ്ടു മാത്രമേ ആശയങ്ങൾ ഉറയ്ക്കുകയുള്ളു. കൂടുതൽ ആവർത്തിച്ചതോ, ഭയം, സന്തുഷ്ടി, വേദന എന്നിവികാരങ്ങളുമായി ബന്ധപ്പെട്ടതോ ആയ ചില കാര്യങ്ങൾ നാം ഇനിയും ഓർക്കുന്നുണ്ടാവും. ശരിതന്നെ. ശരിയായി നിലനില്ക്കണമെങ്കിൽ പല സന്ദർഭത്തിൽ പല തവണ ആവർത്തിച്ചു പഠിച്ചു പറയ. ഓർത്തു തീരൂ എന്നുള്ള പങ്ങളും പ്രയോഗങ്ങളും പല തവണ ആവർത്തിക്കണം. ആശയം ഗ്രഹിച്ചു വായിക്കുവാനുള്ള പരിചയം വരണമെന്നുണ്ടെങ്കിൽ വായിച്ചതിൽനിന്നും കാര്യം ഗ്രഹിക്കുവാനുള്ള ശീലം ഉണ്ടാകണം.

വായനാരീതി

അക്ഷരം കൂട്ടി വായിച്ചാൽ വായന ആയി എന്നാണ് പലരുടേയും ധാരണ. വായനയ്ക്കു പ്രധാനമായി നാലു ഘട്ടങ്ങൾ ഉണ്ടെന്നു കാണാം (1) പദദർശനം: പദങ്ങളും വാക്യങ്ങളും എഴുതിയ പുസ്തകത്തിലോ അച്ചടിച്ച വരിയിലൊ കൂടി കണ്ണോടിക്കുമ്പോൾ കണ്ണു ചില സ്ഥാനങ്ങളിൽ നിൽക്കുന്നു. അക്ഷരരൂപം കണ്ണിൽ പതിയുന്നു. സന്ദേശം തലച്ചോറിൽ എത്തുന്നു. വാക്കു പല തവണ കണ്ടിട്ടുണ്ടെങ്കിൽ ഉച്ചാരണവും അർത്ഥവും അതോടുകൂടി മനസ്സിൽ ഉയരുന്നു. വാക്കു തിരിച്ചറിയാൻ ഒക്കുന്നില്ലെങ്കിൽ അദ്ധ്യാപകൻ നൽകിയ രീതിയിലോ സ്വയമായിട്ടോ കണ്ടുപിടിക്കണം.

2. ആശയഗ്രഹണം. വാക്യത്തിലെ ഓരോ പദമായി വായിച്ചു കഴിയുമ്പോൾ ആ വാക്യത്തിന്റെ അർത്ഥം ഗ്രഹിക്കുന്നു. കൂടുതൽ വാക്കു ചേർക്കുമ്പോൾ അർത്ഥം വ്യത്യാസപ്പെടുന്നു. വാക്യങ്ങളിലുൾപ്പെട്ട പദങ്ങളുടെ അർത്ഥം അറിയാമെങ്കിൽ ആ പദങ്ങൾ തമ്മിലുള്ള ബന്ധവും ഗ്രഹിക്കും. വാക്യങ്ങൾ വാക്യങ്ങളോടു ചേർക്കുമ്പോൾ വാക്യങ്ങളുടെ അർത്ഥം അറിയും. ഖണ്ഡികകളും ഖണ്ഡികകളുമായുള്ള അർത്ഥവും ഇങ്ങനെ ഗ്രഹിക്കാം.

3 പ്രതികരണം:

വാചയിതാവിന്റെ പ്രതികരണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വായിച്ച് അർത്ഥം ഗ്രഹിച്ചശേഷം അർത്ഥം ഗ്രഹിച്ചതു ശരിയാണോ എന്നു പരിശോധിക്കുന്നു. കൂടുതൽ അർത്ഥം ഉണ്ടോ എന്നും ആരായും. തന്റെ അനുഭവങ്ങളുമായി അർത്ഥം യോജിക്കുന്നോ എന്നും നോക്കുന്നു.

4 ആശയോദ്ഗ്രഥനം:

പുതിയ ആശയത്തെ പഴയ ആശയവുമായി ചേർക്കുന്നു. ചിലപ്പോൾ പഴയ ആശയം തന്നെ തള്ളിയേക്കും. മററു ചിലപ്പോൾ പുതിയതും പഴയതുമായി ഒന്നു ചേരും.

വായനയിൽ ഭാഷാശാസ്ത്രപരവും ശരീരശാസ്ത്രപരവും മനശ്ശാസ്ത്രപരവും സിരാശാസ്ത്രപരവുമായി പല വസ്തുതകളും കൂടിച്ചേർന്നുകിടക്കുന്നു. അതുകൊണ്ട് പ്രത്യേക നിർവചനം പ്രയാസമാണ്. വായനയുടെ എല്ലാ അംശങ്ങളും സ്പർശിക്കത്തക്ക രീതിയിലാവണം ബോധനം.

## വായനയുടെ പ്രാരംഭം.

വായനയിലുള്ള കഴിവുകൂടാതെ ഒരു കുട്ടിക്കും പാഠത്തിൽ പുരോഗമിക്കുവാൻ സാദ്ധ്യമല്ല. വായിക്കാൻ മോശപ്പെട്ടവരുടെ വ്യക്തിത്വം മോശപ്പെടും. വായനയിൽ മോശപ്പെട്ടവർ ആവർത്തിച്ചു പരീക്ഷയിൽ തോൽക്കും. അങ്ങനെ നിരാശരായിട്ടു പള്ളിക്കൂടം വിടുവാൻ നിർബന്ധരാകും.

വായനയിൽ മൂന്നു ഘടകങ്ങൾ സുപ്രധാനമാണ്:

1. അച്ചടിച്ചതോ എഴുതിയതോ ആയ അക്ഷരപ്രതീകത്തിന്റെ ദ്രുതവും അന്യൂനവുമായ അവധാരണം.

2. രചയിതാവിന്റെ ആശയം പൂർണ്ണമായി ഗ്രഹിക്കൽ

3. വായിച്ച ഭാഗത്തു നിന്നും ഗ്രഹിച്ചതു് പ്രയോഗിക്കുവാനും ആസ്വദിക്കുവാനും മൂല്യനിർണ്ണയം ചെയ്യുവാനുമുള്ള കഴിവ്.

ആശയഗ്രഹണത്തോടു കൂടി വിചിന്തനത്തിനുള്ള കഴിവും വായനയോടുകൂടി നേടണം.

എല്ലാ കുട്ടികളും വായന ആരംഭിക്കുന്നതു് ഒരേ പശ്ചാത്തലത്തിലല്ല. ശാരീരികവും മാനസികവും വൈകാരികവുമായ അംശങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ വ്യത്യാസം കാണാം. ഈ വൈജാത്യങ്ങൾ വായനയ്ക്കു തടസ്സമായും തീർന്നേക്കാം.

വായനയിൽ നേരിടുന്ന വൈഷമ്യങ്ങളിൽ പലതും വിദ്യാലയത്തിൽ പ്രവേശിച്ച കാലഘട്ടം മുതൽക്കോ അതല്ല ഒന്നാം ക്ലാസ്സിലെ ആദ്യഘട്ടം മുതൽക്കോ ആയിരിക്കണം സംഭവിച്ചതു്. വളർച്ചയിലും ചുറ്റുപാടിലും വളരെ അന്തരമുള്ള കുട്ടികളാണു് ഒന്നാം ക്ലാസ്സിൽ കാണുക. ചിലർ വായനയ്ക്കു കഴിവുറ്റവരായിരിക്കും. ചിലർക്കു പലതരം വൈഷമ്യങ്ങൾ കാണും. ഒന്നാം ക്ലാസ്സിൽ വരുന്നവരിൽ 25% (Fallin) 40%

(Hildreth) 7 % (Orme) എന്നീ ക്രമത്തിൽ വായനക്കു പ്രാപ്തിയില്ലാത്തവരാണെന്നു പഠനങ്ങൾ വെളിപ്പെടുത്തുന്നു. കെൻറിൽ നടത്തിയ പഠനവും വൈയക്തികമായ ശേഷിവ്യത്യാസം വ്യക്തമാക്കുന്നു. കെൻറിൽ പരീക്ഷണത്തിനു വിധേയമാക്കിയ 60 പള്ളിക്കൂടത്തിൽ 55-ലും കുട്ടികൾ വായന തുടങ്ങുന്നതു വിദ്യാലയത്തിൽ വന്നശേഷമാണു്. അപ്പു വിദ്യാലയത്തിൽ നേരത്തെ തന്നെ വിദ്യാർത്ഥികളെ വായന അഭ്യസിപ്പിച്ചിട്ടുണ്ടു്. ഭാരതത്തിലും ഒന്നാം ക്ലാസ്സിൽ വരുന്ന കുട്ടികളിൽ എത്രപേർ വായനക്കു തയ്യാറെടുപ്പു കഴിഞ്ഞവരെന്നും, കുട്ടികളുടെ നിലവാരം എപ്രകാരമാണെന്നും, ഗവേഷണം ചെയ്തു കണ്ടുപിടിക്കേണ്ടതുണ്ടു്.

ആന്തരികശേഷിയും പഠിത്തവും വായനക്കു സഹായിക്കുമെങ്കിലും വായനക്കു ആധാരമായ മററു പരിതഃസ്ഥിതികൾ പ്രായം, ബുദ്ധി, ആൺ പെൺ തര ദൃശ്യവേദനം, ശ്രാവ്യവേദനം, ശരീരയോഗ്യത, ലോകപരിചയം, ഭാഷാസിദ്ധി വൈയക്തികവും സാമൂഹികവുമായ ഒത്തിരിപ്പു് (പൊരുത്തനില) താത്പര്യം, എന്നിവയാണു്. ഓരോന്നിനെപ്പററിയും ഒന്നു രണ്ടു വാക്കു പറയുന്നതു അനുചിതമാകയില്ല.

പ്രായം:

ജനനപ്രകാരമുള്ള വയസ്സു് വായനയുടെ കഴിവിന്റെ ശരിയായ സൂചന നല്കുകയില്ല. കൂടുതൽ പ്രായംചെന്നവർ കൂടുതൽ കാര്യമായി വായിക്കാറുണ്ടു്.

ബുദ്ധി:

സാമാന്യബുദ്ധിയാണു് മറെറാരു കാര്യം. സാമാന്യം ബുദ്ധി വികസിച്ച കുട്ടിക്കു മാത്രമേ വായന തുടങ്ങാറു. ഇതിലേക്കുള്ള മാനസിക വയസ്സു് (Mental age) 6·5 എന്നൊരു അഭിപ്രായമുണ്ടു്. വൈയക്തികമായി ശ്രദ്ധചെലുത്തിയാൽ 5 കൊല്ലം (മാനസികവയസ്സു്) ആയവരെയും വായന പഠിപ്പിക്കാമെന്നു ഗേററ്സ് എന്ന വിദ്യാഭ്യാസവിചക്ഷണൻ അഭിപ്രായപ്പെടുന്നു.

ലിംഗവ്യത്യാസം:

പെൺകുട്ടികൾ ശൈശവത്തിൽ ആൺകുട്ടികളെക്കാൾ ഭാഷാപരമായി കഴിവുള്ളവരായിക്കാണുന്നു. പഠനവൈഷമ്യം ആൺകുട്ടികൾക്കാണു് പെൺകുട്ടികളെക്കാൾ കൂടുതൽ.

ദൃശ്യസംവേദനവും ശ്രാവ്യസംവേദനവും:

വായിക്കാൻ തുടങ്ങുമ്പോൾ അക്ഷരത്തിലോ ചിഹ്നത്തിലോ ഉള്ള ചില സാമ്യങ്ങളെ നോക്കിക്കൊണ്ടു വായിച്ചുതുടങ്ങും. അതിലേക്കു രൂപങ്ങൾ തിരിച്ചറിയാൻ സൗകര്യം നൽകണം. വ റ, ച റ; ത, ന; ല, ഘ; ഇത്തരം വ്യത്യാസങ്ങൾ തിരിച്ചറിയത്തക്കവണ്ണം വായനയ്ക്കുള്ള സന്നദ്ധതാഭ്യാസം (Reading Readiness ptactice) നൽകണം.

വിപരീതപ്രവർത്തനം (Reversal) കുട്ടികളെ ബാധിക്കുന്ന മറ്റൊരു പിശകാണ്. (ഉദാ: ഗ, ഡ; ഢ, സ; ന, ന്ന; ത്പ, പ്ത) ദൃശ്യസംവേദനം വായനയിൽ ഒരു നിയാമകഘടകമാണെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ശ്രാവ്യസംവേദനവും മറ്റൊരു പ്രധാനഘടകമത്രേ. ശബ്ദത്തിൽ ശ്രദ്ധിച്ചു തിരിച്ചറിഞ്ഞാൽ ശബ്ദപ്രതീകത്തെ ശബ്ദരൂപമായും അതിന്റെ അർത്ഥവുമായും ബന്ധിക്കയും ബന്ധിക്കുവാൻ സഹായിക്കുകയും ചെയ്യും. ശരിയായ ശ്രാവ്യസംവേദനമില്ലെങ്കിൽ ശുദ്ധസഹജമായ ഉച്ചാരണം തുടർന്നുകൊണ്ടിരിക്കും (ഉദാ: വേഷം; ദേശം, വേസം; ഫലം; പലം; നിധി, നീതി; വേദന, വേതന, ഇതിൽനിന്നു തെളിയുന്ന ഒരു കാര്യം ശ്രാവ്യസംവേദനം സുപ്രധാനമായ ഘടകമാണെന്നും അതിനെ വേണ്ടവിധം വിവേചിച്ചറിയാൻ കഴിവുണ്ടാകുന്നമെന്നുമാണ്.

ശാരീരികശേഷി:

നല്ല ആരോഗ്യമുള്ള കുട്ടി വായനയിൽ കൂടുതൽ മിടുക്കുകാണിക്കും. ചെവിക്കും കണ്ണിനുമുള്ള കേടും വായനയെ ബാധിക്കുന്നു. തൂക്കം, പൊക്കം, അസ്ഥിയുടെ വളർച്ച തുടങ്ങിയ ശാരീരികയോഗ്യതകൾ വായനയെ ബാധിക്കുന്ന മററു ഉപാധികളാണ്.

പൂർവ്വവിജ്ഞാനം

സാർത്ഥകമായ അനുഭവങ്ങൾ: തനിക്കു ശരിക്ക് ബോദ്ധ്യപ്പെട്ട അനുഭവങ്ങൾ ഉള്ള വിദ്യാർത്ഥികൾ വായനയിൽ എളുപ്പം നിപുണരായിത്തീരുന്നു. പദങ്ങളും ആശയങ്ങളും അനുഭവങ്ങളും നിരീക്ഷണവും മററും ഉള്ള വിദ്യാർത്ഥികൾ അത്തരം നേട്ടങ്ങളില്ലാത്ത കുട്ടികളെക്കാൾ മുന്നാക്കം നിൽക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. സാമ്പത്തിക ശേഷിയു

ള്ള വീട്ടുകളിലെ കുട്ടികൾക്കു ഭാഷാപരമായ കഴിവു കൂടും. ഇതു് എല്ലായ്പ്പോഴും ശരിയാകണമെന്നില്ല.

ബൗദ്ധികമായ പ്രചോദനവും ഗൃഹത്തിലെ അന്തരീക്ഷവും ഭാഷാശേഷി കുട്ടിക്കു ഉണ്ടാക്കുന്നതാണെങ്കിൽ അതു വായനയ്ക്കു സഹായിക്കും. വായന തുടങ്ങാൻ കുട്ടിക്കു സിദ്ധിച്ചിരിക്കേണ്ട കാര്യങ്ങൾ (1) ഭാഷണ പദാവലിയിൽ നല്ല സ്വാധീനം, (2) വാക്യ രീതികളുമായി നല്ല പരിചയം എന്നിവയാണു്. ഗൃഹത്തിലെ ചുററുപാടും കുട്ടിയുടെ ബുദ്ധിയുമാണു് ഇവയ്ക്കു അടിസ്ഥാനമായിരിക്കുന്ന കാരണങ്ങൾ.

## വൈയക്തികവും സാമൂഹികവുമായ ഒത്തിരിപ്പു് അഥവാ പൊരുത്തം:

ചില കുട്ടികൾ ആദ്യം മുതൽക്കേ സന്തുഷ്ടരും ആത്മവിശ്വാസമുള്ളവരും, സ്വാശ്രയശീലമുള്ളവരും, സ്ഥിരചിത്തരുമായിരിക്കും. അവർ വിദ്യാലയ പ്രവർത്തനങ്ങളിൽ മനഃപൂർവം, സസന്തോഷം പങ്കുകൊള്ളുന്നു. വ്യക്തിപരമായി മാത്രമല്ല സാമൂഹികമായ ചുററുപാടിലും പൊരുത്തപ്പെട്ടു പോകുന്നവർക്കു വായനയിൽ സുഗമമായി കഴിവു നേടാം. താരതമ്യേന സന്തുഷ്ടി കുറഞ്ഞവരും ആത്മവിശ്വാസമില്ലാത്തവരും ലജ്ജാലുക്കളും ഭയശീലരുമായിക്കാണുന്നവർ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളാൻ ഭയപ്പെടുന്നു. അവർക്കു വായന ഒരു പ്രശ്നമായിത്തന്നെ തീരാറുണ്ടു്. വായനയ്ക്കു സഹായകമായ ചുററുപാടുകൾ. വൈകാരികമായ സ്ഥിരത (2) സജീവവും സഹകരണാത്മകവുമായി സംഘപ്രവർത്തനങ്ങളിൽ പങ്കുകൊള്ളുന്ന ശീലം.

## താത്പര്യം:

വായനയ്ക്കു താത്പര്യമില്ലാതെ വായിപ്പിക്കുവാൻ പ്രയാസമാണു്. താത്പര്യമുളവാക്കാൻ പററിയമാർഗ്ഗം ആരായേണ്ടതുണ്ടു്. ചിത്രപുസ്തകങ്ങളും കഥാശ്രവണവും വായനയ്ക്കു പ്രേരകമാവും.

## പഠനാരംഭത്തിന്റെ മൂല്യനിർണ്ണയം:

വായനാശേഷി വളരുന്നതു് ചില നൈപുണ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ശ്രാവ്യസംവേദനം, പേശീസംവിധാനം, ചലനനൈപുണ്യം ഭാഷാശേഷി എന്നിവയിലുള്ള ശക്തി ഭാഷാപരമായി കഴിവു് നേടി കൊടുക്കുന്നു. ഇവയിൽ വളർച്ചനേടുന്നതു് ഈ പ്രകരണത്തിൽ ആദ്യ ഭാഗത്തു പറഞ്ഞ കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇവയിലെല്ലാം

വേണ്ട വിവരങ്ങൾ ശേഖരിക്കാൻ ഒരു ഒററമാർഗ്ഗം ഇല്ല. പരീക്ഷകൾ, നിരീക്ഷണം, ഗൃഹത്തിൽനിന്നു ശേഖരിക്കുന്ന വിവരങ്ങൾ എന്നിവയാണ് സ്വീകരിക്കാവുന്ന ചില മാർഗ്ഗങ്ങൾ. ശ്രാവ്യശേഷി ദർശനശേഷി, ആരോഗ്യനില, ഗ്രഹണശേഷി, പദസിദ്ധി, ഭാഷണശുദ്ധി, പഠനകൗതുകം, വിദ്യാലയ പ്രവൃത്തികളിൽ ഉള്ള പങ്കാളിത്തം നിർദ്ദേശങ്ങൾ അനുസരിക്കാനുള്ള കഴിവ് എന്നിവയെപ്പററി അദ്ധ്യാപകനു പഠനസന്നദ്ധതാ പരീക്ഷയും നടത്താം.

റീഡിംഗ്റെഡിനസ്സ്ടെസ്റ്റ് നടത്താം. ഈ ടെസ്റ്റ്കൊണ്ട് ഗ്രഹിക്കുവാൻ സാധിക്കുന്നത്. (1) വായനയുടെ യാന്ത്രികവശം, (2) ഗ്രഹണാംശം എന്നിവയിൽ കുട്ടിക്കുള്ള സിദ്ധിയെപ്പററിയാണ്. അതിലേക്കു ടെസ്ററ് ഉണ്ടാക്കുവാൻ കുട്ടിക്കു അറിയാവുന്ന വാക്കുകളെയും നിത്യാനുഭവങ്ങളെയുംപററി ചോദ്യങ്ങൾ നല്കണം. കുട്ടിക്കു പരിചിതമായ പദങ്ങളുടെയും വാക്യമാതൃകകളുടെയും കണക്കു ഉണ്ടാക്കണം. അതിൽ നിന്നു ഒരു പദാവലി നിർമ്മിക്കണം. എന്നിട്ടു പലവിധ ടെസ്റ്റും നൽകാം. പ്രധാനപ്പെട്ട ടെസ്റ്റുകൾ, പദാർത്ഥശോധന (word meaning test വാക്യാർത്ഥശോധന(Sentence meaning test) പകർത്തൽശോധന Copying tes:) ദൃശ്യസംവേദനം (Visual perception) ശ്രാവ്യവിവേചനം (Auditory dis:crimination)· എന്നിവയാണ്.

ഈ ടെസ്ററുകൾ മുഖേന കുട്ടികളുടെ പോരായ്മകൾ മനസ്സിലാക്കി പരിഹാരബോധനം നടത്തുവാൻ സാധിക്കും. അനുഭവം കുറവുള്ള വിദ്യാർത്ഥിക്കു കൂടുതൽ അനുഭവം ഉണ്ടാക്കിക്കൊടുക്കുവാൻ ശ്രദ്ധിക്കണം ശ്രവിക്കുവാനും പറയുവാനും കൂടുതൽ അനുഭവങ്ങൾ ഉണ്ടാക്കുവാനും ധാരാളം സന്ദർഭങ്ങൾ നൽകിയാൽ ഭാഷാശേഷി കൂടും. ദൃശ്യസംവേദനം മോശപ്പെട്ട കുട്ടികൾക്ക്, കളിമൺ ചിത്രവേല, ചിത്രരചന, രൂപരേഖയെ ചുററിയെഴുതൽ എന്നിവയാകാം. രൂപസാദൃശ്യവൈജാത്യങ്ങൾ പറയാൻ ആവശ്യപ്പെടാം. ചിത്ര പ്രഹേളികകളും നൽകാം.

സഭാകമ്പമുള്ള കുട്ടികളോട് സ്നേഹവും പ്രിയവും, കാണിച്ച് അവരുടെ ലജ്ജയെ ഒഴിവാക്കണം. ഇതുപോലെ വിദ്യാർത്ഥികളുടെ പോരായ്മകൾ ഒഴിവാക്കാൻ പലമാർഗ്ഗങ്ങളും അദ്ധ്യാപകനു കണ്ടെത്താം.

## 8

# വായനാസന്നദ്ധത

വിദ്യാലയത്തിൽ പുതുതായി വന്നുചേരുന്ന വിദ്യാർത്ഥികൾക്കു വിദ്യാലയവുമായി പൊരുത്തപ്പെട്ടു പോകാൻ വളരെക്കാലം വേണ്ടിവരും. വിദ്യാലയപ്രവർത്തനങ്ങളിൽ താത്പര്യം പുലർത്തുവാനും ശ്രദ്ധിക്കുവാനും ആദ്യ രണ്ടു മൂന്നാഴ്ചക്കാലം പലതരം പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതായുണ്ട്. ചെറിയ സംഘപ്രവർത്തനങ്ങൾ അതിലേക്കു അദ്ധ്യാപകൻ സംഘടിപ്പിക്കണം. കഥനലീലകൾ അഭിനയഗാനങ്ങൾ, കഥാഖ്യാനം, ചിത്രകഥാഖ്യാനം, തുടങ്ങിയ പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ വളരെ പ്രയോജനപ്പെടും. ദിവസവും ഈ പ്രവർത്തനങ്ങൾ ഏതാനും മിനിട്ടുനേരം നീണ്ടു നിൽക്കുകയേ വേണ്ടു. വിദ്യാർത്ഥിക്കു പരിചിതമായ ഭാഗങ്ങൾ അച്ചടിച്ചതു വായിക്കുവാൻ അവൻ ഉത്സുകനായിരിക്കും, ആശയങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ധാരാളം ഉണ്ടാക്കിക്കൊടുത്താൽ വിദ്യാർത്ഥി വായിക്കുന്ന കഥ ധരിക്കും.

ധാരണയിൽ ഉറച്ച ആശയങ്ങൾ വഴിയായി, വായിക്കുന്ന ശബ്ദങ്ങൾ മനസ്സിലാകുവാനും, ആ പദങ്ങളുടെ രൂപം മനസ്സിലുറപ്പുവാനും, ഉതകുന്നു. സന്ദർഭംവഴി നൂതനപദങ്ങളുടെ ഗ്രഹണത്തിനും ധരിച്ച ആശയങ്ങൾ സഹായിക്കുന്നു. 'കലപ്പകൊണ്ടു കർഷകർ ഉഴുന്നു' എന്ന വാക്യമെടുക്കാം. അതിൽ കലപ്പ എന്ന പദം വിദ്യാർത്ഥിക്കു അറിഞ്ഞുകൂടാത്തതാണെങ്കിലും കർഷകൻ ഉഴവു നടത്തുന്നതു കണ്ടിട്ടുണ്ടെങ്കിൽ ആ പദം കലപ്പ എന്നു മനസ്സിലാകും. അദ്ധ്യാപകൻ വായന പഠിപ്പിക്കുവാൻ ഉപയോഗിക്കുന്ന പുസ്തകം പരിശോധിച്ച് അതിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശയങ്ങൾ പരിശോധിച്ച് വിദ്യാർത്ഥിയുടെ അനുഭവപരിധിയിൽപ്പെട്ടവയാണോ ആ ആശയങ്ങൾ എന്നു കണ്ടറിയുകയും ഇല്ലെങ്കിൽ അനുഭവങ്ങൾ നല്കുവാൻ ശ്രദ്ധിക്കുകയും വേണം.

സാർത്ഥകമായ ആശയങ്ങൾ നേടുവാനുള്ള അനുഭവങ്ങൾ പലതരത്തിലുള്ളതും, യഥാർത്ഥമായിട്ടുള്ളതും പ്രാധാന്യമർഹിക്കുന്നതുമായിരിക്കണം. ജീവിതമൂല്യങ്ങളെയും ഉള്ളിൽ കണ്ടുകൊണ്ടുവേണം അനുഭവങ്ങൾ

നല്കുക. കുട്ടികളുടെ താല്കാലികതാല്പര്യങ്ങളോ സൗകര്യങ്ങളോ, കീഴ്‌വഴക്കങ്ങളോ മാത്രംനോക്കി അനുഭവം നല്കിയാൽ പോരാ. ചില കാര്യങ്ങളിൽ, പരിമിതമായ അംശത്തിൽമാത്രം താല്പര്യം കാണിക്കുന്നവരായിരിക്കും. മോശപ്പെട്ട ചുറ്റുപാടുകളിൽനിന്നു വരുന്നവർക്കുവേണ്ടി അനുഭവങ്ങൾ നല്കുക എന്നതു അദ്ധ്യാപകന്റെ ധർമ്മമാണ്; ലക്ഷ്യവുമാണ്. മാത്രമല്ല അവ വിദ്യാർത്ഥികളുടെ ഭാവിമൂല്യങ്ങളും താല്കാലിക മൂല്യങ്ങളും ഉള്ളവയും ഗ്രഹണപരിധിയിൽപ്പെട്ടവയുമായിരിക്കണം. ചൊല്ലുന്നപദവും അതിന്റെ അർത്ഥവുമായി ബന്ധിക്കുവാൻ ചിത്രങ്ങൾ വളരെ ഉപകരിക്കും. അനുഭവം കൂടുന്നതിനനുസരിച്ച് വിശകലനംചെയ്തു തീരുമാനിക്കാനുള്ള കഴിവും കൂടും. പൂന്തോട്ടനിർമ്മാണം സസ്യകൃഷി പാഠപര്യടനം, തപാലാഫീസ് കൃഷിയിടം എന്നിവയുടെ സന്ദർശനം, നാടകാഭിനയം തൈരുകടഞ്ഞു വെണ്ണയെടുപ്പ്, വീട്ടുമൃഗങ്ങളുടെ പരിപാലനം, തുടങ്ങിയവയിൽ വിദ്യാർത്ഥികൾക്ക് രസകരങ്ങളായ അനുഭവങ്ങൾ നല്കുന്നു. വായനയിൽ കണ്ടുമുട്ടാവുന്ന ആശയങ്ങൾ വ്യക്തീകരിക്കാനും ആ ആശയങ്ങൾക്കു രൂപംകൊടുക്കുവാനും, സ്വയം നേടുന്ന അനുഭവങ്ങൾ വളരെ ആവശ്യമത്രെ.

## വായനാ പരിശീലനം

വായന ചിന്താവ്യാപാരമായതുകൊണ്ട് പ്രാശ്നികചിന്തനം (problematic thinking) വായനാസന്നദ്ധതാ പരിപാടിയിൽ സ്ഥാനം അർഹിക്കുന്നു. അതിബാല്യത്തിൽതന്നെ ചോദ്യങ്ങൾ ചോദിക്കുവാനും ചോദ്യം ചെയ്യുവാനും, വിചിന്തനത്തിനും, സംഗതമായ ആശയങ്ങൾ തിരഞ്ഞെടുക്കാനും, തീരുമാനങ്ങളിൽ എത്തിച്ചേരുവാനും അനുമാനിക്കുവാനും കുട്ടിയെ പരിശീലിപ്പിക്കണം.

### പ്രാശ്നികചിന്തനത്തിനുള്ള സിദ്ധി എങ്ങനെ വികസിപ്പിക്കാം?

1. ചിന്തോദ്ദീപകങ്ങളായ ചോദ്യങ്ങൾ നല്കുക. വിദ്യാർത്ഥി കഥാപാത്രത്തിന്റെ സ്ഥാനത്തായിരുന്നെങ്കിൽ എന്തുചെയ്യും. കഥാപാത്രത്തിന്റെ ചെയ്തികൾ ശരിയാണെന്നു വിചാരിക്കുന്നോ? നിങ്ങൾ ഒരു പ്രവൃത്തി ശരിയാണെന്നു വിചാരിക്കുന്നോ? നിങ്ങൾ ഒരു പ്രവൃത്തിശരിയാണെന്നു വിചാരിക്കുന്നതെന്തുകൊണ്ട്? ഈ തരത്തിലുള്ള ചോദ്യങ്ങൾക്കുത്തരം കാണട്ടെ.

2. ചില പ്രത്യേക സംഭവങ്ങൾക്കും പ്രതിഭാസങ്ങൾക്കും ഉള്ള ഉത്തരം കണ്ടുപിടിക്കുക.

3. ദിവസേന കുട്ടികൾക്ക് നേരിടേണ്ടിവരുന്ന ചെറിയ ചെറിയ പ്രശ്നങ്ങളെ ആസ്പദമാക്കി ചിന്തിപ്പിക്കുക. ഒരു ചിത്രം നന്നായിരിക്കുന്നതെങ്ങനെ? ഒരു കളിപ്പാട്ടം, യഥാർത്ഥവസ്തു എന്നു തോന്നത്തക്കവിധത്തിൽ നിർമ്മിക്കുന്നതെങ്ങനെ?

4. അനുഭവങ്ങളിൽ നിന്നു നിരീക്ഷണങ്ങളിലെത്തിച്ചേരുക, അനുമാനങ്ങളിലെത്തിച്ചേരുക, അസാദ്ധ്യമായ കാര്യങ്ങൾ ചിത്രണം ചെയ്തിട്ടുള്ള പടങ്ങൾ പ്രദർശിപ്പിച്ചശേഷം അസ്വാഭാവികതയോ അസംഭാവ്യതയോ പറയിക്കുക. പല ജാതി വസ്തുക്കളുടെയോ ജീവികളുടെയോ ചിത്രങ്ങൾ നല്കി ഇനം തിരിപ്പിക്കുക. ഇത്തരം പ്രവർത്തനങ്ങളുമാകാം.

5. കുട്ടി കാരണം ചോദിക്കുമ്പോൾ കുട്ടിക്കു പറയാൻ കഴിയുന്ന കാരണവും പറയിക്കുക. ഉത്തരം കാണാൻ കുട്ടിയെ സഹായിക്കണം.

6. വിജയം ആത്മവിശ്വാസത്തിലേക്കു നയിക്കുന്നു. തന്റെ പദ്ധതികളും പ്രവർത്തനവും, പെരുമാറ്റവും ശീലവും വിലയിരുത്തുവാൻ കുട്ടിയെ സഹായിക്കണം.

## ഭാഷാസിദ്ധികളുടെ വികാസം.

പരിസരവുമായി പൊരുത്തപ്പെട്ടുപോകുവാനും ചിന്തിക്കുവാനും പ്രശ്നങ്ങൾക്കു ഉത്തരം കണ്ടെത്തുവാനും ജ്ഞാനം ക്രമവത്കരിക്കുവാനും ഭാഷ കൂടാതെ കഴിയുകയില്ല. സാമൂഹികമായി പരസ്പരം ആശയം കൈമാറാൻ ഭാഷ അനുപേക്ഷണീയമാണ്. കളിക്കായാലും വികാരവിരേചനത്തിനായാലും കാല്പനികക്രീഡകളിൽ ഏർപ്പെടാനായാലും ഭാഷ വേണം. ഭാഷാനൈപുണ്യം നേടുന്നതിന്റെ പ്രാധാന്യം ഊഹ്യമാണല്ലോ.

ഏതുതരം ബോധനത്തിനും ഭാഷ വേണ്ടതത്രെ. വായനയായാലും ശ്രവണമായാലും ഭാഷമുഖേന നടക്കുന്ന ബോധനം ആരംഭിക്കുന്നതിനു മുമ്പ് എല്ലാ കുട്ടികൾക്കും സമാനമായ ഒരു ശബ്ദസഞ്ചയം നേടിക്കൊടുക്കണം.

യാതൊരു വിഷമവും കൂടാതെ സംസാരിക്കുന്നവരും നല്ലൊരു ഭാഷണപദാവലി ഈട്ടുവയ്പായി ഉള്ളവരും എളുപ്പത്തിൽ അനസ്യൂതമായി വായിക്കുന്നു. ദ്വിഭാഷാസമ്പ്രദായം (വീട്ടിലൊരു ഭാഷ വിദ്യാലയത്തിൽ മറ്റൊരു ഭാഷ) പ്രചലിതമായിട്ടുള്ള സ്ഥാനങ്ങളിൽ കുട്ടികൾ വായനയിൽ പിന്നോക്കം നില്ക്കുന്നതിനു കാരണം ഗൃഹത്തിലെ സംസാരഭാഷയും വിദ്യാലയത്തിലെ ബോധനഭാഷയും വ്യത്യാസപ്പെടുന്നതാകാം.

ഭാഷണശേഷി വർദ്ധിപ്പിക്കുവാൻ ബൈററ്സ് എന്ന ഭാഷാവിദഗ്ധൻ നല്കുന്ന മാർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്. (1) സംഭാഷണം (2) ചർച്ച (3) കഥാഖ്യാനം (4) സംഭവവിവരണം. (5) ഫലിതംപറച്ചിൽ (6) പ്രഹേളികനല്കൽ (7) നാടകാഭിനയം (8) മൌലികപ്രകടനം (9) പ്രഖ്യാപനം (10) നിർദ്ദേശം (11) സന്ദേശം (12) കഥനം (13) സംഭാഷണം,

ഇതോടുകൂടി ഭാഷണപദാവലിയും വർദ്ധിപ്പിക്കണം. പദാവലി വർദ്ധിപ്പിക്കുവാൻ അനുരൂപമായ സന്ദർഭങ്ങൾ സൃഷ്ടിക്കണം. മൂർത്തമായ ഉദാഹരണങ്ങൾ വേണം അതിലേക്കു തിരഞ്ഞെടുക്കേണ്ടതു്. 'ഭാരം' എന്ന പദത്തിന്റെ അർത്ഥം പഠിപ്പിക്കുവാൻ പല വസ്തുക്കൾവഴിയായി ഭാരത്തെപ്പററി ബോധം ജനിപ്പിക്കണം. വിശദീകരണം ചർച്ച, ദൃഷ്ടാന്തം, കഥ, ചിത്രം എന്നിവയെല്ലാം പദപരിചയത്തിനു സഹായകമാണ്. നാട്ടിൻപുറത്തു ബോട്ടുകണ്ടിട്ടില്ലാത്ത കുട്ടി കണ്ടേയ്ക്കാം. ആ കുട്ടിയെ ബോട്ടു കാണിക്കാൻ ഒരു ബോട്ടിന്റെ മോഡൽ ഉപയോഗിക്കാം. ചിത്രവും ഉപയോഗിക്കാം. പര്യായപദവും വിപരീതപദവും മററും സാന്ദർഭികമായി അവതരിപ്പിക്കാം. ഒരേ ആശയംതന്നെ പല രീതിയിൽ പറയിച്ച് ഏതു വാക്യമാണ് ഏററവും യോജിച്ചതെന്നും പറയിക്കാം.

ശുദ്ധമായവാചനവും ഉച്ചാരണവും.

ഭാഷാസന്നദ്ധതയുടെ മൂന്നാം അംശമാണിതു്. അശുദ്ധമായ സംസാരം പദംവായിക്കുന്നതിൽ കുഴപ്പം സൃഷ്ടിക്കുകയും തന്മൂലം വായനയെ ബാധിക്കുകയും ചെയ്യും. സ്വനനശക്തി ശരിക്കും സിദ്ധിച്ചിട്ടില്ലാത്തവർ മററുള്ളവർ പറയുന്നതുപോലെയോ ഉച്ചരിക്കുന്നതുപോലെയോ ചെയ്യുന്നവരാകയില്ല. വായനയുടെ യാന്ത്രികാംശത്തിലും ഗ്രഹണാംശത്തിലും ഇത്തരം സ്വനനദൂഷ്യമുള്ള കുട്ടികൾ വികലരായി കാണാം. വാചനവും

ഉച്ചാരണവും ശരിയും ശുദ്ധവുമാകണമെങ്കിൽ ഉദാഹരണംമൂലമേ സാദ്ധ്യമാവൂ. അനുകരണമാണല്ലോ ഭാഷാപഠനത്തിന്റെ കാതലായ അംശം. അനുകരണംകൊണ്ടു നല്ല ശീലങ്ങൾ ഉണ്ടാകാം. കേട്ടതുപോലെ മാത്രമേ കുഞ്ഞുങ്ങൾ ഉച്ചരിക്കൂ. നല്ല ശ്രവണശേഷിയുണ്ടെങ്കിൽ ഉച്ചാരണവും ഭദ്രമായിരിക്കും. അദ്ധ്യാപകൻ വ്യക്തമായിത്തന്നെ ഉച്ചരിക്കണം. വിദ്യാർത്ഥി തെററിച്ചുച്ചരിക്കുന്നതോ വിഗണിക്കുന്നതോ പകരം വയ്ക്കുന്നതോ ആയ വർണ്ണങ്ങൾ അദ്ധ്യാപകൻ പ്രത്യേകം കുറിച്ചിടണം.

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ സ്വനനം മെച്ചപ്പെടുന്നതാണ്. (1) പ്രയാസമുള്ള പുത്യപദം ശരിക്കു ശ്രദ്ധിക്കുക. (2 ശരിയായി ഉച്ചരിക്കുവാൻ വാഗിന്ദ്രിയത്തിന്റെ ഏതേതെല്ലാം ഭാഗങ്ങൾ ഉപയോഗിക്കണമെന്നു കാണിക്കുക)

3. ഉച്ചാരണേന്ദ്രിയങ്ങൾക്കും ജിഹ്വയ്ക്കും ഓഷ്ഠങ്ങൾക്കും വിശ്രമത്തിനു സന്ദർഭം നല്കുക.

ദൃശ്യസംവേദന വിവേചനത്തിനുള്ള പരിശീലനം:

എളുപ്പം ശരിയായി വായിക്കണമെങ്കിൽ ദൃശ്യസംവേദനക്ഷമതയും കുട്ടിക്കുണ്ടായിരിക്കണം. പദങ്ങളും അക്ഷരങ്ങളും തിരിച്ചറിയാനും ഇടത്തുനിന്നും വലത്തോട്ടു വായിക്കുവാനും പരിശീലനം ആവശ്യമാണ്. ഒരു വരിയുടെ അവസാനത്തിൽനിന്നും അടുത്തവരിയുടെ ആരംഭംവരെയും, പുറത്തിന്റെ മുകളററത്തുനിന്നും താഴെ അററംവരെയും കണ്ണോടിക്കുവാനും പദവും വാക്യവും തമ്മിൽ തിരിച്ചറിയാനും പദസാദൃശ്യം തിരിച്ചറിയാനും പദത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയാനും സന്ദർഭാനുസരണം പദം തിരിച്ചറിയാനും പരിചയം നേടേണ്ടതായുണ്ട്.

ഇടത്ത് വലത്ത് എന്നീ ആശയം കുട്ടിക്കുണ്ടായിരിക്കണം. എങ്കിലേ ഇടത്തുനിന്നു വലത്തോട്ട് വായിക്കുകയുള്ളു. എഴുത്തും വായനയും ഇടത്തുനിന്നും വലത്തോട്ടാണെന്നു കുട്ടി ധരിക്കണം. ബോർഡിൽ അക്ഷരങ്ങൾ എഴുതി പദങ്ങളും വാക്യങ്ങളും രചിക്കുമ്പോൾ വായിച്ച് ഇടത്തുനിന്നും വലത്തോട്ടുള്ള ഗതി സൂചിപ്പിക്കണം.

ചിത്രങ്ങളിലൂടെ സംഭവപരമ്പര ചിത്രണംചെയ്യാൻ ഇടത്തുനിന്നു വലത്തോട്ടു വായിക്കണം. പദയോജനാഭ്യാസങ്ങൾ നല്കി ഇടത്തുനിന്നും

വലത്തോട്ട് വായിച്ച് ഒരേപോലുള്ള പദങ്ങൾ ചേൎത്തുപറയാൻ ആവശ്യപ്പെടാം. ഉദാഹരണമായി (1) വറ, മറ, പറ, റവ (അക്ഷരം മറിച്ചിട്ടതു്) (2) കള്ള, തള്ള, മാളം, ചുള്ള, വള്ള (അതേ അക്ഷരങ്ങൾ ഒരുപോലെ അടുക്കിയിട്ടുള്ളതു്.) വായനതുടങ്ങുന്നതിനു മുമ്പും വായനയുടെ ആരംഭഘട്ടത്തിലും ഇത്തരം അഭ്യാസങ്ങൾ വേണ്ടതാണു്. ഇടത്തുനിന്നും വലത്തോട്ട് എന്നും, മുകളിൽനിന്നും താഴോട്ട് എന്നുംപറഞ്ഞാൽ എന്താണെന്നും കുട്ടി ധരിക്കണം.

വിവേചിച്ചറിയാൻ ആവശ്യമായ അഭ്യാസങ്ങൾ നല്കുമ്പോൾ പദങ്ങളുടെ സ്വരൂപവും പദാംശങ്ങളും, അക്ഷരങ്ങളും തിരിച്ചറിയാനും കഴിയത്തക്കവണ്ണം അഭ്യാസങ്ങൾ നൽകണം. പദത്തിന്റെ ഉച്ചാരണമോ അൎത്ഥമോ അറിയണമെന്നില്ല. ഈ ഘട്ടത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ കാര്യത്തിൽ വലിയ ജോടിചിത്രങ്ങളിലുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ കഴിയാറായിട്ട് പദത്തിലേക്കു പോകാം.

ഒരുതരം അക്ഷരത്തിൽനിന്നും മറ്റൊരുതരം അക്ഷരത്തെ തിരിച്ചറിയാനുള്ള അഭ്യാസങ്ങളും നല്കാം.

ഉദാ: ഒരു അന്ത്യത്തോടുകൂടിയപദം.

വരുന്നു: തരുന്നു, കോരുന്നു, വരുന്നു

തന്നിട്ടുള്ള പദത്തിന്റെ ആദ്യക്ഷരം, കൊണ്ടു തുടങ്ങുന്ന പദം.

ഉദാ: ജലം, ജനം, ജന്തു, ജട, ജനി.

ഒരക്ഷരവും മറ്റൊരക്ഷരവും തിരിച്ചറിയാനുള്ള കഴിവ് ഉണ്ടാക്കുക

ഡ, സ; ഢ, ഡ; ന, ഗ;

ആദ്യത്തെ പദത്തിൽ കൊടുത്തിരിക്കുന്ന അക്ഷരം ആവൎത്തിച്ചിട്ടുള്ളവ കാണിക്കുക.

വട്ടം, ചട്ടം, തട്ടം, പട്ടം, തോട്ടം, ചാട്ടം.

പരസ്പരം തെറ്റിദ്ധരിക്കാവുന്ന അക്ഷരങ്ങൾ കൂട്ടിക്കലൎത്തി ഇട്ടിട്ടു തിരിച്ചെടുപ്പിക്കുക.

ന്ത, ന്ന, ത്ന, ത്മ, ത്സ, ന്ന.

പദസ്വരൂപവും അക്ഷരസ്വരൂപവും തിരിച്ചറിയാനുള്ളതാണു് ഈ പ്രവൎത്തനങ്ങൾ. ഈ പ്രവൎത്തനം നടക്കുമ്പോൾ അൎത്ഥംഗ്രഹിപ്പിക്കുവാനോ ഉച്ചാരണം പഠിപ്പിക്കുവാനോ ശ്രമിക്കരുതു്. അങ്ങനെ പലതുംകൂടെ

പഠിപ്പിച്ചാൽ കുട്ടി കുഴങ്ങും. വളരെ വ്യത്യസ്തങ്ങളായ പദസാദൃശ്യങ്ങളിൽനിന്നു വളരെ സദൃശങ്ങളായ അക്ഷരങ്ങളിലേക്കുവേണം ബോധനത്തിന്റെ പോക്കു്. ഒന്നാംക്ലാസ്സിൽ വായന തുടങ്ങി കുറേക്കാലംകൂടി ഇത്തരം പ്രവർത്തനം നടത്തണം. വിദ്യാർത്ഥികൾ തെററിക്കുന്ന അക്ഷരങ്ങളും പദങ്ങളും പുതുതായി വായിക്കുവാൻ പോകുന്ന പദങ്ങളുമാണു് ഇത്തരം പ്രവർത്തനത്തിൽ ഉപയോഗിക്കേണ്ടതു്.

പദങ്ങളെ വിദ്യാർത്ഥികളെക്കൊണ്ടു എഴുതിക്കുന്നതും പദസാദൃശ്യം ഉറപ്പിക്കുവാൻ സഹായിക്കാറുണ്ടു്.

ശ്രാവ്യസംവേദനവിവേചനം.

അക്ഷരോച്ചാരണം കേട്ടാൽ തിരിച്ചറിയാൻ കഴിയുന്ന സിദ്ധിയും വായനയിൽ പ്രധാനമാണു്. പദത്തിലെ അക്ഷരാംശം ഉച്ചരിക്കാൻ അറിയുകയില്ലെങ്കിൽ അതും വായനയെ ബാധിക്കും.

ഉച്ചാരണം തിരിച്ചറിയുന്നതു മലയാളത്തെപ്പോലൊരു ഭാഷയിൽ വളരെ പ്രധാനമാണു്. ഉദാഹരണമായി ക, ഖ, ഗ, ഘ; ച, ശ; പ, ഫ ബ, ഭ എന്നിവ തിരിച്ചറിയാൻ അത്രമാത്രം ശ്രാവ്യ സംവേദന സൂക്ഷ്മതയിൽ ശ്രദ്ധിക്കേണ്ടതുണ്ടു്. സദൃശങ്ങളായ ഉച്ചാരണങ്ങളും വിജാതീയങ്ങളായ ഉച്ചാരണങ്ങളും തിരിച്ചറിയാൻ പററുന്ന തരത്തിൽ അഭ്യാസം നൽകേണ്ടതാണു്.

ശ്രാവ്യസംവേദന വിവേചനം വാചികമായി നടത്തണം. കുട്ടി പദങ്ങളുടെ സ്വാഭാവികമായ ഉച്ചാരണം കേൾക്കണം.

ക, ഖ, ഗ, ഘ എന്നീ അക്ഷരങ്ങളുടെ ഉച്ചാരണം ആ അക്ഷരങ്ങൾ കൊണ്ടുതുടങ്ങുന്നതോ ആ അക്ഷരങ്ങൾ ഉൾപ്പെട്ടതോ ആയ പദങ്ങൾ കൊണ്ടു നൽകാം.

അക്ഷരത്തിന്റെ സ്വനം കേട്ടു് ആവർത്തിക്കുന്നതു കൊണ്ടു മാത്രം സ്വനം തിരിച്ചറിയാൻ സാധിക്കയില്ല. അക്ഷരം കാണാതെ ചൊല്ലുന്നതു കൊണ്ടു് ഉച്ചാരണം ശുദ്ധമായിരിക്കണമെന്നില്ല. സ്വാഭാവികസന്ദർഭങ്ങളിൽ പദങ്ങളിലൂടെ അവതരിപ്പിച്ചുവേണം പരിചയിപ്പിക്കുവാൻ. അക്ഷരങ്ങളുടെ ഉച്ചാരണത്തിൽ കാണാവുന്ന സാമ്യവ്യത്യാസങ്ങൾ വ്യക്തമാ

ക്കത്തക്കവണ്ണമായിരിക്കണം നൽകുന്ന അഭ്യാസങ്ങൾ. വൈയക്തികാവശ്യങ്ങളെ പുരസ്കരിച്ചു വേണം ശ്രാവ്യസംവേദന വിവേചനത്തിനുള്ള അഭ്യാസങ്ങൾ നൽകുവാൻ.

ചുവടെ കൊടുത്തിട്ടുള്ള അഭ്യാസങ്ങൾ നോക്കുക.

1. ശ്രവണാഭ്യാസത്തിനു ടാപ്പിംഗ്ഗേയിം ആകാം. അദ്ധ്യാപകൻ ബോർഡിൽ ഉറക്കെയും മേശയിൽ മന്ദമായും കസേരയിൽ വളരെ ഉറക്കെയും തട്ടട്ടെ. അപ്പോൾ കുട്ടികൾ ശ്രദ്ധിക്കണം. ഇതുപോലെ ടാപ്പും ചെയ്യാൻ കുട്ടികളോടു ആവശ്യപ്പെടാം. അല്ലെങ്കിൽ കുട്ടിയുടെ കണ്ണുകൾ കെട്ടിക്കൊണ്ടു് എവിടെയൊക്കെയാണു് 'ടാപ്പു്' ചെയ്യുന്നു എന്നു പറയിക്കാം.

2. ശ്രവണവും ഉച്ചാരണവും

തന, മന, ജന
ഖഗ, മൃഗ, യുഗ

3. പ്രാസമുള്ള പദാവർത്തനം

ചന്ദനം, വന്ദനം, നന്ദനം

പന്തം, കുന്തം, ചന്തം
പക്ഷി, കുക്ഷി, ഭക്ഷണം, ലക്ഷണം
ശ്വാസം, ശ്വാവു്, ശ്വശുരൻ.

4. നിഷ്പന്നരൂപങ്ങൾ പറയുക

വിശ്വാസം, വിശ്വസിക്കുക, വിശ്വാസി, അവിശ്വാസി

5. വളരെ അധികം ആവർത്തിക്കപ്പെടുന്നവണ്ണംവരുന്ന പദങ്ങൾ ഉച്ചരിപ്പിക്കുക. ഉച്ചരിച്ചു കേൾപ്പിക്കുക.

പ, പി, പു, പൃ, പ്പ, പ്ല, പ്ര, പ്യ, പ്ല
സ, സി, സു, സ്ക, സ്സ, സ്ല, സ്ര, സ്യ, സ്ത, സ്ഥ

ഈ അക്ഷരങ്ങൾ വരുന്ന പദങ്ങൾ പറഞ്ഞു കൊടുക്കുക. കുട്ടികൾ ശ്രദ്ധിക്കട്ടെ. അതുകഴിഞ്ഞു ഉച്ചരിക്കട്ടെ.

വായന പഠിക്കാൻ താത്പര്യം ഉണ്ടാക്കിയാൽ വായിക്കാൻ പഠിക്കാൻ ആഗ്രഹിക്കും. വായനയിൽ താത്പര്യം വേണ്ടത്ര ഉണരാത്തതുകൊണ്ടാണു് വായന പലപ്പോഴും വിജയത്തിലെത്താത്തതു്. അദ്ധ്യാപകൻ നല്ലകഥകൾ രസമായി വായിച്ചു കേൾപ്പിക്കുമ്പോൾ അതുപോലുള്ള കഥകൾ വായിക്കുവാൻ വിദ്യാർത്ഥികളും തത്പരരാവും. ചിലപ്പോൾ ചില വസ്തുതകൾ കണ്ടുപിടിക്കാൻ പുസ്തകം വായിക്കുന്നതു കുട്ടികൾ കാണണം. കുട്ടികൾ രസമുള്ളതു വായിക്കുന്നതു കാണുമ്പോൾ കുട്ടി വായന പഠിക്കുവാൻ ജാഗ്രത കാണിക്കും.

ചിത്രങ്ങൾക്കും വസ്തുക്കൾക്കും ചുവട്ടിലായി വാക്കുകൾ എഴുതിയിട്ടുള്ളതും നിർദ്ദേശങ്ങൾ, പരസ്യങ്ങൾ എന്നിവ എഴുതിത്തൂക്കിയിട്ടുള്ളതും വായനയുടെ ആവശ്യത്തെപ്പററി ബോധവാന്മാരാക്കി ആ വഴിക്കു കുട്ടിയെ തിരിക്കാൻ പ്രയോജനപ്പെടും. രസകരമായ പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ ഒരററത്തു പ്രദർശിപ്പിക്കുന്നതും താത്പര്യജനകമാണു്. വേണ്ടത്ര ബാലസാഹിത്യം കൈവശമില്ലെങ്കിൽ അദ്ധ്യാപകൻ ശ്രമിച്ചു ഉണ്ടാക്കാവുന്നതേ ഉള്ളൂ. ചിത്രശലഭം ചന്ദ്രൻ തുടങ്ങിയവയുടെ ചിത്രങ്ങളും അവയ്ക്കുതാഴെ അവയെപ്പററിയുള്ള കുട്ടിക്കവിതകളും ഒട്ടിച്ചുവച്ചു ക്ലാസ്സിൽ തൂക്കിയിടുന്നതുംകൊള്ളാം. മീൻപിടിത്തം പട്ടംപറത്തൽ, കളികൾ, നിലമുഴൽ, എന്നിത്യാദി പ്രവൃത്തനങ്ങളുടെ ചിത്രം വരച്ചു ലഘു വിവരണങ്ങൾ ചുവട്ടിലെഴുതി ക്ളാസിൽ പ്രദർശിപ്പിക്കുന്നതും വായനയിൽ താത്പര്യം ജനിപ്പിക്കാതിരിക്കുകയില്ല.

അനുഭവങ്ങളെ ആസ്പദമാക്കി രചിച്ച അനുഭവപാഠമാതൃകകളും ക്ലാസ്സിൽ തൂക്കിയിട്ടു് വായിച്ചു കേൾപ്പിക്കാം. ഇതിന്നു കുട്ടികളെക്കൊണ്ടു വായിപ്പിക്കുന്നതുംകൊള്ളാം.

സ്വതന്ത്രാശക്തിയുടെ വികാസം

ഏതാനും ആശയങ്ങൾ മനസ്സിൽ ഓർത്തുവയ്ക്കാൻ നല്കുന്ന പരിശീലനം വായനയ്ക്കു പ്രയോജനകരമാണു്. കുട്ടിയെ കഥാഖ്യാനത്തിന്റെ സന്ദർഭത്തിൽ സഹകരിപ്പിക്കുന്നതിനും സന്ദർഭംകൊണ്ടു പദംതിരിച്ചറിയുന്നതിനും ഇതു് ഉപകരിക്കും. ദ്രുതഗതിയിലും അനുസ്യൂതമായും വായിക്കുവാനും ഈ രീതിയിൽ പ്രവർത്തിക്കുന്നതു് സഹായകമാകുന്നു.

പ്രാരംഭകാലത്തു സ്മരണ മെച്ചപ്പെടുത്താൻ ചില നിർദ്ദേശങ്ങൾ:

ക്ലാസ്സിലെ പ്രവർത്തനം രസകരമാക്കണം കുട്ടിക്കു താത്പര്യമുണ്ടെങ്കിൽ ശ്രദ്ധ നിലനില്ക്കും. ആദ്യകാലത്തു ക്ലാസ്സുസമയം ഹ്രസ്വമായിരിക്കണം. കുട്ടിക്കു ശ്രവണത്തിനുള്ള സമയവും അയാളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ളശേഷി വർദ്ധിക്കുന്നതനുസരിച്ചുകൂട്ടാം. പുതിയൊരു പ്രവർത്തനം തുടങ്ങുന്നതിനു മുമ്പ് തല്ക്കാലം ചെയ്തുകൊണ്ടിരിക്കുന്ന പണി ചെയ്തുതീർക്കാനുള്ള പരിശീലനം നൽകാൻ അദ്ധ്യാപകൻശ്രദ്ധിക്കണം.

ഹാരിസൺനിർദ്ദേശിച്ച ചില മാർഗ്ഗങ്ങൾ

1. കുട്ടികൾ രസിച്ച കഥ ആവർത്തിച്ചു പറയുക,
2. ബോർഡിൽതൂക്കിയിട്ടുള്ള കഥാചിത്രത്തിലെ സംഭവങ്ങൾ പറയുക.
3. പുസ്തകങ്ങളിൽ നിന്നു ചിത്രങ്ങൾവെട്ടി തുടർച്ചയായി ഒരു കഥ രചിക്കുക.
4. ഒരു അനുഭവകഥയിലെ ഘട്ടങ്ങൾ പറയുക.
5. ഒരു സാധനം നിർമ്മിക്കുന്നതിലുള്ള ഘട്ടങ്ങൾ ഓർക്കുക.
6. അദ്ധ്യാപകർ നല്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുക.

ചില ക്രീഡകളും ഇതിലേക്കു പ്രയോജനപ്പെടുത്താം. ഒരു കഥയിലെ ഒരു വാക്യം ഒരു കുട്ടി പറയുന്നു. മറ്റൊരു കുട്ടി ഒരു വാക്യം ഇങ്ങനെ കഥാഗതി തുടർന്നുകൊണ്ടു പോകണം. കുട്ടിക്കു ആശയം തുടർച്ചയായി മനസ്സിൽ വയ്ക്കാൻ കഴിയുന്നു.

ചിത്രരചന ചിത്രം വെട്ടിയെടുക്കാൻ, പടം വെട്ടിഒട്ടിക്കൽ ചായമിടൽ, അഭിനയഗാനങ്ങൾ എന്നിവ കരനേത്രപരിശീലനത്തിനും ലഘുപേശികളുടെ സംഘടനത്തിനും സഹായിക്കുന്നു.

വിദ്യാർത്ഥികളുടെ പോരായ്മകൾ കണ്ടുപിടിച്ചു അവയ്ക്കു പരിഹാരം നേടുവാനായിരിക്കണം അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതു്. വിജയപൂർവ്വമുള്ള വായനയ്ക്കു വേണ്ട എല്ലാം സന്നാഹങ്ങളും ബാലക്കുവേണ്ടി അദ്ധ്യാപകൻ ഒരുക്കണം.

# വായനപഠിക്കുവാനുള്ള മാർഗ്ഗങ്ങൾ

വായന പഠിപ്പിക്കുവാൻ പല മാർഗ്ഗങ്ങളുണ്ട്. ഓരോ ഭാഷയ്ക്കും ഓരോ മാർഗ്ഗം അനുയോജ്യമായിരിക്കും. കുട്ടി പഠിക്കുന്ന സമ്പ്രദായവും വായനയുടെ സ്വഭാവവും ആണ് ഇവിടെ ശ്രദ്ധിക്കേണ്ടത്.

വർണ്ണസംവിധാനം. ചില കുട്ടികൾ വർണ്ണങ്ങൾ താഴെപറയും പ്രകാരം ചൊല്ലാറുണ്ട്.

അ, ആ, ഇ, ഈ, ഉ, ഊ, ഋ, ൠ, ഌ, ൡ, എ, ഏ, ഐ, ഒ, ഓ, ഔ.

ചിലർ ക ഖ ഗ ഘ ങ....ഇത്യാദി പട്ടികയും അറിഞ്ഞുവെന്നുവരാം.

1. വസ്തുവിന്റെ ചിത്രത്തിൽ വസ്തുവിന്റെ ആദ്യക്ഷരം പ്രതിഷ്ഠിക്കുന്നു.

ഉദാ: വളയുടെ ചിത്രത്തിൽ 'വ' എന്ന അക്ഷരം. ചിത്രത്തിനു പുറത്ത് രണ്ടാമത്തെ അക്ഷരം, തലയുടെ ചിത്രത്തിൽ ത എന്ന അക്ഷരം, ചിത്രത്തിനു പുറത്ത് രണ്ടാമത്തെ അക്ഷരം

2, ജീവിയോ വസ്തുവോ പുറപ്പെടുവിക്കുന്ന ശബ്ദം പദത്തിന്റെ ആദ്യക്ഷരം.

കാക്കയുടെ ചിത്രത്തിൽ കാ എന്ന അക്ഷരം വയ്ക്കാം

3. ഇലയുടെ ചിത്രം വരച്ച് 'ഇ' യും ഇല എന്ന പദവും കാണിക്കുന്നു.

4, പദത്തിലെ അക്ഷരങ്ങൾ ഉച്ചരിക്കുന്നു ത വ ള.

5. ഫ്ളാഷ്കാർഡ് ആവർത്തനത്തിനാണു് ഇവിടെ പ്രാധാന്യം. ഒരു അക്ഷരമുള്ള കാർഡു കാണിക്കുന്നു. ഉച്ചരിപ്പിക്കുന്നു. അക്ഷരമുള്ള കാർഡു കാണിക്കുമ്പോൾ കുട്ടി അതു് ഉച്ചരിക്കുന്നു.

6. 'ഇ' എന്ന അക്ഷരം പഠിപ്പിക്കുന്നുവെന്നിരിക്കട്ടെ. ഇതു്. 'ഇ' എന്ന അക്ഷരമാണു്. എന്നു് ലിപി എഴുതുമ്പോൾ തന്നെ ഉച്ചരിക്കും. ഓരോ അക്ഷരത്തിന്റെയും ലിപി കണ്ടു വായിക്കാൻ കഴിവുണ്ടാകുന്നു.

7. ഏതെല്ലാം രീതികൾ സ്വീകരിക്കണമെന്നു അദ്ധ്യാപകൻ തീരുമാനിക്കണം

സ്വരങ്ങളും വ്യഞ്ജനങ്ങളും അവതരിപ്പിക്കുന്ന സമ്പ്രദായം:

(i) സ്വരവ്യഞ്ജനങ്ങൾ. സ്വരവും വ്യഞ്ജനവും ഒരുമിച്ചു് (വ്യഞ്ജനങ്ങളും സ്വരങ്ങളും ഒരുമിച്ചു്) വ്യഞ്ജനം ആദ്യം സ്വരം പിന്നീടു്. സ്വരം ആദ്യം വ്യഞ്ജനം പിന്നീടു്. രണ്ടും കൂടി കലർത്തിയതു്. ഇതു് യുക്തിമാർഗ്ഗം. (Logical approach)

(ii) വ്യഞ്ജനം, സ്വരം ചേർന്ന വ്യഞ്ജനം; എന്ന ക്രമത്തിൽ അവതരിപ്പിക്കൽ ഇവയുടെ ചാർട്ടുകളും ഉപയോഗിക്കാം.

(iii) സ്വരസാദൃശ്യംകൊണ്ടു് ഇനം തിരിച്ചു പഠിപ്പിക്കുക.

(iv) കവർഗ്ഗം ചവർഗ്ഗം ഇങ്ങനെ ഗ്രൂപ്പുകളായി പഠിപ്പിക്കുക. ഒരേതരം വർണ്ണങ്ങൾ ഏകകാലത്തു പഠിപ്പിക്കുമ്പോൾ സംശയം വരാമെന്നുള്ളതുകൊണ്ടു് ഒരു കാര്യം, ആദ്യം ശരിക്കു പഠിക്കുക. അതുകഴിഞ്ഞു അതിനോടു് അടുത്ത ബന്ധമുള്ള ഒന്നു്. ഈ രീതിയിൽ മുമ്പോട്ടുപോകാം.

(v) ആവശ്യബോധം ജനിപ്പിച്ചു് കുട്ടിക്കു രസകരമായ കാര്യങ്ങൾ പഠിപ്പിക്കുക. ഒരു വാക്കു വായിക്കാൻ ആഗ്രഹമെങ്കിൽ വായിപ്പിക്കുക. എഴുതാൻ ആഗ്രഹമെങ്കിൽ എഴുതിക്കുക. വാക്കിൽ ഉൾപ്പെട്ട അക്ഷരങ്ങളും അതോടുകൂടി പഠിക്കും. ആദ്യത്തെതിൽ എഴുതാനുള്ള ആഗ്രഹമെങ്കിൽ രണ്ടാമത്തേതിൽ കഥ വായിക്കാനുള്ള വാഞ്ഛയാണു മുന്നിട്ടുനിൽക്കുന്നതു്. അവസാനം വ്യഞ്ജനമായിട്ടും സ്വരമായിട്ടും ഉള്ള വിഭജനം.

വ്യഞ്ജനങ്ങളെ സ്വരങ്ങളും വളരെ അടുത്ത സാമ്യം ഉള്ളവ ഒരുമിച്ചു പഠിപ്പിക്കാം. വാക്യാവതരണരീതിയിലോ പദാവതരണരീതിയിലോ

പഠിപ്പിക്കുന്നതുകൊള്ളാം. എങ്കിൽ മാത്രമേ വിജയപൂർവ്വം പഠനം നടക്കൂ. വളരെ സദൃശങ്ങളായ ഉച്ചാരണങ്ങളുള്ള അക്ഷരങ്ങൾ പഠിക്കുവാൻ പ്രയാസമുള്ളതുകൊണ്ടു് പഠനം മന്ദഗതിയിലായിപ്പോകും.

ലേഖനസൗകര്യം പ്രമാണിച്ചുള്ള സംവിധാനം;

1. ലേഖനത്തിനുള്ള ലാഘവം. എഴുതാൻ ലാഘവമുള്ളതു് തുടങ്ങാൻ എപ്പോഴും സാദ്ധ്യമാണെന്നു വരുകയില്ല. കാരണം അക്ഷരം ഉൾപ്പെട്ട പദവും സൗകര്യത്തിനു കിട്ടണം. മുതിർന്നവർക്കു ലാഘവമായിട്ടുള്ളതു കുഞ്ഞുങ്ങൾക്കു ലാഘവമാകണമെന്നില്ല. ഇതുസംബന്ധിച്ചു് ഗവേഷണം നടക്കേണ്ടിയിരിക്കുന്നു. റ, ത, ന, പ, വ, ല, ഈ ക്രമം ലാഘവത്തിൽനിന്നും കഠിനത്തിലേക്കാണു്.

2. സദൃശരൂപങ്ങൾ ഒരുമിച്ചു അവതരിപ്പിക്കുക ഒരേകാലത്തു സാമ്യമുള്ള അക്ഷരങ്ങൾ അവതരിപ്പിക്കുന്നതും കുഴപ്പം ഉണ്ടാക്കാം.

ഇ, ഉ; പ, വ; സഡ; ന്ന, ത്ത.

എല്ലാ അക്ഷരവും അതിന്റെ സംയുക്തരൂപങ്ങളും പഠിപ്പിച്ചു വായന തുടങ്ങുന്നരീതി പലേടത്തും നിലവിലുണ്ടു്. എഴുതാൻ കാഠിന്യമുള്ള അക്ഷരം തുടങ്ങാൻ ആരും ഉദ്യമിക്കുകയില്ല. അക്ഷരം എഴുതുന്നതിനുള്ള കാഠിന്യം വായനയ്ക്കുള്ള പുസ്തകരചനയിൽ വളരെ പ്രാധാന്യമർഹിക്കുന്നില്ലെന്നു പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായമുണ്ടു്.

പഠനവിധാനം:

അക്ഷരങ്ങളെയോ, അക്ഷരോച്ചാരണത്തെയോ, ലേഖനകാഠിന്യത്തെയോ കണക്കിലെടുക്കാതെ പദസാദൃശ്യത്തെ അവലംബിച്ചും വായന പഠിപ്പിക്കുന്നുണ്ടു്. പദത്തിൽനോക്കി അദ്ധ്യാപകൻ പറയുന്നതിനനുസരണമായി ഉച്ചരിച്ചു പഠിക്കുന്നു. പദരൂപം എഴുതുകയും പദം വായിക്കുകയും ചെയ്യുന്നതും നല്ല സമ്പ്രദായമാണു്. സ്വീകരിക്കുന്ന സമ്പ്രദായം എന്തായാലും പദങ്ങളുടെ സംവിധാനം താഴെക്കൊടുത്തിട്ടുള്ളവയിൽ ഒരു രീതി അടിസ്ഥാനമാക്കി ആയിരിക്കും.

1. ശബ്ദങ്ങളുടെ പട്ടിക.

എ. ഒരുകൂട്ടം പദാവലി നിഘണ്ടുവിലെപ്പോലെ കണ്ടറിയുന്നു.

ബി. പദങ്ങളുടെ അർത്ഥമനുസരിച്ചു് വിഭജിക്കാം.

| | | |
|---|---|---|
| വസ്ത്രം | ആഹാരം | കളിപ്പാട്ടം |
| ഉടുപ്പ് | മാങ്ങ | പട്ടം |
| കോട്ട് | അരി | പാവ |

സി. സ്വരൂപസാദൃശ്യമനുസരിച്ച് ഇനംതിരിക്കാം

| | | | |
|---|---|---|---|
| പാമ | തല | നിന്നു | ചെയ്യാൻ |
| പാണകം | തവള | തിന്നു | |
| പാരം | തള | വന്നു | നെയ്യാൻ |
| | തട | പോന്നു | |

ഡി. ശബ്ദവിഭാഗമനുസരിച്ചും ഇനംതിരിക്കാം

| | | | | |
|---|---|---|---|---|
| വരുന്നു | വെള്ളി | രവി | കൂടെ | ഓ |
| പോകുന്നു | സ്വർണ്ണം | ഗോപി | നിന്നു | ഉം |
| തരുന്നു | വെള്ളം | | | |

ഈ. വളരെയധികം ഉപയോഗത്തിലിരിക്കുന്ന പദങ്ങളുടെ ആവർത്തനമനുസരിച്ച് ഏറ്റവും പ്രചാരമുള്ളവ അതിൽ കുറഞ്ഞവ, ഇങ്ങനെ ഇനം തിരിച്ച് പഠിപ്പിക്കാം.

ഇതിലേക്കു ഭാഷണപദാവലിയെപ്പറ്റി പഠനം നടത്തണം. കൂടാതെ ലിഖിതരചനാപദങ്ങളും പഠിപ്പിക്കുവാൻ ഉൾപ്പെടുത്തണം.

എഫ്. ഭാഷാപ്രയോഗനിയമങ്ങൾ ആസ്പദമാക്കിയും വിഭജിക്കാം. ഉദാഹരണമായി.

വാ, താ, പോ
വരിൻ, പോവിൻ, ചെയ്യിൻ
വന്നു, തന്നു, പോന്നു
വരണം, തരണം, പോണം

2. വസ്തുക്കളുമായുള്ള സാദൃശ്യം:

പദത്തിന്റെ അർത്ഥമാകുന്നതക്കവണ്ണം പദരൂപം അവതരിപ്പിക്കുക (കുതിര കുതിക്കുന്ന കുതിരയുടെ പടം) ഇങ്ങനെ പദരൂപം അവതരിപ്പിക്കാൻ കുറച്ചു സന്ദർഭങ്ങളേ കിട്ടൂ. പദം എങ്ങനെ ഓർത്തു എന്നു ഓർത്തിരിക്കേണ്ടിവരുന്നു,

3. സാന്ദർഭികപ്രകടനം:

ഏതെങ്കിലും ഭാഗം വായിക്കാൻ പറയുന്നു. വായിക്കാൻ അറിഞ്ഞുകൂടാത്ത പദം പറഞ്ഞുകൊടുക്കുന്നു.. ഇങ്ങനെയാണ് രക്ഷകർത്താക്കളും പഠിപ്പിക്കാറ്. കുട്ടി ഒരിക്കൽ കേട്ടുമനസ്സിലാക്കിയ പദം പിന്നെ കുറെ കാലത്തേയ്ക്കു വായിക്കേണ്ടിവരാത്തതുമൂലം കുട്ടി എളുപ്പം മറന്നുകളയും.

4 വിദ്യാർത്ഥിയുടെ ഇച്ഛ

വിദ്യാർത്ഥി അറിയാൻ ആഗ്രഹിക്കുന്ന പദം പഠിപ്പിക്കുക. ഈ പദം എന്താണ് എന്നു കുട്ടി ചോദിക്കുമ്പോൾ പറഞ്ഞുകൊടുക്കുക. ചില വിദ്യാലയങ്ങളിൽ ഇങ്ങനെ കുട്ടി ആവശ്യപ്പെടുന്ന പദങ്ങൾ കുറിച്ചിടുന്നു. സംഘമായി വിദ്യാർത്ഥികൾ ശ്രമിക്കുന്നതിന്റെ ഫലമായി ഏതെങ്കിലും വാക്യങ്ങൾ രചിക്കുമ്പോൾ അവർ അദ്ധ്യാപകനിൽനിന്നും ഗ്രഹിക്കുന്ന പുതിയ വാക്കുകൾ കുറിച്ചിടാം. ആവശ്യബോധമുണ്ടായിട്ടാണ് കുട്ടി പദം അറിയാൻ ആഗ്രഹിക്കുന്നത് എന്നതാണ് ഇവിടത്തെ മെച്ചം. അറിയേണ്ടുന്ന പദങ്ങളെല്ലാം അറിയുകയില്ലെന്നും ഫലപ്രദമായ രീതിയിൽ ഗ്രഹിക്കുകയില്ലെന്നും ഉള്ളതാണ് ഇതിലെ ദൂഷ്യം.

5. വാക്യസംവിധാനം:—

ഈ രീതി ലോകത്തിന്റെ ചിലഭാഗങ്ങളിലൊക്കെ നിലവിലിരുന്നു. ഈ രീതിയിൽ പഠിപ്പിച്ചാൽ അർത്ഥം ഗ്രഹിച്ചുകൊണ്ടു വായിക്കുമെന്നും പദത്തിനോ സ്വനങ്ങൾക്കോ മാത്രം പ്രാധാന്യംകൊടുത്തുകൊണ്ടുള്ള രീതിയെക്കാൾ മെച്ചമായിരിക്കും വായനയെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. വിദേശഭാഷ പഠിക്കുന്നതിൽ ഈ രീതി വളരെ ഫലപ്രദമായിരിക്കും. പദത്തിന്റെ അർത്ഥം ഗ്രാഹ്യമാകണമെങ്കിൽ സന്ദർഭത്തിൽ ഉപയോഗിക്കണമെന്നും വാസ്തവത്തിൽ അർത്ഥഗ്രഹത്തിനു പററിയ ഏകകം വാക്യമാണെന്നുമുള്ളതാണ്. ഈ രീതിയുടെ പ്രത്യേകത.

ശ്രദ്ധിക്കേണ്ട ഘടകങ്ങൾ

1. വാക്യത്തിന്റെ ദൈർഘ്യം: ലഘുവാക്യങ്ങളിൽ വായനതുടങ്ങി ക്രമേണ ദീർഘവാക്യങ്ങളുമായി പരിചയിപ്പിക്കണം. വായനയ്ക്കുള്ള ആദ്യ പുസ്തകത്തിൽ ചെറുവാക്യങ്ങളായിരിക്കും. കൂടുതൽ മേൽക്ലാസ്സുകളി

ലേയ്ക്കുള്ള പുസ്തകങ്ങളിൽ നീണ്ട വാക്യങ്ങൾ കാണും. ലഘുവാക്യങ്ങളിൽ കുറച്ചു പദങ്ങളെ കാണുകയുള്ളു എന്നതും ആശയം വലിയ ഗ്രഹണപടുതകൂടാതെ തന്നെ ഗ്രഹിക്കാമെന്നതുമാണ് ലഘുവാക്യങ്ങൾക്കുള്ള മെച്ചം.

2. വാക്യഘടന: വിദേശഭാഷാ പഠനത്തിനു ഇതു പ്രസിദ്ധിയാർജ്ജിച്ചിരിക്കുന്നു. സാധാരണമായി ഉപയോഗത്തിലിരിക്കുന്ന വാക്യഘടനകൾ ഓരോന്നായി ഓരോ സന്ദർഭത്തിൽ അവതരിപ്പിച്ചു ബോധനം നടത്തുന്നു. ലഘുവായിട്ടുള്ളതിൽ നിന്നു കടുപ്പമായതിലേക്കു എന്നതാണ് ഇവിടെയും ശ്രദ്ധേയമായ കാര്യം.

3. പദാദേശം: ഒരു വാക്യഘടനയിലുള്ള ഒരു പദത്തെ ആദേശം ചെയ്തു മറ്റൊരു പദംവെയ്ക്കുന്ന സമ്പ്രദായം. ഇതും ഘടനാസമീപനമാണ്. ഇതുവഴി വാക്യഘടനയും പദസഞ്ചയവും വശത്താക്കാം. രണ്ടും മൂന്നും രീതികൾ വിരസങ്ങളാണ് വാക്യങ്ങൾ, സ്വതേ, അരസികങ്ങൾ, അവയ്ക്കു പരസ്പരം സാർത്ഥകമായ ബന്ധമില്ലാത്ത സ്ഥിതിവിശേഷവും എന്നുവന്നാൽ ശേഷം ഊഹ്യമാണല്ലോ. വാക്യം പ്രതി, അടുക്കി ആശയങ്ങൾ അവതരിപ്പിച്ച് പൂർവ്വാപരവും പുലർത്താം. പക്ഷെ വാക്യഘടനയുടെ ഏകതാനതയും ഒരു പ്രശ്നം തന്നെയാണ്.

4. ശിശുക്കളുടെ ഭാഷണ പദാവലി സമാഹരിക്കുന്നു: അവർ സാധാരണമായി സംസാരിക്കുന്ന വാക്യങ്ങളും ആശയങ്ങളും പുസ്തകത്തിൽ ഉൾപ്പെടുത്തുന്നു. ഈ രീതിക്കുള്ള പ്രത്യേകത, കുട്ടിക്കു പരിചിതമായ പദങ്ങളും വാക്യങ്ങളും ആശയങ്ങളുമാണ് പദാവലിയിൽ ഉള്ളത് എന്നതാണ്. ലേഖനത്തിനു വേണ്ടി ഉപയോഗിച്ച അക്ഷരങ്ങളാകുന്ന പ്രതീകങ്ങൾ മാത്രമേ പുതുതായി വന്നുചേരുന്നുള്ളു. ഈ രീതിയിൽ പുസ്തകം രചിക്കുമ്പോൾ ക്രമേണ, കുട്ടികൾക്കു അറിഞ്ഞുകൂടാത്ത വാക്യങ്ങളും ആശയങ്ങളുംകൂടി ഉൾപ്പെടുത്തണം.

## 5. ശിശുസാഹിത്യം

ശിശുക്കൾക്കായി ഓരോ ഗ്രന്ഥകർത്താവ് രചിക്കുന്ന പുസ്തകം, വാക്യം, പദം, കഥ എന്നിങ്ങനെ കുട്ടി വായിക്കാൻ പഠിക്കുന്നു. ചിലപ്പോൾ കഥതന്നെ ബോർഡിൽ എഴുതി കൊടുത്തു എല്ലാം കുട്ടികളെക്കൊണ്ടും വായിപ്പിക്കാം. ചില അവസരങ്ങളിൽ ബോധനം വൈയക്തികമാ

ക്കാം. അപ്പോൾ അദ്ധ്യാപകൻ ഓരോ ശിശുവുമായും ചർച്ചചെയ്തു പാഠം അവതരിപ്പിക്കുന്നു.

### 6. അദ്ധ്യാപകകൃതവാക്യങ്ങൾ

അക്ഷരങ്ങളും വാക്യങ്ങളും ശിശുക്കൾ പഠിച്ചു കഴിഞ്ഞാൽ അദ്ധ്യാപകൻ വാക്യങ്ങൾ രചിച്ചിട്ട് വിദ്യാർത്ഥികളെക്കൊണ്ടു് വായിപ്പിക്കുന്നു. കുട്ടികൾക്കു അറിയാവുന്ന കാര്യങ്ങൾ എന്തൊക്കെയെന്നു അദ്ധ്യാപകനു അറിയാം. അതുകൊണ്ടു് വാക്യങ്ങൾ എളുപ്പം ഗ്രഹിക്കത്തക്കതാകാം.

### 7. ബാലന്മാരുടെ വാചികപ്രകടനം

വാർത്തയോ കഥയോ രചിക്കുന്നതിനു ആവശ്യമുള്ള വാക്യങ്ങൾ കുട്ടികൾ നൽകും. അദ്ധ്യാപകൻ അവയെ കുറിക്കും. വിദ്യാർത്ഥികൾ അവയെ ആവർത്തിച്ചു ചൊല്ലും. അദ്ധ്യാപകൻ ചോദിക്കുന്ന സൂചനാചോദ്യത്തിനു ഉത്തരവും നൽകും.

### 8. ശിശുക്കളുടെ ലേഖനം

കുട്ടികൾ അറിയാവുന്ന പദങ്ങൾ ഉപയോഗിച്ചു വാക്യങ്ങളും കഥകളും രചിക്കും. ഏതെങ്കിലും വാക്കിനു ആവശ്യം വന്നാൽ അദ്ധ്യാപകനോടു ചോദിക്കും. ആ വാക്കു എങ്ങനെ എഴുതണമെന്നു അദ്ധ്യാപകൻ കാണിച്ചുകൊടുക്കും.

ഈ വിവിധമാർഗ്ഗങ്ങളിൽ നിന്നു നമുക്കു യോജിച്ചതു് തിരഞ്ഞെടുക്കുന്നതു്, ഭാഷയുടെ സ്വാഭാവികതയും ശിശുക്കൾ പഠിക്കാൻ സ്വീകരിക്കുന്ന മാർഗ്ഗത്തെയും ആശ്രയിച്ചിരിക്കും. അദ്ധ്യാപകൻ പല മാർഗ്ഗങ്ങളിൽ നിന്നും നല്ല ആശയങ്ങൾ സ്വീകരിച്ചു ബോധനം നടത്തണം. താത്പര്യജനകമായിട്ടുള്ളതും അർത്ഥഗ്രഹണത്തിനു ഉതകുന്നതും ആണു് കഥാരീതി. പദരീതി പദപഠനത്തിനു സഹായിക്കും. പദത്തിന്റെ അപഗ്രഥനം പദത്തിന്റെ അംശങ്ങൾ ഗ്രഹിക്കുവാൻ ഉപകരിക്കും.

ശിശുക്കളുടെ പഠനരീതികൾ.—

അദ്ധ്യാപകൻ പറയുക, കുട്ടി ആവർത്തിക്കുക, അദ്ധ്യാപകൻ എന്തെങ്കിലും ചെയ്യുക, കുട്ടി ആവർത്തിക്കുക. ഇതാണു് പരമ്പരാഗതമായ സമ്പ്രദായം. ഭാരം മുഴുവൻ അദ്ധ്യാപകനിൽ തന്നെയാണു്. ഇങ്ങനെ കുട്ടി പഠിക്കാനുള്ളതു പഠിക്കും പക്ഷേ അതിനുവേണ്ടിയുള്ള ചിന്തമുഴുവൻ അദ്ധ്യാ

പകരമാണ്. ചിന്തിച്ചു വായിക്കുവാൻ കുട്ടി കഴിവു നേടുന്നില്ല. കൂടാതെ അടിമ മനസ്ഥിതി അഥവാ ചിന്താരഹിതമായ അനുസരണഭാവം ശീലിച്ചുപോകുന്നു.

ഏതുമാർഗ്ഗം സ്വീകരിച്ചാലും പാഠത്തിന്റെ തുടക്കത്തിനു വേണ്ട പ്രേരണ കുട്ടിയിൽ നിന്നു സമുദ്ഭൂതമാവണം. അത്തരം പാഠം കൂടുതൽ ഉദ്ധതരമായിരിക്കും. കാരണം കുട്ടിക്കു പാഠത്തിൽ കാര്യമായ പങ്കുണ്ട്. പാഠത്തെ സംബന്ധിച്ചു ചിന്തിക്കുന്നുണ്ട്. ഭാഷാപരമായ കാര്യങ്ങൾ സ്വയം കണ്ടുപിടിക്കാൻ വേണ്ടത്ര ശ്രദ്ധിക്കുവാൻ സാധിക്കുന്നുണ്ട്. സ്വതന്ത്രചിന്തയുള്ള ഒരാളിന്റെ വിദ്യാഭ്യാസത്തിനു പോന്ന വായനാബോധനം ഒന്നാംതരം വിദ്യാഭ്യാസംതന്നെയാവും.

എപ്പോഴാണ് ശിശുവിന്റെ പാഠം ഏറ്റവും ശരിയാവുക?

1. പദങ്ങൾകൊണ്ടു രചിച്ച വാക്യങ്ങൾ കുട്ടികൾ കേട്ടതോ പ്രയോഗിച്ചതോ ആയിരിക്കും.

. അറിയാത്തതു് അറിഞ്ഞതുമായി ബന്ധിക്കാൻ അവർക്കു കഴിയുന്നു. ഉദാഹരണമായി ഒരു പുറത്തുകാണുന്ന പദങ്ങളിൽ അറിയപ്പെടാത്ത പദ ഒന്നുള്ളവെങ്കിൽ പാഠവുമായി ബന്ധപ്പെട്ട ചിത്രത്തിൽ നിന്നു പദമെന്താണെന്നറിയാം.

3. കുട്ടികളുടെ പ്രതികരണം ശരിയോ തെറ്റോ എന്നു [illegible]രാൻ അറിയാൻ കഴിയുന്നു. അങ്ങനെ അവരുടെ ചിന്ത ശരിയാക്കാൻ സാധിക്കുന്നു.

4. ഒരു വസ്തു പറഞ്ഞു് അറിയുന്നതിനു പകരം വായിച്ചറിയുവാൻ കഴിയുന്നു. ഉദാഹരണമായി,

| | | | |
|---|---|---|---|
| ചിര | വര | തീരം | എന്നി |
| കീര | കര | തരം | |

[illegible]ങ്ങളിൽ നിന്നു ഈ കാരത്തിന്റെ അടയാളം എന്താണെന്നറിയാൻ സാധിക്കുന്നു. അതു് അദ്ധ്യാപകൻ വെറുതേ ചൊല്ലി പറഞ്ഞു കൊടുത്തതാണെങ്കിൽ എളുപ്പം മറന്നുകളയും. സ്വയം കണ്ടുപിടിച്ചതെങ്കിലോ അതു് ശാശ്വതമായി മനസ്സിൽ ഉറയ്ക്കും.

5. പഠിച്ചതിന്റെ അൎത്ഥം ഗ്രഹിക്കുന്നു.

അൎത്ഥം അറിയാവുന്ന യഥാൎത്ഥപദം കൂട്ടി എളുപ്പം ഗ്രഹിക്കുന്നു. നേരേമറിച്ചു് അർത്ഥം നേരെ ഗ്രഹിച്ചിട്ടില്ലാത്ത പദം അവതരിപ്പിച്ചാൽ എളുപ്പം ഗ്രഹിക്കുകയില്ല. ഉപയോഗമുള്ളതു ആവൎത്തിക്കുന്നതുകൊണ്ടു് എപ്പോഴും ഗുണമേ ഉണ്ടാവൂ.

6. വായിക്കുമ്പോൾ കണ്ടെത്തുന്ന ചില അനുമാനങ്ങൾ അൎത്ഥഗ്രഹണമില്ലാത്ത മനഃപാഠത്തിനു സഹായിക്കുന്നു.

7. ശിശുക്കൾ ഒരു വസ്തുത പഠിക്കുന്നതോടുകൂടി സ്വയം പഠിക്കാനുള്ള മാൎഗ്ഗവും പഠിക്കുന്നു. ഒരു ലിപിയുടെ സ്വരം അറിയാത്ത കുട്ടിക്കു് ആ ലിപി ഉൾപ്പെട്ട രണ്ടു പദം ഓൎത്താൽ ലിപിയുടെ സ്വരം അറിയാൻ പ്രയാസം വരുകയില്ല.

8. പഠിച്ചതു് ഉടൻതന്നെ പല തരത്തിൽ പ്രയോഗിക്കേണ്ടതായുണ്ടു്. താമസിച്ചുള്ള ആവൎത്തനവും ആവൎത്തനമില്ലായ്മയും ഒരുപോലെ കുഴപ്പം ചെയ്യും.

9. പഠിച്ച ഒരുകാര്യം മറ്റൊരു കാര്യത്തിനു അടിത്തറയാകുന്നു.

10. പൂൎണ്ണരൂപത്തിൽനിന്നും അംശങ്ങളിലേയ്ക്കും അംശങ്ങളിൽനിന്നും പൂൎണ്ണരൂപത്തിലേക്കും പോകുവാൻ സാധിക്കുന്നു.

അർത്ഥം, പദം, പദസ രൂപം എന്നിവയെല്ലാം പഠനവികാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഒരുപോലെ ശ്രദ്ധിക്കേണ്ടതായുണ്ടു്.

# നല്ലൊരു വായനാപാഠം

വായനയ്ക്കുള്ള പാഠങ്ങൾ വായനയ്ക്കുവേണ്ടുന്ന നൈപുണ്യങ്ങളും ശീലങ്ങളും അഭിഭാവങ്ങളും വളർത്തിയെടുക്കത്തക്കവയായിരിക്കണം. വിവിധതരത്തിലുള്ള പഠനാനുഭവങ്ങൾ നല്കാനും അവ യോജിച്ചതായിരിക്കണം. വായിക്കുന്നതിന്റെകൂടെ നടക്കുന്ന വിവിധപ്രക്രിയകളെപ്പററി നാം ഓർക്കാറില്ല. കുട്ടികൾ അച്ചടിച്ച പദങ്ങൾ വായിക്കുന്നു. എന്നാൽ ആ പദങ്ങളിൽ സന്നിവേശിച്ചിരിക്കുന്ന ആശയം അഥവാ അർത്ഥം പലപ്പോഴും ഗ്രഹിച്ചെന്നുവരുകയില്ല. വായിക്കാൻ പറഞ്ഞാൽ വായിക്കും; മിക്കപ്പോഴും അർത്ഥം ഗ്രഹിച്ചിട്ടല്ലായിരിക്കും വായന.

ഗ്രഹിക്കാതെയാണോ കുട്ടികൾ വായിക്കുന്നതു്? സ്വന്തം വായനയെ അവർ ശ്രദ്ധിക്കുന്നില്ലയോ? വാസ്തവത്തിൽ പദവും അക്ഷരവും, കണ്ടു വായിക്കുന്നതിനുപകരം 'തത്തമ്മ പൂച്ച പൂച്ച' എന്നു ആവർത്തിക്കുന്നതേ ഉള്ളോ? അച്ചടിച്ച പുസ്തകത്തിൽനിന്നു എങ്ങനെയാണു് കുട്ടി ആശയം ഗ്രഹിക്കുന്നതു്? അനുഭവങ്ങളിലൂടെ അച്ചടിച്ച പുസ്തകത്തിൽനിന്നും ആശയം ഗ്രഹിക്കുന്ന പ്രക്രിയയാണു് വായന.

പാഠം വായിക്കുന്നതിനുള്ള സന്നദ്ധത:

വായിക്കേണ്ടതു ഒരു കഥ ആണെന്നിരിക്കട്ടെ. കഥയിലെ ആശയവും പദാവലിയും കുട്ടി ഗ്രഹിക്കണം. അതിലേക്കു ആദ്യമായിവേണ്ടതു് കഥയുടെ പശ്ചാത്തലം കുട്ടിയുടെ മനസ്സിൽ ഉദയം ചെയ്യുകയാണു്. കരടിയെപ്പററിയാണു കഥയെങ്കിൽ കുട്ടി കരടിയെപ്പററി അറിയണം. കരടിയുടെ വിവിധചിത്രങ്ങൾ കുട്ടിയെ കാണിക്കണം. കരടിയെപ്പററി കുട്ടിക്കറിയാവുന്ന കഥകൾ പറയിക്കണം. കരടി എന്ന വാക്കു കേട്ടാൽതന്നെ കരടിയുടെ ചിത്രം മനോമണ്ഡലത്തിൽ ഉയരത്തക്കവണ്ണം വേണ്ടുന്ന അനുഭവങ്ങൾ കുട്ടിക്കു ഉണ്ടാക്കിക്കൊടുത്തിരിക്കണം. പലതരത്തിലുള്ള പശ്ചാത്തലാനുഭവങ്ങൾ നല്കി കുട്ടിയെ ഒരുക്കിയിട്ടുവേണം കഥ അവതരിപ്പിക്കുവാൻ.

പാഠത്തിൽവരുന്ന നൂതനശബ്ദങ്ങൾ അർത്ഥഗ്രഹണക്ഷമങ്ങളായ സന്ദർഭങ്ങളിൽ അവതരിപ്പിച്ചു പരിചയിപ്പിക്കണം. ആ ശബ്ദങ്ങളെ അപഗ്രഥിച്ചറിയാനും കുട്ടിക്കു കഴിയണം. വാക്യത്തിൽ പുതിയപദം അവതരിപ്പിച്ചിട്ടുള്ളതുപോലെ പ്രദർശിപ്പിച്ചു പഠിക്കണം. നൂതനപദം വരുന്ന വാക്യം വായിക്കുകമാത്രമല്ല എഴുതുകയും വേണം.

ഏതെല്ലാം പദങ്ങൾക്കു അർത്ഥമറിയാം, ഉടക്കമെങ്ങനെ? ഏതെല്ലാം അംശം തനിക്കറിയാം എന്നിങ്ങനെ കുട്ടി സ്വയം ചോദിക്കണം.

ഉപദിഷ്ടവായന

കഥയുടെ പശ്ചാത്തലവും നൂതനപദങ്ങളും പരിചയിപ്പിച്ചു കഴിഞ്ഞാൽ വിദ്യാർത്ഥികൾ പുസ്തകം തുറക്കട്ടെ. അദ്ധ്യാപകൻ ലഘുചോദ്യങ്ങൾ ചോദിക്കട്ടെ. കുട്ടികൾ മൗനമായി വായിക്കണം. ഒരു കുട്ടിയോടു ഉത്തരം പറയാൻ ആവശ്യപ്പെടും. മറെറാരു കുട്ടിയോട് വാക്യം ഉറക്കെ വായിച്ചുകേൾപ്പിക്കാൻ പറയും അതിൽനിന്നും ഉത്തരം ആദ്യം പറഞ്ഞതു ശരിയോ എന്നറിയാം. ക്രമേണ വരികളുടെ എണ്ണം കൂടട്ടെ. അവസാനം, ഒരു പുറമോ കഥ മുഴുവനുമോതന്നെ വായിപ്പിച്ചു ചോദ്യം ചോദിക്കാം. ആദ്യം മൗനവായന, പിന്നീട് ശ്രാവ്യവായന ഇതാണ് വായനാപാഠത്തിന്റെ പ്രഗതിക്രമം.

പദാവലിയുടെ പുനരവലോകനം:

കഥവീണ്ടും വായിക്കുന്നതിനു മുമ്പ് പദസഞ്ചയത്തെ ഒന്നുകൂടി പരിശോധിച്ചുറപ്പിക്കണം. പദങ്ങൾ ബോർഡിൽ ഉണ്ടായിരിക്കും. ഒരു പ്രത്യേക ആശയത്തിന്റെ പദം ചോദിക്കും ആവശ്യപ്പെട്ടപദം ഒരു കുട്ടി പറയും. മററുകുട്ടികൾ പദം കാണും, പദം കേൾക്കും; പദത്തിന്റെ അർത്ഥത്തെപ്പററി ചിന്തിക്കും.

സോദ്ദേശ്യമായ ആവർത്തനവായന

കഥ ആവർത്തിച്ചു വായിക്കാൻ കുട്ടിയോട് ആവശ്യപ്പെടാം. അദ്ധ്യാപകന്റെ സഹായം അപ്പോൾ ആവശ്യപ്പെട്ടേക്കാം. പുതിയപദങ്ങളിൽ സംശയം ചോദിക്കാം. ഈ ഘട്ടത്തിൽ വായനയുടെ ഉദ്ദേശ്യം കൂടുതൽ കാര്യം ഗ്രഹിക്കുവാനായിരിക്കും.

ഉദാ: (i) കഥയുടെ നാടകാഭിനയം
(ii) ഒരു പ്രത്യേകചോദ്യത്തിന്റെ ഉത്തരംകണ്ടെത്തൽ
(iii) കഥയിലെ ഏതെങ്കിലും ഭാഗം ചിത്രീകരിക്കുന്നചിത്രം കാണിക്കുമ്പോൾ ആ ഭാഗം വായിക്കും.

അദ്ധ്യാപകൻ വളർത്തിയെടുക്കേണ്ട നൈപുണ്യങ്ങളും ശീലങ്ങളും അഭിഭാവങ്ങളും.

പദാപഗ്രഥനത്തിനും ആശയഗ്രഹണത്തിനുമുള്ള നൈപുണ്യം വളർത്തുക എന്നുള്ളതാണ് പ്രധാനധർമ്മം. താഴെകൊടുക്കുന്ന പ്രവർത്തനങ്ങൾ നോക്കുക.

1. കഥയുടെ പ്രധാനാശയം ഗ്രഹിക്കുന്നോ? കഥയ്ക്കു മറെറാരുപേരു കൊടുക്കാൻ കഴിയുന്നോ? പല തലക്കെട്ടുകൾ (ശീർഷകങ്ങൾ) നല്കിയിട്ടുള്ളതിൽനിന്നു നല്ലതു തിരഞ്ഞെടുക്കുമോ?

2. വിശദാംശങ്ങൾ കുട്ടി ഓർക്കുന്നോ?

3. പൂർവാപരം ദീക്ഷിച്ചു കഥ പറയുന്നോ?

4. അനുമാനങ്ങളിലെത്തുവാനും പാഠം വിലയിരുത്താനും കഴിയുന്നുണ്ടോ?

പദാപഗ്രഥനനൈപുണ്യം തത്ത്വാനുമാന രീതിയിൽ വളർത്താം, മൂന്നോ നാലോ ഉദാഹരണങ്ങളിൽക്കൂടി വിദ്യാർത്ഥി അനുമാനത്തിലെത്തണം. കണ്ടെത്തിയ അനുമാനം മററു സന്ദർഭങ്ങളിൽ ഉപയോഗിക്കണം.

നൈപുണ്യങ്ങൾ ഓരോന്നും ഒന്നിനു പുറകേ ഒന്നായി അവതരിപ്പിക്കണം. അവയൊക്കെ ഒടുവിൽ ആവർത്തിക്കണം. പദം വ്യഞ്ജനം, സ്വരം സ്വരചിഹ്നം ചേർത്തരൂപങ്ങൾ എന്നീ ക്രമത്തിനും പഠിപ്പിച്ചു മുമ്പോട്ടുപോകണം.

വിഷയവിവരം നോക്കാനും മററു പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായിക്കാനും മററും കാലക്രമത്തിൽ പരിചയമാവും. വായനയോട് ശരിയായ അനുഭാവവും പുസ്തകങ്ങളും കഥകളും ആസ്വദിക്കാനുള്ള കഴിവും ആദ്യഘട്ടത്തിൽതന്നെ വളർത്താം.

മററു പ്രവർത്തനങ്ങൾ; വായനാപ്പാഠത്തെ മററു പാഠങ്ങളുമായി ബന്ധിപ്പിക്കണം. സാമൂഹ്യപാഠം, ഗണിതം, സംഗീതം, ചിത്രരചന എന്നിവയുമായി ബന്ധിക്കാമോ എന്നും സ്വതന്ത്രരചന, ശ്രവണാഭ്യാസം ഭാഷണാഭ്യാസം, എന്നിവക്കു സാദ്ധ്യത ഉണ്ടോ എന്നും ഭാഷാ പാഠത്തിന്റെ എല്ലാ അംശങ്ങളെയും ബന്ധിപ്പിച്ചു പഠിപ്പിക്കുവാൻ സാദ്ധ്യത ഉണ്ടോ എന്നും ശ്രദ്ധിക്കണം.

# 11

## വായന—ആശയഗ്രഹണം

വായനസംബന്ധിച്ച പല സിദ്ധികൾ ഒരുമിച്ച വായന എന്നു നാമകരണം ചെയ്യുന്നതുപോലെ അച്ചടിച്ച പാഠം വായിക്കുമ്പോൾ ഉള്ള മാനസിക പ്രതികരണത്തെ ആശയഗ്രഹണം എന്നു പറയാം. ഒരു പാഠപുസ്തകം വായിക്കുമ്പോൾ യാന്ത്രികവും ബൗദ്ധികവുമായ പല പ്രക്രിയകൾ നടക്കുന്നു. പദത്തിൻെറ ദർശനം വിവേചനം പ്രത്യഭിജ്ഞാനം എന്നിവയോടുകൂടി സ്മരണ, നിഗമനം, ആസ്വാദനം മൂല്യനിർണ്ണയം തുടങ്ങിയ മാനസിക പ്രവർത്തനങ്ങളും നടക്കുന്നു. യാന്ത്രിക പ്രവർത്തനങ്ങളുടെ പരിണതഫലമാണ് ടെക്നിക് (പദ്ധതി) ബൗദ്ധികപ്രവർത്തനങ്ങളുടെ ആകെത്തുക ഗ്രഹണവും.

ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കുന്നതാണ് ഗ്രഹണം. അത് വെറും പദത്തിൻെറയോ വാചകത്തിൻെറയോ പ്രത്യഭിജ്ഞാനം കൊണ്ട് അവസാനിക്കുന്നില്ല. പ്രത്യേകസന്ദർഭത്തിൽ പദത്തിൻെറ അർത്ഥം അറിയുന്നതിനു പുറമെ കൂടുതൽ വ്യാപകമായ പാഠസന്ദർഭത്തിൽ ഉള്ള അർത്ഥം അറിയുകയും എന്നിട്ട് അവയൊക്കെ ഒരുമിച്ച ചേർത്തു പരസ്പരം ബന്ധപ്പെടുത്തി ആശയം അറിയുകയും ചെയ്യുമ്പോൾ, ഗ്രന്ഥകാരൻെറ മനസ്സിലുണ്ടായിരുന്ന ആശയത്തിൽ സാധാരണമായി എത്തിച്ചേരുന്നു. ഒരു ഖണ്ഡികയുടെ ആശയം ഗ്രഹിക്കുന്നത് അത്ര ലളിതമായ കാര്യമല്ല. വാചയിതാവ് ആശയം തിരഞ്ഞെടുക്കണം. ചിലത് ഉപേക്ഷിക്കണം; ചിലതു മയപ്പെടുത്തണം. തരപ്പിച്ചു പറയേണ്ടിടത്തു തരപ്പിച്ചു പറയണം, പരസ്പരം ബന്ധിക്കണം. ശരിയായ മാനസിക പശ്ചാത്തലത്തിലോ ഉദ്ദേശ്യത്തിലോ ഉറച്ചുകൊണ്ട് ആശയങ്ങൾ സംവിധാനം ചെയ്യണം. ഇതുകളൊക്കെയാകുമ്പോൾ വായന, കണക്കിലെ ഒരു പ്രശ്നം ചെയ്യുന്നപോലുള്ള ഒരു പ്രക്രിയ ആണെന്നും കാണാം.

അറിവിനും വിജ്ഞാനത്തിനും വേണ്ടിയായാലും വെറും രസത്തിനു വേണ്ടിയായാലും ആ പ്രക്രിയയുടെ കേന്ദ്രം ആശയഗ്രഹണമത്രേ. അർത്ഥം ഗ്രഹിക്കുവാൻ ഗ്രഹണപരമായ നൈപുണികൾ കൂടിയേ കഴിയൂ. പാഠഭാഗത്തിൻെറ കാഠിന്യവും ആശയാവിഷ്കരണത്തിൻെറ സുഗമതയും

വാചയിതാവിന്റെ മാനസികപശ്ചാത്തലവും പൂർവവിജ്ഞാനവും ഗ്രഹണത്തിനു ആധാരമായി ഭവിക്കുന്നു

ഗ്രഹണനിലവാരം: —

ശരിയായ പദത്തെ പ്രത്യഭിജ്ഞാനം ചെയ്യുന്നതാണു് പദത്തെ തിരിച്ചറിയുന്ന ആദ്യഘട്ടം. "പല തുള്ളിപെരുവെള്ളം" എന്ന വാക്യം വായിക്കുമ്പോൾ അതിലെ ഓരോപദവും, കുട്ടിമനസ്സിലാക്കുന്നതാണു് ആദ്യപടി 'വല'യും 'പന'യും അറിയാവുന്ന കുട്ടിക്കു 'പ'യും, 'ല'യും അറിഞ്ഞു 'പല' എന്ന പദംകൂട്ടി വായിക്കുവാൻ കഴിയും. ഇതുപോലെ മററു പദങ്ങളും. രണ്ടാം ഘട്ടത്തിൽ വായിച്ചഭാഗത്തിന്റെ സാന്ദർഭികാശയം കിട്ടും. ഏകദേശം അതിന്റെ അർത്ഥവും കിട്ടും. കഥാനായകനു എന്തുപററി, അവസാനം എന്തുസംഭവിച്ചു എന്നീങ്ങനെ ഉത്തരം കണ്ടുപിടിക്കുന്ന അവസരത്തിൽ താണു സംഭവിക്കുന്നതു്. ഈ ഘട്ടത്തിൽ കിട്ടുന്ന അറിവു് വളരെ ശരിയായിരിക്കണമെന്നില്ല.

പദാനുപദമായുള്ള ആശയഗ്രഹണമാണു് അടുത്തഘട്ടം. പദങ്ങളുടെ അർത്ഥമറിഞ്ഞു പൂർണ്ണാശയത്തിലെത്തുന്നു. മുമ്പുചൊന്ന പഴഞ്ചൊല്ലിന്റെ അർത്ഥവും ഈ രീതിയിലാണു ഗ്രഹിക്കുക. വായിക്കുന്ന ആൾ ആശയം ഗ്രഹിക്കുവാൻ ബോധപൂർവം പ്രവർത്തിക്കുന്നു. അല്പമായിട്ടെങ്കിലും പലതവണ ഒരുമിച്ചു കൂട്ടിയാൽ ഒരു വലിയ തുകയാകുമെന്നും പലയിടത്തുനിന്നും ശേഖരിക്കുന്നു എല്ലാം കൂട്ടിയാൽ ഒരുവൻ തുകയാകുമെന്നു മൊക്കെ അർത്ഥം കിട്ടും.

അടുത്തഘട്ടത്തിൽ വിചിന്തനംചെയ്തു അന്തരാർത്ഥത്തിൽ എത്തുന്നു. ശേഖരണവും സൂക്ഷിക്കലും എന്ന ആശയം കിട്ടുന്നതോടുകൂടി അങ്ങനെയുള്ള സംഭവങ്ങളും ചരിത്രകഥകളും ഓർക്കുവാൻ സന്ദർഭം ലഭിക്കുന്നു. ശേഖരിച്ചുവച്ചതുകൊണ്ടു് വന്നിട്ടുള്ള കഷ്ടതകളെയും ആപത്തുകളെയും പററി ഓർക്കും. വായനയിൽ വിചിന്തനം, വിമർശപരവും സർഗ്ഗപരവുമാകാം. അന്തരാർത്ഥവും മററും ഗ്രഹിക്കുമ്പോൾ സർഗ്ഗപരവും ആശയം വിലയിരുത്തുമ്പോൾ അതു് വിമർശപരവും ആകും. പറഞ്ഞിട്ടുള്ള ആശയം നിലവിലുള്ള മൂല്യങ്ങൾക്കു അനുരൂപമാണോ എന്നും ആ ആശയങ്ങൾ നല്ല നിലവാരം പുലർത്തുന്നോ എന്നും തീരുമാനിക്കുമ്പോൾ വിമർശമാണല്ലോ നടക്കുക. വാചയിതാവു് ആശയങ്ങൾ സ്വീകരിക്കുകയോ ആ ഭാഗം അസംഗതമോ എന്നു പരിശോധിച്ചു് ഉപേക്ഷിക്കുകയോ ചെയ്യും.

സാഹിത്യം ഒരുവൻെറ വ്യക്തിത്വത്തിൽ മാററം വരുത്തുന്നതു് ഉയർന്ന തരത്തിലുള്ള വിചിന്തന പഠനംമൂലമാണു്. കാരണം വായനയ്ക്കു ശേഷം വാചയിതാവിൻെറ സ്വഭാവത്തിനോ പ്രവൃത്തികൾക്കോ അഭിഭാവത്തിനോ ജീവിതവീക്ഷണത്തിനോ മാററം വരുത്തുന്നു. ഇതിനെ വാചയിതാവിൻെറ വ്യക്തിത്വത്തിൽ സാഹിത്യത്തിനുള്ള സ്വാധീനമെന്നു പറയാം. റൂസ്സോ, വാൾട്ടയർ, എന്നിവരുടെ കൃതികൾ ഫ്രഞ്ചുവിപ്ലവത്തിനും, അങ്കിൾടോംസ് കാബിൻ അമേരിക്കയിലെ ആഭ്യന്തരസമരത്തിനു് ഭഗവദ്ഗീതയും മററു മതഗ്രന്ഥങ്ങളും ഗാന്ധിജിയുടെ ജീവിതത്തിനും മാററംവരുത്തിയതു് ഉദാഹരണങ്ങളാണു്.

ആശയഗ്രഹണത്തിൽ ഉൾപ്പെട്ട ഘടകങ്ങളും നൈപുണ്യങ്ങളും:

1. പദത്തിൻെറ അർത്ഥത്തെപ്പററിയുള്ള ബോധം. പദസ്വരൂപം അറിയാതെയും പദത്തിൻെറ അർത്ഥം അറിയാതെയും വായിക്കാൻ ഒക്കുകയില്ല

2. ഒരു പദത്തിനോ വാചകത്തിനോ അനുയോജ്യമായ അർത്ഥം സാന്ദർഭികമായി കണ്ടെത്തുക. വായനയിൽ ചിന്തയുടെവ്യാപാരത്തിനുള്ള ലക്ഷ്യമായി ഇതിനെ കണക്കാക്കാം.

3. ഒരു ഭാഗത്തിൻെറ ആശയസംവിധാനം മനസ്സിലാക്കുവാനും അതിൽ കൊടുത്തിട്ടുള്ള സംഭവങ്ങളും സൂചനകളും കണ്ടറിയുവാനും കഴിവുണ്ടാവുക. ഗ്രന്ഥകാരൻെറ വ്യക്തമായ ആശയങ്ങൾ മനസ്സിലാക്കാനുള്ള കഴിവു് ഇവിടെ പറയാം.

4 ഒരു ഭാഗത്തുള്ള മുഖ്യചിന്താധാര തിരിച്ചറിയാനുള്ള കഴിവു് ഗ്രന്ഥകാരൻെറ വീക്ഷണകോണം തിരിച്ചറിയാൻ സാധിക്കുന്നു.

5. വായിച്ചഭാഗത്തുള്ള ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്താനുള്ള കഴിവു്. ചോദ്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദങ്ങൾ ഉത്തരത്തിൽ അപ്പടി ഉപയോഗിക്കുന്നതു ശരിയല്ല. അപരിചിതമായ പദത്തിൻെറ അർത്ഥം മനസ്സിലാക്കുവാനും സന്ദർഭത്തിനൊത്ത ഏററവും പര്യാപ്തമായ അർത്ഥം ഏതെന്നു തീരുമാനിക്കുവാനുമുള്ള കഴിവു്.

6. പാഠഭാഗത്തു് സ്പഷ്ടമായി ഊന്നിപ്പറഞ്ഞിട്ടുള്ള അംശങ്ങൾക്കു ഉത്തരം കണ്ടെത്തുവാനുള്ള കഴിവു്. പാഠഭാഗത്തിൻെറ വിശദാംശങ്ങൾ കണ്ടെത്താനുള്ള കഴിവു്.

7. പാഠഭാഗത്തിലെ ഉള്ളടക്കത്തെപ്പററി അനുമാനത്തിലെത്തുവാനുള്ള കഴിവു്. തത്സമാനമായ സാമർത്ഥ്യമാണു് ഇവിടെ ലക്ഷ്യം.

8. പാഠഭാഗത്തിലുള്ള സാഹിത്യപദ്ധതികൾ തിരിച്ചറിയാനും ആ ഭാഗത്തിന്റെ സ്വഭാവവും രീതിയും തീരുമാനിക്കാനുമുള്ള കഴിവു്. സാഹിത്യമാർഗ്ഗങ്ങളുടെയും രീതികളുടെയും സ്പഷ്ടമായ അറിവു് നൽകുന്നു.

9. ലേഖകന്റെ ലക്ഷ്യവും വീക്ഷണകോണവും നിശ്ചയിക്കാനും ലേഖകനെപ്പററി അനുമാനത്തിലെത്തുവാനും കഴിയുന്നു. പാഠഭാഗത്തെ മുഖ്യപരിഗണനകൾ തിരഞ്ഞെടുക്കാനും അർത്ഥം ഉദ്ഗ്രഥനം ചെയ്‌വാനും ഉള്ളകഴിവു് വ്യക്തമാകുന്നു.

വായനക്കാരന്റെ ലക്ഷ്യം, താത്പര്യങ്ങൾ, പൂർവവിജ്ഞാനാനുഭവങ്ങൾ, അഭിഭാവങ്ങൾ, ഏകാഗ്രത, ആശയങ്ങളുടെ കാഠിന്യം എന്നിവ ആശയഗ്രഹണത്തെ ബാധിക്കുന്നു. ഈ പറഞ്ഞവയിൽ ചിലതിനു മററു ചിലവയെക്കാൾ പ്രാധാന്യം കൂടും.

ഒരു തരത്തിലുള്ള വായനയ്ക്കു കഴിവുണ്ടെന്നു വിചാരിച്ചു് മറെറാരു തരം വായനയ്ക്കു അതു സഹായിക്കണമെന്നില്ല. വായനയുടെ ഓരോ അംശത്തിലും ശ്രദ്ധിക്കണമെങ്കിൽ ആ ഓരോ അംശത്തിലും പരിചയവും അഭ്യാസവും കിട്ടത്തക്കവണ്ണം പ്രവർത്തനങ്ങൾ നല്കിയേതീരൂ എന്നാണു്. ഗേററ്സ് എന്ന വിദ്യാഭ്യാസവിചക്ഷണൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

പദസ്വരൂപത്തിന്റെ പ്രത്യഭിജ്ഞാനം കൂടാതെ ആശയഗ്രഹണം സാദ്ധ്യമല്ല. പദസ്വരൂപമറിഞ്ഞെന്നു വിചാരിച്ചു് ഗ്രഹണം നടക്കണമെന്നില്ല. പ്രത്യേക തരത്തിലുള്ള ആശയഗ്രഹണത്തിനു പാഠഭാഗത്തിലെ എല്ലാപദങ്ങളെയും പ്രത്യഭിജ്ഞ ചെയ്യണമെന്നില്ല. പരിചയം, മാനസികവും സാമൂഹികവു ആയ പശ്ചാത്തലം താത്പര്യം, നൈസർഗ്ഗികബുദ്ധി, എന്നിവ വഴി ഏതെല്ലാം വാക്കുകൾക്കു അർത്ഥം അറിയുകയില്ലെന്നും എത്രത്തോളം ആശയഗ്രഹണം നടക്കുമെന്നും മനസ്സിലാക്കാം. ആശയഗ്രഹണം പദവാക്യങ്ങളുടെ ധാരണയ്ക്കു സഹായകമാകുമെങ്കിലും ധാരണാശക്തി ഗ്രഹണത്തിനു ഉതകണമെന്നില്ല. എത്രയോ പദങ്ങളും വാക്യങ്ങളും കാണാപ്പാഠമായി പറയുന്ന കുട്ടി ആശയങ്ങൾ ധരിക്കണമെന്നില്ല. വായനയുടെ വേഗതയും ആശയഗ്രഹണത്തിനുള്ള നൈപുണ്യവും തമ്മിൽ ബന്ധമുണ്ടു്. വേണ്ടത്ര ഉയർന്ന തരത്തിലല്ല ആ ബന്ധമെന്നുമാത്രം.

ഒരാറം അതിവേഗത്തിൽ വായിക്കുന്നതു കൊണ്ടു് ശരിയായി ഗ്രഹിച്ചു എന്നു ധരിക്കരുതു്. നല്ലൊരു വാചയിതാവു് വായനയുടെ ഉദ്ദേശ്യവും പഠനവസ്തുവിന്റെ സ്വഭാവവും അനുസരിച്ചു് വായനയുടെ വേഗത്തിനു വ്യത്യാസം വരുത്തുന്നു. സാധാരണമായി നല്ല വാചയിതാവു് വേഗത്തിൽ വായിക്കും. ആശയഗ്രഹണ ശേഷി കുറഞ്ഞവർ പ്രധാനാശയം ഗ്രഹിക്കുവാനും, സംഗ്രഹിക്കാനും സൂചകം ഉപയോഗിക്കാനും കഴിവു കുറഞ്ഞവരായി കാണുന്നു.

അനവധി നൈപുണ്യങ്ങളുടെ ആകെത്തുകയാണു് ആശയഗ്രഹണമെങ്കിലും ആശയഗ്രഹണനൈപുണ്യങ്ങളിൽ ഏതാനും അംശം ഇല്ലാത്തകുട്ടി എല്ലാത്തരത്തിലുള്ള ആശയഗ്രഹണത്തിലും അവിദഗ്ധനാകണമെന്നില്ല. അതുകൊണ്ടു് വായനയിൽ ഓരോ കുട്ടിക്കും കഴിവും പോരായ്മയും എത്രത്തോളമുണ്ടെന്നുകണ്ടു് അദ്ധ്യാപകൻ സഹായിക്കണം.

**ആശയഗ്രഹണത്തിലുള്ള കുഴപ്പങ്ങൾ:—**

ഉയർന്നതരത്തിലുള്ള ബൌദ്ധിക പ്രവർത്തനമാണു് വായന. അതുകൊണ്ടു് വാചയിതാവിന്റെ ബുദ്ധിക്കു വായനയിൽ സുപ്രധാനമായ പങ്കുണ്ടു്. മോശമായി വായിക്കുന്നവർ ബുദ്ധിയിലുംപിന്നോക്കമാണു്. എന്നു വിചാരിച്ചു് എപ്പോഴും ഇതു് ശരിയാണെന്നു വിചാരിക്കരുതു്. ഉന്നതബുദ്ധിയുള്ളവർ വായനയിൽ പിന്നോക്കം നില്ക്കാറുണ്ടു്. പക്ഷേ, പിന്നോക്കമായി നിലകൊള്ളുന്ന ബുദ്ധി, വായിക്കാനും പിന്നോക്കമായിരിക്കും.

അനഭിലഷണീയമായ ശാരീരികഘടകങ്ങളും ആശയഗ്രഹണത്തിൽ കുഴപ്പം സൃഷ്ടിക്കുന്നു. ക്ഷീണം പോഷകാഹാരക്കുറവു്, വെളിച്ചക്കുറവു്, ശബ്ദായമാനമായ പരിസരം, തുടങ്ങിയവ ആശയഗ്രഹണത്തിൽ വൈകല്യമുണ്ടാക്കുന്നു. ശബ്ദസ്വരൂപവീക്ഷണത്തിനും ശ്രാവ്യവായനയ്ക്കും മാത്രം പ്രാധാന്യംകൊടുത്തു ചെയ്യിച്ചാലും ഗ്രഹണം മോശപ്പെടും. ഉറക്കെപ്പാഠം ഉച്ചരിക്കാനുള്ള ശ്രമത്തിൽ അർത്ഥം ഗ്രഹിക്കുവാൻ മറക്കും.

അപര്യാപ്തമായ പരിസരം (പശ്ചാത്തലം) ഗ്രഹണം മോശമാക്കുന്നു. ഏററവും നൂതനങ്ങളായ ആശയങ്ങൾ മനസ്സിലാക്കുവാൻ പ്രയാസംവരും. വായിക്കുന്നഭാഗം ഗ്രഹിക്കുന്നതിനുവേണ്ട അനുഭവങ്ങളോ സൂചനകളോ അനുവാചകനു കാണുകയില്ല. ഭാഷാപരമായി കുട്ടിയുടെ പശ്ചാത്തല

മോശമായിരിക്കാം. പഠനവിഷയത്തിലൂടെ തുടരാനുള്ള സന്നദ്ധതയില്ലായ്മ, പദാവലിയുടെ അഭാവം, പ്രത്യേകതരം വിഷയങ്ങൾക്കുള്ള പദാവലിയുടെ കുറവു് എന്നിവയെല്ലാം വായനക്കു തടസ്സമുണ്ടാക്കും. ഓരോ വിഷയത്തിനും ഒരേ പദം ചിലപ്പോൾ ഭിന്നാർത്ഥം ആവഹിക്കുന്നുണ്ടായിരിക്കും. വായനക്കാരൻ ആ അർത്ഥങ്ങൾ അറിഞ്ഞുകൂടെങ്കിൽ അർത്ഥം ഗ്രഹിച്ചു വായിക്കാൻ പ്രയാസമാണു് എന്നതു് സസ്യമൂലം, വർഗ്ഗമൂലം എന്നിങ്ങനെ സസ്യശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും ശാസ്ത്രപാഠത്തിലും മൂലം എന്ന പദത്തിന്റെ പ്രയോഗം ഉദാഹരിക്കാമല്ലോ. വളരെയധികം ആശയങ്ങളും കഠിനങ്ങളായ ആശയങ്ങളും വായന തകരാറിലാക്കും.

ശ്രദ്ധക്കുറവു്, ആവശ്യബോധത്തിന്റെ അഭാവം, വൈകാരിക ഘടകങ്ങൾ എന്നിവയും ആശയഗ്രഹണം മോശമാകാൻ കാരണമാകുന്നു. സാധാരണീകരിക്കാനുള്ള കഴിവില്ലായ്മ സാമൂഹ്യപാഠത്തിൽ ഗ്രഹണത്തിനു ബാധകമായി ഭവിക്കാറുണ്ടു്. വാചയിതാവിനു തീരുമാനത്തിലെത്തുവാനുള്ള കഴിവു് ചിന്തയിൽവരുന്ന പിശകുകൾ കണ്ടുപിടിക്കാനുള്ള കഴിവു് എന്നിവ വായനയിൽ പ്രയോജനപ്പെടുന്നുണ്ടു്.

ലക്ഷ്യത്തിനും വായിക്കുന്ന ഭാഗത്തിനും അനുയോജ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തതും ഗ്രഹണത്തിൽ പിന്നോക്കമാകുന്നതിനുള്ള കാരണമായിത്തീരുന്നു. നോവൽ വായിക്കുന്നതിനു സ്വീകരിക്കുന്ന സമ്പ്രദായം ശാസ്ത്രഗ്രന്ഥത്തിനു പററുകയില്ലല്ലോ.

ആശയഗ്രഹണപരമായ നൈപുണ്യങ്ങൾ നേടുവാനുള്ള മാർഗ്ഗങ്ങൾ.

1. പദാവലികൂട്ടുക:

(a) പദാവലി വികസിപ്പിക്കുവാനുള്ള പാഠം ഒരു കൊല്ലംമുഴുവൻ നടത്തുക.

(b) സന്ദർഭമുപയോഗിച്ചു അർത്ഥം ഗ്രഹിപ്പിക്കുക.

(c) നിഘണ്ടു ഉപയോഗിക്കാൻ പരിചയിപ്പിക്കുക.

(d) പദങ്ങൾ പരിചയിപ്പിക്കാൻ പല രീതികൾ സ്വീകരിക്കുക. പല വിഷയങ്ങളുമായി ബന്ധപ്പെട്ട പദങ്ങൾ പഠിപ്പിക്കുക. ശൈലികൾ പരിചയിപ്പിക്കുക.

(e) ശൈലികളും വിപരീതപദങ്ങളും പഠിപ്പിക്കുക.

(f) പദം പിരിച്ചു കാണിക്കുക.

2. പ്രധാനാശയം കണ്ടെത്തുക:

a. പാഠഭാഗത്തിന്റെ പ്രധാനാശയം കണ്ടെത്തുക.

b. പ്രധാനാശയം സൂചിപ്പിക്കുന്ന പല വാക്യങ്ങൾ നല്കി പ്രധാനാശയവാക്യം മാത്രം കണ്ടുപിടിക്കുക.

c. സ്വന്തവാക്യത്തിൽ പ്രധാനാശയം പറയുക.

d. പ്രധാനാശയങ്ങൾക്കടിയിൽ വരയ്ക്കുക.

c. ഒരു കഥയിലെ കഥാപാത്രം സംഭവം കഥാഘടന എന്നിവ വിശദീകരിക്കുന്ന പദങ്ങൾക്ക് അടിയിൽ വരയ്ക്കുക.

3. പ്രത്യേക വിവരങ്ങൾ തിരഞ്ഞെടുക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

ഏതാനും ആശയങ്ങൾ നല്കിയിട്ട് താഴെപ്പറയുന്ന തരത്തിലുള്ള ചോദ്യങ്ങൾ നല്കി വിദ്യാർത്ഥികളോട് വിവരങ്ങൾ ആവശ്യപ്പെടാം.

a. പാഠഭാഗത്ത് ഈ വാക്യങ്ങൾ എവിടെ വരുന്നു?

b. ഏതെല്ലാം അംശങ്ങൾ പ്രധാനാശയത്തിനു ഉപോദ്ബലകമാവുന്നു?

c. ഖണ്ഡികയെ ആസ്പദമാക്കിയുള്ള ചോദ്യങ്ങൾക്കുത്തരം പറക.

d. ചില വാക്യങ്ങളിൽ വിട്ടിട്ടുള്ള പദങ്ങൾ വച്ചു പൂരിപ്പിക്കുക.

e. ആശയങ്ങളും വിശദാംശങ്ങളുമായി ബന്ധിപ്പിക്കുക.

4. സംഗ്രഹിക്കാനുള്ള കഴിവുണ്ടാക്കുക.

a. ചുരുക്കം നല്കുക.

b. പ്രധാനാംശങ്ങൾ ക്രമപ്പെടുത്തി എഴുതുക.

c. പല ഇനങ്ങളെ വർഗ്ഗീകരിക്കുക.

d. മുഖ്യവിഷയത്തെയും ഉപവിഷയങ്ങളെയും പൂരിപ്പിക്കുക.

e. അദ്ധ്യാപകൻ തെററായിട്ടു നല്കിയ രൂപരേഖയിൽ വന്ന പാകപ്പിഴ ചൂണ്ടിക്കാണിക്കുക.

f. പല വിഷയങ്ങളെപ്പററി കലത്തി നല്കിയിട്ടുള്ള ഖണ്ഡികകളിൽനിന്നു ഒരു വിഷയത്തെപ്പററിയുള്ള ഖണ്ഡികകൾ മാത്രം നല്കുക.

g. തലവാചകങ്ങൾ കുറിക്കുക.

h. പഠിച്ച വിഷയത്തെപ്പററി വിവരങ്ങൾ നല്കുന്ന ചാർട്ടുണ്ടാക്കുക.

i. ഒരു പുസ്തകം എങ്ങനെ സംവിധാനം ചെയ്തിരിക്കുന്നു എന്നറിയാൻ ഉള്ളടക്കം പഠിക്കുക.

5. നിഗമനങ്ങളിലെത്തുവാനുള്ള കഴിവുണ്ടാവുക.

a. പ്രഹേളിക രചിക്കുക. ഊഹിച്ചുത്തരം പറയുക.

b. തീരുമാനത്തിലെത്തുമ്പോൾ തീരുമാനങ്ങൾ വസ്തുതകളുമായി പൊരുത്തപ്പെടുന്നോ എന്നു നോക്കുക.

c. ഏതാനും പ്രസ്താവനകൾ നല്കി ഏതു പ്രസ്താവനയാണ് നിഗമനമെന്നു പറയിക്കുക.

d. നിഗമനത്തിനു അടിസ്ഥാനമായി കേട്ടതോ വായിച്ചതോ ആയ വസ്തുതകൾ നിരത്തുക.

6. പരിണതഫലം ഊഹനം ചെയ്യാനുള്ള കഴിവുണ്ടാക്കുക.

a. സന്ദർഭത്തിനൊത്ത ആശയം നല്കാൻ ചിത്രം നോക്കുക.

b. കഥയുടെ അന്ത്യം എങ്ങനെ ആയിരിക്കുമെന്നു പറയിക്കുക.

c. എന്തു സംഭവിക്കുമെന്നു ബഹുത്തരമാതൃകയിലുള്ള ചോദ്യങ്ങൾ നല്കി പറയിക്കുക.

d. കഥയിലോ ലേഖനത്തിലോ സംഭവിച്ചതുപോലെ നടക്കുവാനുള്ള കാരണം ചർച്ചചെയ്യുക.

e. കഥകളുടെ അവസാനഭാഗം രചിക്കുക.

7. വായിച്ചതു വിലയിരുത്തുവാനുള്ള കഴിവുണ്ടാക്കുക.

a. ഒരു കഥ വാസ്തവികമോ, അസംഭവ്യമോ എന്നു തീരുമാനിക്കുക. കാരണം പറയുക.

b. ലേഖകന്റെ ലക്ഷ്യം നിശ്ചയിക്കുക.

c എന്തെല്ലാം വസ്തുതകൾ സംഗതമെന്നും എന്തെല്ലാം അസംഗതമെന്നും തീരുമാനിക്കുക.

d. പല ഖണ്ഡികകളിൽ കടന്നു കൂടിട്ടുള്ള പ്രമേയങ്ങൾ ചൂണ്ടിക്കാട്ടുക.

e. ഗഹനമായ വസ്തുതകൾ വായിക്കുമ്പോൾ ഉദാഹരണം പറയുക.

f. കാര്യകാരണ ബന്ധം ശ്രദ്ധിക്കുക; ചില പ്രത്യേക സംഭവങ്ങൾ നടക്കാനുള്ള കാരണം അറിയുക.

g. വെറും വസ്തുതകൾ പറയുന്ന പ്രസ്താവനകൾ കണ്ടെടുത്തു വസ്തുതകൾ രേഖപ്പെടുത്തുക. ഏതാനും നിർദ്ദേശങ്ങൾ മുകളിൽ കൊടുത്തുകഴിഞ്ഞു. സ്ട്രാംഗ്, ഹാരിസ്, റോബിൻസൺ, ഗോബ്ബൻ, ഡെംബാർ, റസ്സൽ, ഗേററ്സ് എന്നിങ്ങനെ പലരും ഈ പ്രക്രിയ സംബന്ധിച്ച ലിസ്റ്റുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എസ്. ക്യു. ആർ. 3 സമ്പ്രദായം (S. Q. R. 3. method) എന്നൊരു മാർഗ്ഗവും പറയാറുണ്ട്.

a. പെട്ടെന്നു പാഠഭാഗം നിരീക്ഷിക്കുക survey)

b. വിഷയത്തിനു സംഗതമായ ചോദ്യങ്ങൾ ഉണ്ടാക്കട്ടെ. ആ ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിക്കണം. (Question)

c. ഭാഗം മുഴുവൻ നല്ലവണ്ണം വായിക്കുക. (Read)

d. കണ്ടുപിടിക്കാൻ ഉദ്ദേശിക്കുന്ന വസ്തുതകൾ കണ്ടുപിടിച്ചോ എന്നറിയാൻ ഒന്നുകൂടി വായിക്കുക. അതോടുകൂടി വായിച്ചു കിട്ടിയ അറിവ് ക്രമപ്പെടുത്തുകയും വേണം. (Review)

e. പ്രധാനാംശങ്ങൾ വായിക്കുക. (Recite)

ജന്തുക്കളെപ്പററിയുള്ള പാഠം.

വായിക്കുവാൻ ആവശ്യപ്പെട്ടാൽ ആദ്യം പാഠം ദ്രുതഗതിയിൽ മൗനമായി വായിക്കും. താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഉത്തരം കാണേണ്ടതായിട്ടുണ്ട്.

i. ഏതെല്ലാം ജന്തുക്കളെപ്പററിയാണ് പറയുന്നതു്?

ii. ഇവ എവിടെ കാണപ്പെടുന്നു?

iii. അവയുടെ ശീലങ്ങൾ എന്തു്?

iv. ആളുകൾ അവയെ എങ്ങനെ വളത്തുന്നു?

ഗ്രഹണപരമായി ഏതേതെല്ലാം നൈപുണ്യങ്ങൾ എപ്പോഴും അവതരിപ്പിക്കണമെന്നു കാണിക്കുന്ന ചാർട്ട് അടുത്തപുറത്തു കൊടുത്തിരിക്കുന്നു.

---

## നൈപുണ്യങ്ങൾ

(ഗ്രഹണത്തിലും വിമർശത്തിലും)

| | | സ്റ്റാൻഡേർഡ്. |
|---|---|---|
| ഒരു പ്രത്യേകവസ്തുത പഠിക്കുക | — | 1 |
| ഒരു കൂട്ടം സംഭവങ്ങളുടെയോ ആശയങ്ങളുടെയോ പൌർവാപര്യം പാലിക്കുക | — | |
| കഥയുടെ ഗതി | — | 1 |
| പ്രക്രിയയുടെ ഘട്ടങ്ങൾ | — | 3 |
| കാര്യകാരണബന്ധം | — | 6 |
| പ്രത്യേകവസ്തുതകൾ ഓർക്കുക | — | 1 |
| വായിച്ചതു ഓർക്കുക (അവതരിപ്പിച്ചിരിന്നതുപോലെ ഓർക്കുക | — | 1 |
| ചുരുക്കിപ്പറയുക; പ്രധാനാശയങ്ങൾ സംവിധാനം ചെയ്യുക | — | 8 |
| വസ്തുതകൾ ശേഖരിക്കുക, അടുക്കുക | | |

| | | |
|---|---|---|
| സംവിധാനം ചെയ്യുക | — | 5 |
| വായനാപുസ്തകത്തിലുള്ള നിർദ്ദേശം പിന്തുടരുക | — | 2 |
| വിമർശബുദ്ധിയോടുകൂടി വായിച്ചു വിലയിരുത്തുക | | |
| ഫലം മുൻകൂട്ടി കാണുക | — | 1 |
| വായിച്ച ഭാഗത്തിന്റെ പ്രത്യേകത | — | 1 |
| കഥാപാത്രങ്ങളുടെ വൈകാരിക പ്രതികരണങ്ങളും | | |
| ഉദ്ദേശ്യങ്ങളും | — | 1 |
| അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ച | | |
| ത്തിൽ ആശയങ്ങൾ പരിശോധിക്കുക | — | 1 |
| അനുമാനങ്ങളിലെത്തുക | — | 1 |
| വസ്തുതയും അഭിപ്രായവും തമ്മിലുള്ള | | |
| വ്യത്യാസം പറയുക | — | 1 |
| പ്രസ്താവനകളുടെ സ്ഥാനം പരിശോധിക്കുക | — | 4 |
| ബൃഹത്തായ നിഗമനങ്ങളിലെത്തുക | — | 5 |
| വായിച്ചു മുഖ്യാശയം കണ്ടുപിടിക്കുക | — | 5 |
| ഒരു ഭാഗത്തിന്റെ സാമാന്യാശയം കണ്ടെത്തുക | — | 1 |
| ഒരു ചെറുഭാഗത്തിന്റെ പ്രധാനാശയം കണ്ടെത്തുക | — | 2 |
| ഒരു ഖണ്ഡികയിലെ പ്രധാനാശയം കണ്ടെത്തുക | — | 4 |
| വായിച്ചു താരതമ്യം ചെയ്യുക. | | |
| ഒരു വിഷയത്തെപ്പററി പല കഥകൾ താരതമ്യം | | |
| ചെയ്യുക | — | 3 |
| വിവരണങ്ങൾ താരതമ്യം ചെയ്യുക | — | 5 |
| വായിച്ച ഭാഗത്തിന്റെ സംവിധാനം ശ്രദ്ധിക്കുക | — | |
| ചിന്താഘട്ടങ്ങൾ | — | 4 |
| ഖണ്ഡികയുടെ ഘടന | — | 5 |
| ലേഖനത്തിന്റെ രൂപരേഖ | — | 6 |

# 12

## മൂല്യനിർണ്ണയം

ഒരു വിഷയത്തിൽ വിദ്യാർത്ഥികൾ എങ്ങനെ പുരോഗമിക്കുന്നുവെന്നും അവരുടെ പോരായ്മകളും ആവശ്യങ്ങളും എന്തെന്നും അവരെ എങ്ങനെയാണ് കൂടുതൽ കൂടുതൽ സിദ്ധികൾ കൈവരിക്കാൻ സഹായിക്കേണ്ടതെന്നും അദ്ധ്യാപകൻ അറിയേണ്ടതാണ്. ഇതിനു മൂല്യനിർണ്ണയ സമ്പ്രദായങ്ങൾ നന്നായിരുന്നേ തീരൂ. ആ സമ്പ്രദായങ്ങൾ ഉപയോഗിച്ച് ബോധനവും പഠനവും കൂടുതൽ മെച്ചപ്പെടുത്താം.

വായനയിൽ ഓരോ കുട്ടി നേടിയിട്ടുള്ള നൈപുണ്യങ്ങളും കഴിവുകളും വിലയിരുത്തുവാൻ അദ്ധ്യാപകനു കഴിയണം. എന്നാൽ മാത്രമേ വായനാശീലം പരമാവധി വികസിപ്പിക്കുവാനും വായനയിലുള്ള പോരായ്മകൾ പരിഹരിക്കുവാനും സാധിക്കൂ.

വായനയിലുള്ള ശേഷി (പഠനശേഷി) വിലയിരുത്തുന്നതിനു പല അംശങ്ങളെപ്പററി പരിഗണിക്കേണ്ടതായുണ്ട്. പദപ്രത്യഭിജ്ഞാനം പദാപഗ്രഥന നൈപുണി, ബന്ധികാഗ്രഹണം, പദങ്ങളുടെയും അക്ഷരങ്ങളുടെയും ദൃശ്യപ്രേക്ഷണം. ശബ്ദങ്ങളുടെ ശ്രാവ്യവിവേചനം, പ്രധാനാശയങ്ങളും, വിശദാംശങ്ങളും ഗ്രഹിക്കുവാനുള്ള ശേഷി, വ്യാഖ്യാനശേഷി, അനുമാനശക്തി, അവധാരണത്തോടുകൂടി വായിക്കുവാനുള്ള ശേഷി, വായനയിലുള്ള വേഗം, ശ്രാവ്യവായനയിലുള്ള നൈപുണ്യം, പ്രമാണഗ്രന്ഥങ്ങൾ, (Reference books) നോക്കുവാനും വസ്തുതകൾ കണ്ടെത്തുവാനുമുള്ള കഴിവും എന്നിവയാണ് വായനയിൽ ശ്രദ്ധിക്കേണ്ടതു്.

മേൽ പറഞ്ഞവയിൽ ഏതെല്ലാം പരസ്പരം തിരിച്ചറിയണമെന്നും അവയിൽ ഏതെല്ലാം അദ്ധ്യാപകനു മൂല്യനിർണ്ണയം ചെയ്യാമെന്നും പറക പ്രയാസമാണ്. പ്രത്യേക സാങ്കേതികമാർഗ്ഗം (ഉദാ: Factor analysis) ഇതിലേക്കു ഉപയോഗിക്കാം. സാമാന്യമായി പറഞ്ഞാൽ കഴിവുകളെല്ലാം പരസ്പരം ബന്ധപ്പെട്ടവയത്രേ. അദ്ധ്യാപകനാണെ

ങ്കിൽ ഇവയിൽ ഓരോന്നും പ്രത്യേകം വിലയിരുത്തേണ്ട ആവശ്യമില്ല താഴെകൊടുത്തിട്ടുള്ള അംശങ്ങൾ വിലയിരുത്തുവാനാണ് അദ്ധ്യാപകൻ. ശ്രദ്ധിക്കേണ്ടതു്:

പദാവലീവികാസം, പദ പ്രത്യഭിജ്ഞാനം ആശയഗ്രഹണം ഗ്രഹണവേഗം, ശ്രാവ്യവായന, പാരായണശീലങ്ങൾ, പാരായണതാത്പര്യങ്ങൾ അഭിരുചികൾ.

വായനയിൽ ഉൾപ്പെടുന്ന പല അംശങ്ങൾ ഉള്ളതുകൊണ്ടു് അവയെല്ലാം വിലയിരുത്താൻ ഒരുപകരണമോ സമ്പ്രദായമോ ഇല്ല. മൂല്യ നിർണ്ണയത്തിനു പല ഉപകരണങ്ങളും സമ്പ്രദായങ്ങളുമുണ്ടു്. അവയിൽ ചിലതു് ചുവടേ ചേർക്കുന്നു.

1. സാമാന്യവത്കൃതശോധന (Standardised test)
2. അദ്ധ്യാപകനിർമ്മിതമായ ശോധന (Teacher-made test)
3. അദ്ധ്യാപകന്റെ നിരീക്ഷണം.(Teacher observation)
4. റിക്കാർഡു കാർഡുകൾ (Record cards)
5. വർക്കുബുക്കു് ടെസ്റ്റു് (Work book test)
6. താത്പര്യശോധകം. (Interest Inven tory)
7. പ്രശ്നാവലി (Questionnaire)

സാമാന്യവത്കൃതടെസ്റ്റു്: വിദ്യാർത്ഥികളുടെ പലതരത്തിലുള്ള കഴിവുകളെ വിലയിരുത്തുവാൻ ഈ ടെസ്റ്റുകൾ ഉപയോഗിച്ചുവരുന്നു. വിശ്വാസ്യത (Reliabieity) സാധുത (validity) വസ്തുനിഷ്ഠത object-ivity) വ്യാപ്തി (coverage) വിവേചനാക്ഷമത (Discriminating power) ഉപയോഗിത (usalility) എന്നിവയാണു് ഈ മാതിരി ടെസ്റ്റുകളുടെ പ്രത്യേകത. ഈ ടെസ്റ്റിനുള്ള നാം (norm) അഥവാ സാമാന്യാങ്കം നല്കിയിട്ടുള്ളതുകൊണ്ടു് വിദ്യാർത്ഥികളുടെ കൂട്ടങ്ങളേയോ വിദ്യാലയങ്ങളേയോ താരതമ്യപ്പെടുത്താൻ സാധിക്കുന്നു.

അഞ്ചാംതരത്തിലേയ്ക്കുള്ള ഒരു സിദ്ധിശോധക പരീക്ഷ (Achieve ment test ഏകദേശം 5000 വിദ്യാർത്ഥികൾക്കു കൊടുത്തു പരിശോധിപ്പിക്കുമ്പോൾ കുട്ടികൾക്കു കിട്ടിയ ശരാശരി മാർക്കു 24 എന്നു സങ്ക

ല്ലിക്കുക 24 ആണ് നോം അഥവാ സിമാന്യാങ്കം 24 മാർക്കിൽ കുറഞ്ഞു കുറഞ്ഞ കിട്ടിയവരെ സാധാരണ നിലവാരത്തിൽ കുറവെന്നും 24 മാർക്ക് കിട്ടിയവരെ ശരാശരി നിലവാരത്തിലുള്ളവരെന്നും 24-ൽ കൂടുതൽ കിട്ടിയവരെ ഉയർന്നനിലവാരത്തിലുള്ളവരെന്നും മനസ്സിലാക്കാം. സാമാന്യവത്കൃത ടെസ്റ്റുകൾ കുട്ടികളെയോ കുട്ടികളുടെ സമൂഹത്തെയോ പ്രത്യേകസ്ഥാനത്തുള്ള വിദ്യാർത്ഥികളെയോ താരതമ്യപ്പെടുത്താൻ സഹായിക്കുന്നു.

വായനയ്ക്കു രണ്ടുതരം ശോധനകൾ (Test) നിലവിലുണ്ട്.

a. Survey test (അന്വേഷണശോധകം)

b. Diagnostic test (നിദാനശോധകം)

അന്വേഷണശോധകം രണ്ടു വിധത്തിലുണ്ട്.

1. പദപരിശോധന കളത്തുന്നവ 2. ആശയഗ്രഹണം പരിശോധിക്കുന്നവ

പദാവലി.

നിർദ്ദേശം: താഴെ ഏതാനും ചോദ്യങ്ങളും അവയ്ക്കു നേരെ നാല് ഉത്തരങ്ങളും കൊടുത്തിട്ടുണ്ട്. ശരിയായ ഉത്തരത്തിനു അടിയിൽ വരയ്ക്കുക.

1. ഏതു മൃഗം പാൽതരുന്നു? കുരങ്ങ്, പശു, കുതിര, കുറുനരി

2. താഴെകൊടുന്നിട്ടുള്ളവയിൽ വൃക്ഷമേത്? മെഴുക്, വരക്, കടുക്, കമുക്.

3. കാറ്റിന്റെ മറ്റൊരു പേരെന്ത്? വാതം, ശീതം, ശതം, വാനി,

ആശയഗ്രഹണം.

ചുവടെ കൊടുത്തിട്ടുള്ള കഥ വായിച്ചശേഷം അതിനു ചുവടെ കൊടുത്തിരിക്കുന്ന ഏതുവാക്യം കഥയിൽ കൊടുത്തിട്ടുള്ള വാക്യം എന്നു പറയുക. ആ വാക്യത്തിനെതിരെ '√' ഇടുക.

കഥ: രവി ഉത്സവം കാണാൻപോയി. അമ്മ അവനു പൈസ കൊടുത്തു. രവി രമയ്ക്കു അപ്പം വാങ്ങിക്കൊണ്ടുവന്നു. രമ അപ്പം കിട്ടിയപ്പോൾ സന്തോഷിച്ചു. രണ്ടുപേരും പൂന്തോട്ടത്തിൽപോയി പൂ പറിച്ചു. രമ പ്രതിമയിൽ മാലയിട്ടു. അമ്മ പൈതങ്ങളെ ഇഷ്ടപ്പെട്ടു.

രമ ഉത്സവസ്ഥലത്തുനിന്നും അപ്പം കൊണ്ടുവന്നു.

രവിയും രമയും പൂന്തോട്ടത്തിൽ പോയി.

അമ്മ പൂ പറിച്ചു.

രമ പ്രതിമയിൽ മാലയിട്ടു.

രണ്ടുപേരും പൂ പറിച്ചു

രവി അപ്പംകിട്ടിയപ്പോൾ സന്തോഷിച്ചു

നിദാനപരീക്ഷ (Diagnosti c test)

ഒരു കുട്ടിക്കു വായനയിൽ വരാവുന്ന പിശകുകളും വൈഷമ്യങ്ങളും കണ്ടുപിടിക്കുന്നതിനുള്ള ശോധകമാണ് നിദാനപരീക്ഷകൾ. അവവഴി കുട്ടി വരുത്തുന്ന തെറ്റുകൾക്കു പരിഹാരം കണ്ടെത്തുവാൻ അദ്ധ്യാപകനു സാധിക്കുന്നു.

ആശയഗ്രഹണം, പദപ്രത്യഭിജ്ഞാനം, എന്നിവ വിശകലനം ചെയ്യാൻ ഉതകുന്നതാണ് ചില പരീക്ഷകൾ, പദസാത്മ്യഗ്രഹണത്തിനുള്ളകഴിവു മനസ്സിലാക്കാൻ സഹായിക്കുന്നവയാണ് മറ്റുചില പരീക്ഷകൾ ദൃശ്യസ്മൃതി, ശ്രാവ്യസ്മൃതി, ശ്രാവ്യവിവേചനാക്ഷമത, ചലനവേഗം. പദസാധിനത എന്നിവ വിലയിരുത്തുവാനുള്ള Diagnostic Reading aptitude test കളുമുണ്ട്. വായനയ്ക്കുള്ള മററുനിദാന പരീക്ഷകളും ഉണ്ട്.

മാതൃകാപാഠാവലി:

നിർദ്ദേശങ്ങൾ: ചുവട്ടിൽ പൂർത്തിയാക്കേണ്ടുന്ന വാക്യങ്ങൾ നൽകുന്നു. അതിനപ്പുറത്തായി കള്ളികളിലായി 4 പദം കൊടുത്തിട്ടുണ്ട്. ശരിയായ പദം വായിച്ചാൽ വാക്യം പൂർത്തിയാകും. വാക്യത്തിന്റെ അവസാനം ശരിയായ പദവും ചേർത്തു ഉച്ചത്തിൽ വായിക്കുക.

1. അന്ത്യത്തിന്റെ അർത്ഥം: അവസാനം/അററം/മദ്ധ്യം/അടുത്ത്
2. ബലവാന്റെ അർത്ഥം: ധീരൻ/മിടുക്കൻ ശക്തൻ/കൃശൻ.

ശ്രവ്യവായന;

നിർദ്ദേശം: താഴെക്കൊടുത്തിട്ടുള്ളകഥ വായിക്കുക.

മരക്കൊമ്പിൽ ഊഞ്ഞാൽ ഉണ്ട്.

റാണി ഊഞ്ഞാൽ ആടുന്നു.

ഊഞ്ഞാൽ പൊട്ടിപ്പോയി.

റാണി താഴെവീണു. റാണിക്കു വേദനയെടുത്തു

രാമൻ റാണിയെ പൊക്കിയെടുത്തു.

കുട്ടി വായിക്കുമ്പോൾ അദ്ധ്യാപകൻ ചുവടെ ചേർക്കുന്നതരത്തിലുള്ള തെററുകൾ രേഖപ്പെടുത്തുന്നു.

1. സന്ദേഹം (Hesitation)

ഉദാ: ഊഞ്ഞാൽ വായിക്കാൻ 20 സെക്കൻഡ് എടുക്കുന്നു.

2. അപോച്ചാരണം (Mispronounciation)

ഉദാ: വേദനയെ വേതന എന്നു വായിക്കുന്നു.

3. വർജ്ജനം (Omisssion)

ഉദാ: ഊഞ്ഞാൽ ട്ടിപ്പോയി.

4. ഉപകല്പനം (Substitution)

ഉദാ: മരക്കൊമ്പിനെ കാളക്കൊമ്പിനെ എന്നു വായിക്കുന്നു

5. നിവേശനം (Insertion)

ഉദാ: മരക്കൊമ്പിൽ ഒരു ഊഞ്ഞാൽ ഉണ്ട്.

6. ആവർത്തനം (Repetition)

ഉദാ: ഊഞ്ഞാൽ ഊഞ്ഞാൽ പൊട്ടിപ്പോയി

മേൽക്കുറിച്ചതുകളിലുള്ള തെററുകൾ പരിഹരിക്കാൻ അദ്ധ്യാപകൻ പരിഹാരബോധനം നടത്തണം.

വായനയ്ക്കുള്ള സാമാന്യവത്കൃതശോധകം ഉണ്ടാക്കാൻ പ്രയാസമുണ്ട്. ഇത്തരം ശോധകങ്ങൾ ഉണ്ടാക്കാൻ പണച്ചെലവും വിദഗ്ദ്ധന്മാരുടെ സേവനവും വളരെ ആവശ്യമുണ്ട്.

അദ്ധ്യാപകന്റെ ശോധകങ്ങൾ:

ഓരോ ക്ലാസ്സിലും നടത്തുന്നപാഠത്തിന്റെ ഉദ്ദേശ്യങ്ങളെയും സ്പഷ്ടീകരണങ്ങളെയും അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

അതിൽ ലഘൂത്തരമാതൃകകളിലും വസ്തുനിഷ്ഠമാതൃകകളിലും ഉള്ള ചോദ്യങ്ങൾ കാണും. സാമാന്യവത്കൃതശോധകങ്ങൾ ജില്ലയിലെയോ, രാജ്യത്തിലെയോ, ഭൂഖണ്ഡത്തിലെയോ, വിദ്യാർത്ഥികളുടെ വായനാശേഷി മനസ്സിലാകുന്നതിനുള്ള ടെസ്റ്റുകളാണ്. അദ്ധ്യാപകൻ സ്വയം ഉണ്ടാക്കുന്ന ടെസ്റ്റുകൾ അയാളുടെകഴിവു വർദ്ധിപ്പിക്കുന്നതിനു പുറമേ ടെസ്റ്റിന്റെ എല്ലാവശങ്ങളും പഠിക്കുന്നതിനും ഉതകും. ഇതിനു സാമാന്യ വത്കൃത ശോധകങ്ങളെക്കാൾ പണച്ചെലവും കുറവാണ്. അദ്ധ്യാപകൻ ഉദ്ദേശങ്ങൾക്കൊത്തു സ്വയം ശോധകങ്ങളുണ്ടാക്കി കുട്ടികളിൽ കൂടെക്കൂടെ പ്രയോഗിച്ച് വിലയിരുത്തേണ്ടതാണ്.

അദ്ധ്യാപകന്റെ നിരീക്ഷണം:–കുട്ടികളുടെ വായനയുടെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന ശേഷി മനസ്സിലാക്കുവാൻ അദ്ധ്യാപകന്റെ നിരീക്ഷണം സഹായിക്കും. ചുവടേപറയുന്ന തരത്തിലുള്ളനിരീക്ഷണങ്ങളാണ്

പ്രധാനം.

വിദ്യാർത്ഥി തിരഞ്ഞെടുത്തു വായിക്കുന്ന പുസ്തകങ്ങളും ഗ്രന്ഥശാലയിൽ അയാൾ വായിക്കാൻ ശ്രദ്ധിക്കുന്ന ഗ്രന്ഥങ്ങളും നോക്കി അയാളുടെ താത്പര്യവും അഭിഭാവവും ഗ്രഹിക്കാം.

കുട്ടിയുടെ പദശേഷി വികസിക്കുന്നതും ഓരോ പദത്തിന്റെയും പിന്നിലുള്ള ആശയം ഗ്രഹിച്ചിട്ടുണ്ടോ എന്നുള്ളതും അറിയാൻ കഴിയുന്നു.

കുട്ടിയുടെ വാചിക പ്രകടനവും അപ്പോഴുള്ള വൈകാരിക വർത്തനവും ഗ്രഹണശേഷിയും കണ്ടറിയുന്നു.

ആവശ്യമുള്ള പ്രവർത്തനങ്ങൾക്കും മററുമായി വേണ്ടുന്ന വിവരങ്ങൾ കണ്ടെത്താനുള്ള കഴിവ് മനസ്സിലാക്കുന്നു.

നിരീക്ഷണം മൂല്യനിർണ്ണയത്തിൽ സുകരമായ ഒരു പദ്ധതിയാണ്. അതിനെ കഴിവുള്ളിടത്തോളം വസ്തുനിഷ്ഠമാക്കാവുന്നതേ ഉള്ളൂ. അദ്ധ്യാപകൻ നിരീക്ഷണം ചെയ്യുന്നതും അതു കുറിച്ചു വയ്ക്കുന്നതും നിഷ്പക്ഷമതിയോടുകൂടിയല്ലെങ്കിൽ ഈ രീതി ഗുണത്തെക്കാൾ ദോഷം ചെയ്യും.

റിക്കാർട്ട കാർഡ്. ഓരോ കുട്ടിയെപ്പററിയും എല്ലാ കാര്യങ്ങളും മനസ്സിൽ കുറിച്ചുവെക്കാൻ പ്രയാസമാണല്ലോ. കുട്ടിയുടെ വിവരങ്ങൾ ശേഖരിക്കുന്നതിന്ന അനിക്ഡോട്ടൽ റിക്കാർഡ് (Anecdotal Record) കുമുലേററിവ് റിക്കാർഡ് (സഞ്ചിതരേഖ) Cumulative record എന്നു രണ്ടുതരം റിക്കാർട്ടുകൾ സൂക്ഷിക്കണം.

കുട്ടിയുടെ ജീവിതത്തിലെ ചില പ്രത്യേക വഴിത്തിരിവുകളും പ്രവത്തനവിശദതികളും മനസ്സിലാകുന്നതിന്ന അനെക്ഡോട്ടൽ റിക്കാർഡ് ഉപകരിക്കും. രേഖ വസ്തുനിഷ്ഠമായ വിവരങ്ങൾ ഉൾക്കൊള്ളണം. ഉദാഹരണമായി ഈ വാക്യങ്ങൾ നോക്കുക. "ശശി ചിത്ര കഥാപുസ്തകങ്ങൾ ശേഖരിക്കുന്നു. ചിത്രകഥകൾ വായിച്ചു തുടങ്ങിയിട്ടുണ്ട്."

കുമുലേററിവ് റിക്കാർഡുകാർഡിൽ ഒരു കുട്ടിയെ സംബന്ധിച്ച ആവശ്യമായ വിവരങ്ങൾ ചിട്ടപ്പെടുത്തി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ വിദ്യാർത്ഥിയുടെ സാമൂഹികവും സാമ്പത്തികവുമായ ചുററുപാട്, താൽപര്യങ്ങൾ, വിശ്രമവൃത്തികൾ, പല വിഷയങ്ങളിലുമുള്ള പുരോഗതി, അഭിരുചികൾ, കായികാരോഗ്യം, വ്യക്തിവൈശിഷ്ട്യങ്ങൾ എന്നിവ അറിഞ്ഞു രേഖപ്പെടുത്തിയിരിക്കും. ഇക്കാര്യങ്ങളെല്ലാം അറിഞ്ഞു വായനയിൽ കുട്ടിക്കുള്ള ശേഷിയും നൈപുണ്യവും വികസിപ്പിക്കുവാൻ സാധ്യമാണ്.

പഠനശേഷി കണ്ടറിഞ്ഞു സമുചിതമായ പഠന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഈ സഞ്ചിതരേഖ വളരെ ഉപകരിക്കും.

വക്കബുക്കസമ്പ്രദായം. ഇതും അദ്ധ്യാപകാദ്ധ്യേതാക്കൾക്കു ഒരുപോലെ ഉപകാരപ്രദമായ മൂല്യനിർണ്ണയോപകരണമാണ്. വായനയുടെ വശങ്ങളെ വിലയിരുത്താനുള്ള ചോദ്യങ്ങൾ വക്കബുക്കിൽ കാണും. അവ പരിശോധിച്ച് തെററുകൾ കണ്ടുപിടിച്ചു കുട്ടിക്കുള്ള വൈകല്യങ്ങൾ കണ്ടറിഞ്ഞു തദനുസരണം കുട്ടിക്കു പരിഹാരബോധനം നൽകുന്നു.

താൽപര്യശോധകം: വിദ്യാർത്ഥിയുടെ താൽപര്യങ്ങൾ ആണു വായനയിലുള്ള പുരോഗതിക്കു കാരണം, അതിലേക്കു പല താൽപര്യശോധകങ്ങൾ ഉപയോഗിക്കാറുണ്ട്. ജോടിയായിട്ടു രണ്ടു തരം പ്രവത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നതു നോക്കുക. അതിൽ കൂടുതൽ ഇഷ്ടപ്പെട്ടന്നതിനു നേരെ നിങ്ങൾ 'X' അടയാളപ്പെടുത്തുക.

| | |
|---|---|
| 1. കളി | 1. കഥകേൾക്കാൻ |
| 2. വായന | 2. പത്രവായന |
| 1. റേഡിയോശ്രവണം | 1. വായന |
| 2. കഥാശ്രവണം | 2. സിനിമകാണൽ |

പ്രശ്നാവലി: പ്രശ്നാവലിക്കു പല പ്രയോജനങ്ങളുണ്ടു്. വായനയിലുള്ള താത്പര്യവും അഭിരുചിയും ശീലവും വായനസംബന്ധിച്ചു് കുട്ടികളുടെ വൈഷമ്യങ്ങളും മനസ്സിലാക്കുവാൻ ഇതു് ഉപകരിക്കുന്നു.

ചില ഉദാഹരണങ്ങൾ നോക്കുക:

1. താഴെകൊടുത്തിട്ടുള്ളതിൽ നിങ്ങൾ ഏററവും ഇഷ്ടപ്പെടുന്നതിന്റെ ബ്രാക്കററിൽ X അടയാളമിടുക.

| | |
|---|---|
| എ നോവൽവായന | ( ) |
| ബി പത്രവായന | ( ) |
| സി വിജ്ഞാനശലകങ്ങൾവായിക്കൽ | ( ) |
| ഡി സാമൂഹികകഥവായിക്കുക. | ( ) |
| ഇ. നാടകംവായിക്കുക. | ( ) |

2. നിങ്ങൾക്കേററവും ഇഷ്ടപ്പെട്ട പുസ്തകങ്ങളുടെ പേരെഴുതുക. അവ നിങ്ങൾ ഏററവും ഇഷ്ടപ്പെടുവാനുള്ള കാരണമെന്തു്?

3. നിങ്ങളുടെ ദിനചര്യയെ ആസ്പദമാക്കി ഒരു ലേഖനമെഴുതുക. നിങ്ങൾ ദിവസം എത്ര മണിക്കൂർ പഠിക്കുന്നുവെന്നും അതിൽ എഴുതുക.

കുട്ടിയുടെ വായനാശേഷി ഒററ ഉപകരണംകൊണ്ടു വിലയിരുത്താൻ പ്രയാസമാണു്. പല ഉപകരണങ്ങൾ ഉണ്ടാക്കി വിദ്യാർത്ഥിക്കു വായനയിലുള്ള ശേഷി വിലയിരുത്താൻ ശ്രമിക്കുന്നതു ഉത്തമമായിരിക്കും.

694

3159

694